# NERVEEDHI

Volume -11, Issue - 11, 10th November 2022, Monthly, Price ₹ 25, Published at Kottayam
വാല്യം–11, ലക്കം–11, നവംബർ 2022 – പ്രതിമാസം – വില ₹ 25 – പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## മരണത്തിനും തടയാനാവാത്ത അമൂല്യനിധി!

പേജ് 21

Editorial

# മാന്ദ്യതയ്ക്ക് പരിഹാരം ഉണ്ടാകണം

ആത്മിക മാന്ദ്യം സഭയെ ബാധിച്ചിരിക്കുന്നു. സഭകളിൽ സന്നിഹിതരായിരിക്കുന്നവർ പോലും ദൈവവചനം വ്യക്തിപരമായി ധ്യാനിക്കുകയും പഠിക്കുകയും ചെയ്യുന്നതിൽ ഉത്സാഹികളല്ല. അതാവശ്യം എന്ന് അവർക്കറിയാം, എങ്കിലും അവരുടെ പ്രാഥമിക ചിന്തയിൽ വചനധ്യാനത്തിന് സ്ഥാനം നൽകുന്നില്ല. വ്യക്തിപരമായി വചനധ്യാനവും പഠനവും കുറയുമ്പോൾ, ഇഷ്ടപ്രസംഗകർ പറയുന്നതെല്ലാം ശരി എന്ന ചിന്തയിൽ വചനത്തിന്റെ ശരിയായ പാതയിൽ നിന്ന് വ്യതിചലിക്കുന്നതിനുള്ള സാധ്യത ഏറെയാണ്. സത്യവചനം യഥാർത്ഥമായി പഠിപ്പിക്കുന്നവരെ നാം തിരിച്ചറിയുകയും അവരിൽ നിന്നും പഠിക്കുവാൻ ഉത്സാഹിക്കുകയും വേണം. എങ്കിലും അവർ പറയുന്നതും വചനാനുസരണം തന്നെയോ എന്നു വചനത്തിൽ നിന്ന് ശോധന ചെയ്യുവാൻ നാം ഉത്സാഹിക്കണം.

വായനാശീലം പൊതുവേ കുറയുന്നു എന്നത് ശരിയാണ്. വേദപുസ്തകം നമ്മുടെ കയ്യിൽ ഉണ്ടെങ്കിൽപ്പോലും കൃത്യതയോടെ വചനധ്യാനം ചെയ്യുന്നവർ വിരളമായിക്കൊണ്ടിരിക്കുന്നു എന്നത് ഒരു ദു:ഖസത്യമാണ്. ഈ കാര്യത്തിൽ നമുക്കൊരു തിരുത്തലാവശ്യമാണ്. വചനത്തോട് കാട്ടുന്ന ഈ മാന്ദ്യമനോഭാവം നമ്മുടെ ആത്മീയ പരാജയമാണ്.

മീറ്റിങ്ങിന് വരുമ്പോൾ കൊണ്ടു വരുന്ന ഒരു കാഴ്ചവസ്തുവായി ബൈബിൾ പരിമിതപ്പെടരുത്. വചനശുശ്രൂഷ നടക്കുമ്പോൾ പ്രസംഗകർ പറയുന്ന വാക്യം പോലും പലരും ബൈബിൾ തുറന്നു വായിക്കുവാൻ താല്പ്പര്യപ്പെടാറില്ല. വചനം കേൾക്കുവാനും പഠിക്കുവാനും ബോധ്യപ്പെടുവാനും പലർക്കും മനസ്സില്ല എന്നതല്ലേ ശരി? ഈ മാന്ദ്യത അപകടകരമാണ്. എബ്രായക്രിസ്ത്യാനികൾക്ക് നേരിട്ട മാന്ദ്യത അവരെ ആത്മിക വളർച്ചയിൽ പിന്നിലാക്കിക്കളഞ്ഞു. കാലം നോക്കിയാൽ മറ്റുള്ളവരെ പഠിപ്പിക്കേണ്ടവർ ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളർച്ചയില്ലാത്തവരായി എന്ന് ദു:ഖത്തോടെ എബ്രായ ലേഖകൻ പറയുന്നു (എബ്രായർ 5: 11,12).

ഈ ലക്കത്തിലെ സന്ദേശം ഇക്കാര്യം തന്നെയാണ് പ്രതിപാദിക്കുന്നത്. ദൈവമക്കൾ എല്ലാവരും പഠിക്കുവാൻ മനസ്സുള്ളവരായി മാറണം. ദൈവവചന ഉപദേശങ്ങളെ മായം ചേർക്കാതെ പങ്കിട്ടു കൊടുക്കുക എന്നതാണ് 'നേർവീഥി' മാസികയുടെ പ്രസിദ്ധീകരണ ഉദ്ദേശ്യം. വചനപഠനത്തിന് ഇതിലെ ഓരോ ലേഖനവും നിങ്ങൾക്ക് ഉപകാരപ്രദമായിരിക്കും നിശ്ചയം.

ഓരോ ലേഖനവും പഠനബുദ്ധിയോടെ അപഗ്രഥിച്ചു സൂക്ഷ്മമായി പലതവണ വായിക്കുകയും നോട്ടുകൾ തയ്യാറാക്കുകയും ചെയ്താൽ മറ്റുള്ളവരെ പഠിപ്പിക്കത്തക്കവണ്ണം നാം പ്രാപ്തരാകും. അത് നമുക്കും മറ്റുള്ളവർക്കും ആത്മിക വർധനയ്ക്ക് ഉതകുകയും ചെയ്യും.

പുസ്തകം 11 ലക്കം 11
നവംബർ 2022

# ഈ ലക്കത്തിൽ

**പഠിക്കുവാനുള്ള മനസ്സ്** **4**
ജോയ് എം. തോമസ്

**ദൈവത്തിന്റെ സ്നേഹപ്പരീക്ഷ** **6**
സാജു മാത്യു

**ദൈവത്തിന്റെ വിശ്വസ്തത** **9**
ചെയ്സ് ജോസഫ്

**ആത്മീയന് ഭൂഷണമാകാത്ത അത്യാഗ്രഹം** **11**
ജോർജ് മാത്യു, പുതുപ്പള്ളി

**പാപക്ഷമ പ്രാപിക്കുവാൻ തയ്യാറാണോ?** **13**
ബില്ലിഗ്രഹാം

**കൗൺസലിംഗ് വീഥി** **16**
അനു ഗ്രേസ് ചാക്കോ

**ജാതീയ സ്വഭാവങ്ങൾ...** **19**
രാജു അത്താണിക്കൽ

**മരണത്തിനും തടയാനാവാത്ത അമൂല്യനിധി!** **21**
അനി ചാക്കോ

**വനിതാ വീഥി** **23**
എൽസി ജോയ്

**ഹെർമൻ ഗുണ്ടർട്ട് മഹാനായ മലയാളി** **25**
ബെഞ്ചമിൻ വർഗീസ്

**വേദ അധ്യയനം** **27**
ജോയ് എം. തോമസ്

**വാർത്താ വീഥി** **30**

**ധന്യമായ വിവാഹ ജീവിതം!** **31**
എംസി

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos



ജോയ് എം. തോമസ്

# പഠിക്കുവാനുള്ള മനസ്സ്

**പ**ഠിച്ചു കൊണ്ടിരിക്കുന്നവർക്കു മാത്രമേ പഠിപ്പിക്കുവാൻ കഴിയൂ! പഠിക്കുവാൻ മനസ്സുള്ളവർക്കു മാത്രമേ പഠിപ്പിക്കുവാനും കഴിയുകയുള്ളൂ എന്നത് ഒരു യാഥാർത്ഥ്യമാണ്. ചുരുക്കത്തിൽ പഠിക്കുവാനുള്ള മനസ്സ് നമുക്ക് ഏവർക്കും ഏറ്റവും അനിവാര്യമായ ഒന്നാണ്. അപ്പോസ്തലനായ പൗലോസ് വിശ്വാസത്തിൽ നിജപുത്രനായ തിമോഥെയൊസിനു നൽകുന്ന ഒരു മർമ്മപ്രധാനമായ ഉപദേശം ഇപ്രകാരമാണ്. *'നീയോ, ഇന്നവരോട് പഠിച്ചു എന്ന് ഓർക്കുകയും ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ നിന്നെ രക്ഷയ്ക്ക് ജ്ഞാനി ആക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറിയുകയും ചെയ്യുന്നതുകൊണ്ട് നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്കുക' (2 തിമോഥെയോസ് 3:14,15).*

ആത്മീയവിഷയങ്ങളിൽ സമ്പന്നരാകണം എന്നത് നമ്മെക്കുറിച്ചുള്ള ദൈവഹിതം ആണ്. ആത്മീയവിഷയങ്ങളിൽ സമ്പന്നരാകുന്നവർക്ക് മാത്രമേ നിത്യതയിൽ ദൈവരാജ്യത്തിലവകാശം ഉണ്ടായിരിക്കുകയുള്ളൂ. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള നല്ല നിശ്ചയം അവർക്ക് ഉണ്ടായിരിക്കുകയും ചെയ്യും. തിമോഥെയോസ് ബാല്യം മുതൽ ഒരു പഠിതാവായിരുന്നു. തിരുവെഴുത്തുകളെ മനസ്സിലാക്കുന്നതിലദ്ദേഹം ഉത്സാഹി ആയിരുന്നു. ഈ ഗുണം നാമും നമ്മിലേക്ക് പകർത്തണം. പ്രത്യേകാൽ ദൈവവചനം ശുശ്രൂഷിക്കുന്ന എല്ലാ പ്രിയപ്പെട്ടവരും ദൈവവചനം പഠിച്ചു കൊണ്ടിരിക്കുകയും, അതിന്റെ ശരിയായ അർത്ഥം ഗ്രഹിച്ച് ഉൾക്കൊള്ളുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ദൈവവചനം യഥാർത്ഥമായി പഠിപ്പിക്കുന്നതിൽ പല സഭാശുശ്രൂഷകന്മാരും പരാജയപ്പെടുന്നതാണ് സഭകൾ ആത്മീയ മന്ദതയിലാകുവാൻ കാരണം. ദൈവവചനം ശരിയായി പഠിപ്പിച്ചാൽ ഓരോരുത്തരുടെയും ജീവിതത്തിൽ ദൈവഹിതപ്രകാരമുള്ള മാറ്റങ്ങൾ സംഭവിക്കുകയും, ദൈവസ്നേഹത്തിന്റെ നിറവിൽ ജീവിക്കുവാൻ സാധിക്കുകയും ചെയ്യും. യഥാർത്ഥ ഉണർവ്വ് ദൈവസ്നേഹത്താൽ നിറയുന്നതും, ക്രിസ്തുവിനെ മറ്റുള്ളവരിലേക്ക് എത്തിക്കുവാൻ നാം കർമ്മനിരതരാകുന്നതും ആണ്.

പഠിക്കുവാനുള്ള മനസ്സ് നഷ്ടപ്പെട്ട്, ദൈവവചനത്തോടുള്ള മനോഭാവത്തിൽ ഹൃദയം കഠിനപ്പെടുന്നത് മാരകമായ വിപത്താണ്. ഈ പിന്മാറ്റത്തിൽ നിന്നും നമ്മുടെ സഹോദരങ്ങൾ മടങ്ങിവന്ന് ആത്മാവിൽ ദരിദ്രരായി ദൈവത്തോട് അടുക്കുവാൻ ആത്മഭാരത്തോടെ പ്രാർത്ഥിക്കുകയും, അതിനായി അവരെ ബോധവൽക്കരിക്കുകയും ചെയ്യേണ്ടത് അത്യാവശ്യം ആയിരിക്കുന്നു. 'ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷയ്ക്ക് ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ' എന്നാണ് ദൈവവചനത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ രക്ഷ പ്രാപിക്കുന്നതിന് നമ്മെ ഓരോരുത്തരെയും ജ്ഞാനിയാക്കുന്നത് ദൈവവചനമാണ്. അതിന്റെ പഠനം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്.

നീ ആരിൽ നിന്ന് പഠിച്ചു എന്നോർക്കുവാൻ പൗലോസ് തിമോഥെയോസിനെ ഉപദേശിക്കുന്നു. പ്രധാനമായും തിമോഥെയോസ് പഠിച്ചത് പൗലോസിൽ നിന്നാണ്. മായം ചേർക്കാതെ, ഉപായങ്ങൾ പ്രയോഗിക്കാതെ, സത്യവചനത്തെ യഥാർത്ഥ അർത്ഥത്തിൽ പറഞ്ഞുകൊടുത്തു പഠിപ്പിച്ചതിൽ പ്രധാനിയായിരുന്നു അപ്പോസ്തലനായ പൗലോസ്. മാത്രവുമല്ല ഏറ്റവും ഉദാത്തമായ മാതൃകയുമായിരുന്നു പൗലോസിന്റെ ജീവിതം! അത് ഓർമ്മയിൽ സൂക്ഷിച്ചാൽ, ആ മാതൃക പിൻപറ്റു

വാൻ തിമോഥെയോസ് ഉത്സാഹിക്കും.

പുതിയനിയമ ലേഖന കർത്താക്കളിൽ പ്രമുഖൻ പൗലോസ് ആണല്ലോ. നമുക്കും ഇന്ന് അധികം പഠിക്കുവാനുള്ളത് ലേഖനങ്ങളിൽ നിന്നാണ്. വിശുദ്ധ വേദപുസ്തകത്തിലെ എല്ലാ പുസ്തകങ്ങൾക്കും അതതിന്റേതായ പ്രാധാന്യത ഉണ്ട്. എന്നാൽ പുതിയനിയമ വിശ്വാസികളായ നമുക്ക് പുതിയനിയമം ഏറ്റവും പ്രധാനപ്പെട്ടതാണ്. നമ്മുടെ കർത്താവ് പഠിപ്പിച്ചതും അപ്പോസ്തലന്മാർ നമുക്ക് ഉപദേശിച്ചു തന്നതുമായ സത്യങ്ങളിലാണ് നമ്മുടെ വിശ്വാസം ഉറപ്പിക്കേണ്ടതും ജീവിതം പണിയപ്പെടേണ്ടതും. അതുകൊണ്ട് നാം ഓരോരുത്തരും തിരുവചനത്തിന്റെ പഠിതാക്കളായിരിക്കണം.

ബൈബിൾ ധ്യാനിക്കുകയും വചനത്തിന്റെ അർത്ഥം ഗ്രഹിക്കുന്നതിന് ഉത്സാഹിക്കുകയും അതിനു സമയം കണ്ടെത്തുകയും ചെയ്യുക എന്നത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. തിരക്കുകൾക്കിടയിൽ വചനധ്യാനം അന്യപ്പെട്ടു പോകരുത്. സ്വയം ദൈവവചനം പഠിക്കുന്നതിന് ഉത്സാഹിച്ചാൽ മാത്രമേ വചനത്തിന്റെ യഥാർത്ഥ അർത്ഥം ഉൾക്കൊണ്ടുകൊണ്ട് ജീവിക്കുവാൻ നമുക്ക് കഴിയുകയുള്ളൂ.

വചനത്തിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കേണ്ടതിന്റെ പ്രാധാന്യത എന്താണ്? വചനമാണ് നമ്മുടെ കാലിന് ദീപവും പാതയ്ക്ക് പ്രകാശവുമായിത്തീരുന്നത്. ദൈവവചനത്തിന്റെ അർത്ഥം നാം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോഴാണ് അത് നമ്മുടെ ഉള്ളിൽ പ്രകാശിക്കുകയും, നടക്കേണ്ടുന്ന പാത നമുക്ക് മനസ്സിലാക്കിത്തരികയും ചെയ്യുന്നത്. അതായത് ജീവിതത്തിന്റെ എല്ലാ മേഖലകളിലും ദൈവഹിതം തിരിച്ചറിഞ്ഞ് ജീവിക്കുവാൻ നാം പ്രാപ്തരാകുന്നത് ദൈവവചനം ഗ്രഹിക്കുന്നതിൽക്കൂടിയാണ്.

ഭൗതികമായ കാര്യങ്ങൾ ഭംഗിയായി നടക്കണം എന്നതിനേക്കാളുപരി പലരും ജീവിതത്തെക്കുറിച്ച് മറ്റൊന്നും ചിന്തിക്കുന്നില്ല. കാര്യങ്ങൾ ഭംഗിയായി നടക്കുന്നതിന് ദൈവത്തിന്റെ സഹായം ലഭിക്കുക എന്നതാണ് ദൈവവിശ്വാസികൾ പോലും ആഗ്രഹിക്കുന്നത്. അതിനുവേണ്ടി പ്രാർത്ഥിക്കുകയും ആരാധിക്കുകയും ചെയ്യുന്നവരാണ് പലരും. ഇടുങ്ങിയ ഈ ആത്മീയമനോഭാവത്തിന് മാറ്റം ഉണ്ടാകേണ്ടിയിരിക്കുന്നു. ദൈവവചനത്തിൽ നിന്നും ജീവിതോദ്ദേശ്യം എന്താണന്ന് ബോധ്യപ്പെടുമ്പോഴാണ് നമ്മുടെ ചിന്താഗതിയിൽ മാറ്റം വരുന്നത്. 'ഈ ലോകത്തിന് അനുരൂപരാകാതെ നന്മയും

**ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ നാം ഇനിയും വളരണം, വളർന്നുകൊണ്ടിരിക്കണം. അപ്പോൾ ദൈവഹിതത്തെക്കുറിച്ചുള്ള തിരിച്ചറിവും നമുക്ക് ലഭിച്ചുകൊണ്ടിരിക്കും.**

പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്ന് തിരിച്ചറിയേണ്ടതിന് മനസ്സ് പുതുക്കി രൂപാന്തരപ്പെടുവിൻ (റോമർ 12:2) എന്ന പ്രബോധനം നമുക്ക് നൽകിയിരിക്കുന്നു.

ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ നാം ഇനിയും വളരണം, വളർന്നുകൊണ്ടിരിക്കണം. അപ്പോൾ ദൈവഹിതത്തെക്കുറിച്ചുള്ള തിരിച്ചറിവും നമുക്ക് ലഭിച്ചുകൊണ്ടിരിക്കും. തൽഫലമായി നമ്മുടെ ചിന്താഗതിക്ക് അനുയോജ്യമായ മാറ്റം വന്നുകൊണ്ടിരിക്കുകയും, നമുക്ക് ബോധ്യമാകുന്ന ദൈവേഷ്ടം നാം നമ്മുടെ ഇഷ്ടമായി സ്വീകരിച്ച് ജീവിച്ച് തുടങ്ങുകയും ചെയ്യുന്നു. ഈ വർദ്ധനവാണ് ആത്മീയവളർച്ചയായി പരിഗണിക്കപ്പെടുന്നത്. അതിനായിട്ടാണ് ദൈവവചനപഠനം ഉപയോഗപ്പെടുന്നത്.

ദൈവവചനത്തിൽ നിന്നും പഠിക്കുന്ന ശരിയായ അറിവ് നാം മറ്റുള്ളവരോട് പങ്കിടുന്നതിലുത്സാഹികളായിരിക്കണം. അത് നമ്മുടെ ആത്മീയ വളർച്ചയ്ക്കും മറ്റുള്ളവരുടെ ആത്മീക വളർച്ചയ്ക്കും ഉപകരിക്കും. വചനപഠനത്തിനുവേണ്ടി മറ്റുള്ളവരെ ഉത്സാഹിപ്പിച്ച് ചെറിയ കൂട്ടമായി കൂടി വന്നു വചനം പഠിക്കുന്നതും നല്ലതാണ്. അങ്ങനെ അന്യോന്യം വചനം പങ്കിട്ടു പഠിക്കുവാൻ കഴിയും. വ്യക്തിപരമായി ചിലരെ കണ്ടെത്തി അവരോടു വചനം പങ്കിടുവാനും വചനപഠനത്തിനായി അവരെ ഉത്സാഹിപ്പിക്കുവാനും നമുക്ക് കഴിയണം. ആത്മീയജീവിതത്തെ നാം അർഹിക്കുന്ന ഗൗരവത്തോടെ കാണുകയും, ആത്മീയകാര്യങ്ങളിൽ നാം ശുഷ്കാന്തിയുള്ളവരായിരിക്കുകയും ചെയ്യേണ്ടതാണ്.

വചനം പഠിക്കുന്നതിൽ നമുക്ക് നേരിടുന്ന മാന്ദ്യം നീക്കിക്കളയുവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ. നമ്മുടെ പ്രിയപ്പെട്ടവരെ വചനപഠനത്തിനുവേണ്ടി ഉത്സാഹിപ്പിക്കുവാനും, ദൈവവചനത്തിലെ ശരിയായ അറിവുകൾ പങ്കിട്ടു കൊടുക്കുവാനും ദൈവം നമുക്ക് ഓരോരുത്തർക്കും കൃപ നൽകട്ടെ. ●



സാജു മാത്യു

# ദൈവത്തിന്റെ സ്നേഹപ്പരീക്ഷ

***അപ്പോൾ അവൻ: നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെത്തന്നെ കൂട്ടിക്കൊണ്ട് അവിടെ ഞാൻ നിന്നോടു കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക എന്നരുളിച്ചെയ്തു. (ഉല്പ്പത്തി. 22:2).***

“ഇന്നലെ രാത്രി ദൈവം എനിക്കു പ്രത്യക്ഷനായി” എന്നു ഒരാൾ നിങ്ങളോടു പറഞ്ഞാൽ, സ്വാഭാവികമായും നിങ്ങൾ ചോദിക്കും...” എന്നിട്ട് എന്തു പറഞ്ഞു?”പിന്നീടു നിങ്ങൾക്കു കേൾക്കാൻ കഴിയുന്നതു ദൈവം അയാൾക്കു കൊടുത്ത ‘അനുഗ്രഹവാഗ്ദാന’ങ്ങളുടെ ഒരു നീണ്ട പട്ടികയായിരിക്കും...അനുഗ്രഹങ്ങൾ നൽകാൻ മാത്രമേ ദൈവം പ്രത്യക്ഷപ്പെടുന്നുള്ളൂ എന്നാണു നമ്മുടെ ചിന്ത. ദൈവം ആദ്യമായല്ല അബ്രഹാമിനു പ്രത്യക്ഷനാകുന്നത്. വർഷങ്ങൾക്കു മുമ്പ് ‘മെസൊപ്പൊത്താമ്യ’യിലായിരുന്നപ്പോൾത്തന്നെ ദൈവം അബ്രഹാമിനു പ്രത്യക്ഷനായിട്ടുണ്ട്. (അപ്പോസ്തലപ്രവൃത്തികൾ 7:2). പിന്നീടു ഹാരാനിൽവെച്ചും (ഉല്പ്പത്തി12:1). കനാൻനാട്ടിൽവെച്ചു പല സന്ദർഭങ്ങളിലും (ഉല്പ്പത്തി 12:6, 13:14-15; 15:1, 17:1, 18:1, 21;12). യഹോവ അബ്രഹാമിനു പ്രത്യക്ഷനായിട്ടുണ്ട്. എന്നാൽ, ഇതു അതിൽനിന്നൊക്കെ വ്യത്യസ്തമാണ്. കാരണം, നേരത്തെയുള്ള പ്രത്യക്ഷതകളിലൊക്കെ ദൈവം പല നല്ല നല്ല വാഗ്ദാനങ്ങളും അവനു നൽകുന്നുണ്ട്. കനാൻ നാടുതന്നെ ദൈവം വാഗ്ദാനം ചെയ്യുന്നതു കനാനിൽ വച്ചുണ്ടായ ആദ്യപ്രത്യക്ഷതയിലായിരുന്നു (ഉൽപ്പത്തി12:6). പിന്നീടു ലോത്ത് അവനെ വിട്ടുപിരിഞ്ഞപ്പോൾ യഹോവ പ്രത്യക്ഷനായിട്ട് ദേശം ശാശ്വതമായി തരുമെന്നു പറഞ്ഞു (ഉല്പ്പത്തി 13:14,15)

സോദോം രാജാവിൽനിന്നുള്ള സമ്പന്നത വേണ്ടെന്നുവെച്ചപ്പോൾ ദൈവം അബ്രഹാമിനു പ്രത്യക്ഷനായിട്ട്,“ ഞാൻ നിന്റെ പരിചയും അതിമഹത്തായ പ്രതിഫലവും”എന്നു പറഞ്ഞു(ഉല്പ്പത്തി 15:1). 99 വയസ്സുള്ള അബ്രഹാമിനു ദൈവം പ്രത്യക്ഷനായി, അവനെ ബഹുജാതികൾക്കു പിതാവാക്കുമെന്നു പറഞ്ഞു (ഉല്പ്പത്തി.17:4). അതിനുശേഷമാണു യിസ്ഹാക്കിന്റെ വാഗ്ദാനം ലഭിക്കുന്നത്(ഉല്പ്പത്തി 18:10). യിസ്മായേലിനെ നിഷ്ക്കാസിതനാക്കുമ്പോൾ, യിസ്ഹാക്കിൽ നിന്നാവും അബ്രഹാമിനു വാഗ്ദത്ത തലമുറ ഉത്ഭവിക്കുക (ഉല്പ്പത്തി 21:12). എന്നാൽ, 22-ാം അധ്യായത്തിൽ ദൈവം അബ്രഹാമിനു പ്രത്യക്ഷനാകുന്നതു ഒരു ‘അനുഗ്രഹ വാഗ്ദാന’വുമായല്ല; പ്രത്യുത, ദൈവം നൽകിയ ഒരു അനുഗ്രഹത്തെ തിരിച്ചെടുക്കാനാണ്. ദൈവത്തിന്റെ പ്രത്യക്ഷതയുണ്ടായപ്പോൾ അബ്രഹാം ചിന്തിച്ചത്, എന്തോ ഒരു പുതിയ വാഗ്ദാനവുമായി ദൈവം എത്തിയിരിക്കുന്നു എന്നാവണം. എന്നാൽ, അബ്രഹാമിനെ അത്ഭുതപ്പെടുത്തികൊണ്ടു കർത്താവു പറഞ്ഞു: “നിന്റെ മകനെ നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെത്തന്നെ കൂട്ടിക്കൊണ്ടു അവിടെ ഞാൻ നിന്നോടു കല്പ്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്കുക”(ഉല്പ്പത്തി 21: 2).

ഇതു കേട്ടപ്പോൾ അബ്രാഹാമിനു ആദ്യം ഒന്നും മനസ്സിലായില്ല എന്നു ഞാൻ ചിന്തിക്കുന്നു. എങ്ങനെ മനസ്സിലാകാൻ? ദൈവത്തിന്റെ വാഗ്ദാന

പ്രകാരം ജനിച്ച യിസ്ഹാക്കിനെ "കണ്ടു കൊതി തീരുംമുൻപ്" തിരിച്ചു നൽകാനാണു ദൈവം ആവശ്യപ്പെടുന്നത്! ശരിക്കും പറഞ്ഞാൽ അബ്രഹാം യിസ്ഹാക്കിനെ ദൈവത്തോടു 'അങ്ങോട്ടു' ചോദിച്ചുവാങ്ങിയതല്ല. യിസ്മായേലിൽ അബ്രഹാം സംതൃപ്തനായിരുന്നു. (ഉല്പ്പത്തി 17:18). എന്നാൽ, ദൈവം തന്റെ ഇഷ്ടപ്രകാരം അബ്രഹാമിനു 'കനിഞ്ഞു നൽകിയ' അനുഗ്രഹമാണ് യിസ്ഹാക്ക്. ആ യിസ്ഹാക്കിനെയാണു ദൈവം തിരികെ ചോദിക്കുന്നത്!

ദൈവം അബ്രഹാമിനെ വിളിച്ചു: 'ഞാൻ ഇതാ...' എന്നു അവൻ ഉത്തരം പറഞ്ഞു(ഉല്പ്പത്തി 17:1). ഒറ്റവിളിക്കുതന്നെ അബ്രഹാം ദൈവത്തിനു മറുപടി കൊടുത്തു. അബ്രഹാമിന്റെ കാതുകൾ ദൈവത്തോടു അത്രയ്ക്കും 'സെൻസിറ്റീവ്' ആയിരുന്നു. അതായതു അവൻ ദൈവവുമായി അകന്നു കഴിയുന്നതുകൊണ്ടല്ല ദൈവം യിസ്ഹാക്കിനെ ചോദിക്കുന്നത്! അബ്രഹാം ആകെ ആശയക്കുഴപ്പത്തിലായി. എന്തുകൊണ്ടാണു ദൈവം യിസ്ഹാക്കിന്റെ ജീവനെ ആവശ്യപ്പെടുന്നുവെന്നു അവനു മനസ്സിലായില്ല.

ഒന്നാമതു, ഒരു 'മനുഷ്യക്കൊല' ദൈവം ആവശ്യപ്പെടുമെന്നു അവനു വിശ്വസിക്കാൻ കഴിഞ്ഞില്ല. ആരെങ്കിലും മനുഷ്യന്റെ രക്തം ചൊരിയിച്ചാൽ അവന്റെ രക്തം മനുഷ്യൻ ചൊരിയിക്കും; ദൈവത്തിന്റെ സ്വരൂപത്തിലല്ലോ മനുഷ്യനെ ഉണ്ടാക്കിയത്" എന്നു ദൈവം നോഹയോടു അരുളിച്ചെയ്തിട്ടുണ്ട് (ഉല്പ്പത്തി 9:6). ധാർമികനായ ദൈവം എന്തുകൊണ്ട് ഒരു മനുഷ്യബലി ആവശ്യപ്പെടുന്നു?

യിസ്ഹാക്ക് ഒരു 'കുഴപ്പക്കാര'നായിരുന്നെങ്കിൽ പിന്നെയും വേണ്ടില്ലായിരുന്നു. അന്യദൈവങ്ങളെ ആരാധിക്കുകയും ദൈവജനത്തെ അന്യാരാധനയിലേക്കു വശീകരിക്കുകയും ചെയ്യുന്ന മകനെയോ മകളെയോ ഒരു പിതാവിനു മരണശിക്ഷയ്ക്കു ഏൽപ്പിക്കാമെന്നു (പിന്നീടു നൽകപ്പെട്ടതാണെങ്കിലും) ന്യായപ്രമാണത്തിലുണ്ട്. (ആവർത്തനം 13: 8–9). എന്നാൽ, യിസ്ഹാക്ക് അത്തരത്തിലുള്ള ഒരാളല്ല...''ഹോമയാഗത്തിന് ഒരു ആട്ടിൻകുട്ടി അത്യാവശ്യം" എന്നു ബോധ്യമുള്ള ദൈവാരാധന പരിചിതനായ ഒരു യുവാവാണ് യിസ്ഹാക്ക്! (ഉല്പ്പത്തി 22: 7).

അമ്മയപ്പന്മാരെ അനുസരിക്കാത്ത ശഠനും മത്സരിയുമായ മകനെ ന്യായപ്രമാണത്തിന്റെ വിധിയിൽ മരണത്തിനു ഏല്പ്പിക്കാനും (ആവർത്തനം 21 :18 –21) ന്യായപ്രമാണം അനുവദിച്ചിരുന്നു. എന്നാൽ,

**അപ്പോൾ അതാണു കാര്യം! ''നീ സ്നേഹിക്കുന്ന...'' നിന്റെ സ്നേഹമാണു പ്രശ്നമുണ്ടാക്കുന്നത്! ഒരു വിശ്വാസിയുടെ ജീവിതത്തിൽ അവൻ ദൈവത്തേക്കാളുപരി മറ്റെന്തിനെയെങ്കിലും, ആരെയെങ്കിലും സ്നേഹിക്കുന്നുണ്ടെങ്കിൽ അവിടെയാണു ദൈവം ഇടയ്ക്കു കയറുന്നത്! നിന്റെ സ്നേഹമാണു പ്രശ്നമുണ്ടാക്കുന്നത്!**

ഹോമയാഗത്തിനുള്ള വിറകും ചുമന്ന് അപ്പന്റെ കൂടെ മലകയറുന്ന യിസ്ഹാക്ക് മത്സരിയായ മകനല്ല. അത്രയും അനുസരണമുള്ള മകനെ ചരിത്രത്തിലെവിടെയെങ്കിലും കണ്ടെത്താൻ കഴിയുമോ എന്നു തന്നെ സംശയം. പിന്നെ ദൈവം എന്തുകൊണ്ട് യിസ്ഹാക്കിന്റെ ജീവൻ ആവശ്യപ്പെടുന്നു?

യിസ്ഹാക്കിന്റെ ജീവൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ദൈവത്തിന്റെ ഉത്തരവു മനസ്സിലാക്കാൻ മാനുഷികമായി അബ്രാഹാമിനു പിന്നെയും പല ബുദ്ധിമുട്ടുകളുണ്ട്. യിസ്ഹാക്കിന്റെ രക്തം തെറിച്ച വസ്ത്രവുമായി അബ്രഹാം മോറിയാമലയിൽനിന്നു എങ്ങനെ സാറയുടെ അടുക്കൽ മടങ്ങിയെത്തും? അബ്രഹാമിനെയും ദൈവത്തെയും ഒരുപോലെ വിശ്വസിച്ചിറങ്ങിയതല്ലേ അവൾ? ജീവിതകാലം മുഴുവൻ അബ്രഹാമിനെയും ദൈവത്തെയും ഒരുപോലെ വെറുക്കാൻ ആ ഒരു കാഴ്ച മതിയല്ലോ! തന്നെയല്ല, കനാന്യരും പെരിസ്യരും പാർക്കുന്ന ദേശത്ത് (ഉല്പ്പത്തി.13:7) മകനെ കൊലചെയ്ത പിതാവിനു പിന്നെ എന്തു സാക്ഷ്യമാണുള്ളത്? "ഭൂമിയിലെ സകലവംശങ്ങളെയും അനുഗ്രഹിക്കാൻ" (ഉല്പ്പത്തി 12:3) ദൈവം നിയോഗിച്ച അബ്രഹാമിന് എങ്ങനെ ജാതികളുടെ ഇടയിലേക്കു അനുഗ്രഹവുമായി ചെല്ലാനാവും? അബ്രഹാമിനു ഒന്നും മനസിലായില്ല. "യിസ്ഹാക്കിൽനിന്നുള്ളവനാണു നിന്റെ സാക്ഷാൽ സന്തതി''യെന്നു ദൈവം വാഗ്ദാനം ചെയ്തിട്ടു അധികം നാളായില്ല (ഉല്പ്പത്തി 21:12). അപ്പോൾ പിന്നെ യിസ്ഹാക്ക് യാഗമായാൽ ദൈവവാഗ്ദാനം എങ്ങനെ നിറവേറും?

യിശ്മായേലിന്റെ കാര്യത്തിൽ, അവനെ ''പുറത്താക്കാനേ'' പറഞ്ഞുള്ളൂ... തന്നെയല്ല, ''അവനെ വലിയൊരു ജാതിയാക്കാം'' എന്നു

ദൈവം വാഗ്ദാനം നൽകുകയും ചെയ്തു (ഉല്പ്പത്തി 21:13). എന്നാൽ, യിസ്ഹാക്കിനെ പുറത്താക്കുകയല്ല, യാഗമാക്കുകയാണ്! എന്തുകൊണ്ട് യിസ്ഹാക്ക് മരിക്കണം? ദൈവം അബ്രാഹാമിനെ വിളിച്ചു: അബ്രഹാമേ, "ഞാൻ ഇതാ" അവൻ മറുപടി പറഞ്ഞു.' "***നീ സ്നേഹിക്കുന്ന*** നിന്റെ ഏകജാതനായ മകൻ യിസ്ഹാക്കിനെ യാഗമാക്കണം!"

അപ്പോൾ അതാണു കാര്യം! "നീ സ്നേഹിക്കുന്ന..." നിന്റെ സ്നേഹമാണു പ്രശ്നമുണ്ടാക്കുന്നത്! ഒരു വിശ്വാസിയുടെ ജീവിതത്തിൽ അവൻ ദൈവത്തേക്കാളുപരി മറ്റെന്തിനെയെങ്കിലും, ആരെയെങ്കിലും സ്നേഹിക്കുന്നുണ്ടെങ്കിൽ അവിടെയാണു ദൈവം ഇടയ്ക്കു കയറുന്നത്! നിന്റെ സ്നേഹമാണു പ്രശ്നമുണ്ടാക്കുന്നത്! "ദൈവം അബ്രഹാമിനെ പരീക്ഷിച്ചത് (test) എങ്ങനെയെന്നാൽ..." അപ്പോൾ യിസ്ഹാക്കിന്റെ യാഗം ഒരു പരീക്ഷയാണ്. എന്തു പരീക്ഷ? "സ്നേഹപ്പരീക്ഷ"(love test)! അബ്രഹാം ആരെയാണു കൂടുതൽ സ്നേഹിക്കുന്നത് എന്നറിയാനുള്ള പരീക്ഷ!

അബ്രഹാം സ്നേഹിച്ചതിനെയെല്ലാം വിട്ടവനാണ്. അവൻ അവന്റെ ദേശത്തെ സ്നേഹിച്ചിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. മെസൊപ്പൊത്താമ്യ തീർച്ചയായും ഒരു നല്ല സ്ഥലമായിരുന്നിരിക്കണം. പുരാതനസംസ്കാരത്തിന്റെ ഉറവിടമാണ് മെസൊപ്പൊത്താമ്യ! അവിടം വിട്ടാണു അവൻ ഹാരാനിൽ എത്തിയത്. ഹാരാനും നല്ല സ്ഥലം തന്നെയാണ്. അവിടെവെച്ചാണു അവനു സമ്പാദ്യങ്ങളുണ്ടാകുന്നത് (ഉല്പ്പത്തി 12:5). എന്നാൽ, ദൈവം അബ്രഹാമിനോടു അവൻ സ്നേഹിച്ച ദേശത്തെ വിടുവാൻ ആവശ്യപ്പെട്ടു (ഉൽപ്പത്തി 12:1).

അബ്രഹാം അവന്റെ പിതാവിനെയും പിതൃഭവനത്തെയും സ്നേഹിച്ചിരുന്നു. അവന്റെ പിതാവായ തേരഹ് സ്നേഹവാനായ ഒരു പിതാവായിരുന്നു. അതുകൊണ്ടാണല്ലോ കല്ദയരുടെ പട്ടണമായ ഊരിൽനിന്നു കനാനിലേക്കു പോകാൻ തേരഹ് തീരുമാനിച്ചപ്പോൾ അബ്രഹാമിനെയും സാറയെയും കൂട്ടിക്കൊണ്ടു യാത്ര ചെയ്തത് (ഉല്പ്പത്തി 11:31). എന്നാൽ ഹാരാനിൽ വച്ച് 205 വയസുള്ളപ്പോൾ തേരഹ് മരിച്ചു (ഉൽപ്പത്തി 11:32). അതിനു ശേഷം അബ്രഹാം കുടുംബത്തോടൊപ്പം യാത്ര തുടർന്നു.

അബ്രഹാം തന്റെ ചാർച്ചക്കാരെ സ്നേഹിച്ചിരുന്നു. അതുകൊണ്ടാണല്ലോ ലോത്ത് കൂടെക്കൂടിയപ്പോൾ അബ്രാഹാം എതിരു പറയാതിരുന്നത്! എന്നാൽ, താൻ സ്നേഹിച്ച ലോത്തിനെയും

**അതാണു പ്രശ്നം;**
**അതാണു യഥാർഥ ചോദ്യം...**
**ആരെയാണു**
**നീ സ്നേഹിക്കുന്നത്? എന്നെയോ?**
**അതോ യിസ്ഹാക്കിനെയോ?**
**"രണ്ടുപേരെയും"**
**എന്നു ഉത്തരം പറയാൻ പറ്റില്ല.**

അവനു ഉപേക്ഷിക്കേണ്ടി വന്നു (ഉല്പ്പത്തി 13:11).

യിശ്മായേലിനെ അവൻ സ്നേഹിച്ചിരുന്നു. "യിശ്മായേൽ നിന്റെ മുൻപാകെ ജീവിച്ചിരുന്നാൽ മതി"(ഉല്പ്പത്തി 17:18) എന്നു അബ്രഹാം ദൈവത്തോടു പറയുന്നുണ്ട്. യിശ്മായേലിനെതിരെ സാറാ സംസാരിക്കുമ്പോൾ അബ്രഹാമിനതു ദുഃഖകരമായി (ഉല്പ്പത്തി. 21:11). അബ്രഹാം സ്നേഹിച്ച യിശ്മായേലിനെ ദൈവം അബ്രഹാമിൽനിന്നു അകറ്റിക്കളഞ്ഞു.

ഇനിയിപ്പോൾ യിസ്ഹാക്കിന്റെ ഊഴമാണ്. വാസ്തവത്തിൽ മേൽപ്പറഞ്ഞ എന്തിനെക്കാളും ആരെക്കാളും അബ്രഹാം സ്നേഹിക്കുന്നതു യിസ്ഹാക്കിനെയാണ്. ദൈവത്തെ സ്നേഹിച്ചതുമൂലം താൻ സ്നേഹിച്ചിരുന്ന മറ്റെല്ലാറ്റിനെയും എല്ലാവരെയും ഉപേക്ഷിച്ചിറങ്ങിയ അബ്രഹാമിൽ ഇപ്പോഴും ഒരു സ്നേഹം ബാക്കി കിടക്കുന്നു-യിസ്ഹാക്കിനോടുള്ള സ്നേഹം...വാർധക്യകാലത്തെ മകനാണു യിസ്ഹാക്ക്! അബ്രഹാമിന്റെ 'ചിരി'യാണവൻ (ഉല്പ്പത്തി.21:6). യിസ്ഹാക്കിന്റെ സാന്നിധ്യത്തിൽ അബ്രഹാം എല്ലാം മറക്കുന്നു. ഒരുപക്ഷേ, അവന്റെ പ്രാർഥനാവേളകളെപ്പോലും യിസ്ഹാക്കിന്റെ കുസൃതി അപഹരിച്ചു കാണണം... നൂറുവയസ്സുവരെ കരുതിവെച്ചിരുന്ന എല്ലാ സ്നേഹവും അബ്രഹാം യിസ്ഹാക്കിന്റെമേൽ ചൊരിഞ്ഞു കൊടുത്തു. താൻ ജീവിക്കുന്നതു തന്നെ യിസ്ഹാക്കിനുവേണ്ടിയാണെന്നു അബ്രഹാമിനുതോന്നി...

അബ്രഹാമിനു ദൈവസ്നേഹം നഷ്ടപ്പെട്ടിട്ടൊന്നുമില്ല...എന്നാൽ, പുത്രസ്നേഹം അല്പം കൂടിപ്പോയി... ദൈവത്തിനും അബ്രഹാമിനും ഇടയിലേക്കു പലപ്പോഴും യിസ്ഹാക്ക് ഒരു മിന്നലാട്ടം നടത്തി..."നീ സ്നേഹിക്കുന്ന നിന്റെ ഏകജാതൻ യിസ്ഹാക്ക്..." വിട്ടുപരിഞ്ഞേ പറ്റൂ... ഇത്രയും

ശേഷം പേജ് 29 ▶



ചെയ്സ് ജോസഫ്

# ദൈവത്തിന്റെ വിശ്വസ്തത

റോമലേഖനം പത്താം അധ്യായത്തിന്റെ അവസാനത്തെ രണ്ട് വാക്യങ്ങൾ വിശകലനം ചെയ്തുകൊണ്ട് നമുക്ക് ഈ പഠനം ആരംഭിക്കാം. പൗലോസ് എങ്ങനെയാണ് ദൈവത്തിന്റെ രക്ഷാപദ്ധതിയെ വിശദീകരിക്കുന്നത് എന്ന് നമുക്ക് നോക്കാം. ഒരിക്കലും ദൈവത്തെ അന്വേഷിക്കാതിരുന്ന ജാതികൾ ദൈവത്തെ കണ്ടെത്തുന്നു. അതിനു കാരണം അവർ അന്വേഷിച്ചു എന്നതല്ല, ദൈവം അന്വേഷിച്ചു ചെന്നു എന്നുള്ളതാണ്. അതുകൊണ്ടാണ് അവർ അന്വേഷിക്കാതെ കണ്ടെത്തി എന്ന് കർത്താവ് പറയുന്നത്.

യഹൂദന്മാരെക്കുറിച്ചും ഇങ്ങനെ തന്നെയാണ് പൗലോസ് പ്രതിപാദിക്കുന്നത്. അവർ ദൈവത്തെ തള്ളിക്കളഞ്ഞവരാണ്. ദൈവത്തിന്റെ ശബ്ദം നിരസിച്ചവരാണ്. യേശുക്രിസ്തുവിനെക്കുറിച്ച് സംസാരിച്ച പ്രവചനങ്ങളെ നിരാകരിച്ചവരും പ്രവാചകന്മാരെ കൊന്നവരുമാണ്. എന്നാൽ കാരുണ്യവാനായ ദൈവമോ, തന്നെ അന്വേഷിക്കാത്ത ജാതികൾക്ക് തന്നെത്താൻ വെളിപ്പെടുത്തിക്കൊടുത്തതു പോലെ ദൈവത്തിന്റെ മക്കൾ എന്ന് വിചാരിച്ചിട്ടും ദൈവത്തെ തള്ളിക്കളഞ്ഞ ഇസ്രായേൽ മക്കളുടെ നേരെ രക്ഷയുടെ കരം നീട്ടിക്കൊണ്ടേയിരിക്കുന്നു. അത് ദൈവം തുടർച്ചയായി ഇടവിടാതെ ചെയ്തുകൊണ്ടേയിരിക്കുന്നു. ഒരർത്ഥത്തിൽ യഹൂദനും ജാതീയനും ദൈവത്തെ നിരാകരിച്ചവരും അനുസരിക്കാതിരുന്നവരും അന്വേഷിക്കാതിരുന്നവരുമാണ്. പൗലോസ് പറയുന്നു: തന്നെ അന്വേഷിക്കാത്ത ജാതികളെയും ക്രിസ്തുവിനെ വെളിപ്പെട്ട് കിട്ടിയിട്ടും നിരസിച്ച യഹൂദന്മാരെയും രക്ഷിക്കുവാനായി ദൈവം ഇറങ്ങി വരുന്നു എന്ന് മാത്രമല്ല, അവരുടെ നേരെ ഇടവിടാതെ കൈ നീട്ടുകയുംചെയ്യുന്നു. ദൈവത്തോട് മറുത്ത് സംസാരിക്കുന്നത് ഭീകരമായ ശിക്ഷാവിധിയുടെ ലക്ഷണമാണ്. ദൈവം എന്താണ് ഉദ്ദേശിക്കുന്നത് എന്നുള്ളതിന് നേരെ വിപരീതമായ ഒരു ജീവിതരീതിയിൽ തുടർന്നുകൊണ്ടാണ് ദൈവത്തോട് മനുഷ്യൻ മറുതലിക്കുന്നത്. ദൈവം മനുഷ്യനോട് കോപിക്കുമ്പോൾത്തന്നെ അവനെ രക്ഷിക്കാനുള്ള കൈ നീട്ടുകയുംചെയ്യുന്നു എന്നുള്ളത് ദൈവത്തിന്റെ കരുണയുടെ പ്രദർശനമായി നമുക്ക് മനസ്സിലാക്കാം.

ഇസ്രായേലിന്റെ തെരഞ്ഞെടുപ്പിലും പരിപാലനത്തിലും നാം ദൈവത്തിന്റെ മഹത്വം കാണുന്നത് ദീർഘക്ഷമ എന്ന ഉജ്ജ്വലമായ സവിശേഷതയിലൂടെയാണ്. ദൈവം അവരെ തെരഞ്ഞെടുക്കാനുള്ള കാരണം കർത്താവ് എത്ര ദീർഘക്ഷമയുള്ളവൻ എന്ന് വെളിപ്പെടുത്തുന്നതിനാണ്. എത്ര അനുഗ്രഹം ലഭിച്ചാലും എത്രമാത്രം ദൈവം തന്നെത്താൻ വെളിപ്പെടുത്തിക്കൊടുത്താലും വീണ്ടും വീണ്ടും ദൈവത്തിനെതിരെ മത്സരിക്കുന്ന ഒരു ജനത്തെ രക്ഷിക്കുന്നതിനായി ദൈവം പ്രവർത്തിക്കുന്നു എന്നുള്ളത് ആ വലിയ കൃപയുടെ വെളിപ്പെടുത്തലാണ്. അതുകൊണ്ട് ദൈവം ഇസ്രായേലിനെ തിരഞ്ഞെടുക്കുന്നത് ബലഹീനരെ രക്ഷിക്കുന്ന ദൈവികസ്വഭാവത്തെ വെളിപ്പെടുത്തിക്കൊണ്ടാണ്. ആരെ രക്ഷിക്കുമ്പോഴാണ് ദൈവത്തിന്റെ മഹത്വം ഏറ്റവും വ്യക്തമായി മനസ്സിലാകുന്നത് അല്ലെങ്കിൽ വെളിപ്പെടുന്നത്?

നല്ല മനുഷ്യരെ ദൈവം തെരഞ്ഞെടുത്താൽ മഹത്വം ആർക്കാണ്? ഒരു സംശയവുമില്ല അത് ആ മനുഷ്യർക്ക് തന്നെയാണ്. എന്നാൽ പൂർണ്ണ മഹത്വവും ദൈവത്തിനാണ് എന്ന് പറയണമെങ്കിൽ നല്ലവരെയല്ല പാപികളെ രക്ഷിക്കേണ്ടതായിട്ടുണ്ട്. നമ്മെപ്പോലെ സ്വയം രക്ഷപ്പെടാൻ കഴിയാത്ത യാതൊരു ഗുണവും ഇല്ലാത്ത പാപികളെ

രക്ഷിക്കുമ്പോഴാണ് ദൈവത്തിന്റെ രക്ഷ എത്ര മഹത്വകരമെന്നു ഘോഷിക്കപ്പെടുന്നത്. അങ്ങനെ തന്നെ ഇസ്രായേലിനെ രക്ഷിക്കുമ്പോഴും പരിപാലിക്കുമ്പോഴും അവരുടെ അസഹ്യമായ അനുസരണക്കേടുകളെ ക്ഷമിക്കുമ്പോഴും ദൈവത്തിന് തന്റെ അത്യന്ത കൃപയെ വെളിപ്പെടുത്തുവാൻ കഴിയും. അതുകൊണ്ടുതന്നെ ഇസ്രായേലിന്റെ തെരഞ്ഞെടുപ്പും ദൈവത്തിന്റെ മഹത്വത്തെ വെളിപ്പെടുത്തുന്നതിന് വേണ്ടിയായിരുന്നു. അല്ലാതെ മനുഷ്യരുടെ മിടുക്കിനെയോ നന്മയേയോ വെളിപ്പെടുത്തുന്നതിന് ആയിരുന്നില്ല എന്ന് ഇസ്രായേലിന്റെ വിവിധങ്ങളായ പരാജയങ്ങൾ കാണിച്ചുതരുന്നു.

ഇസ്രായേൽ എന്തുകൊണ്ട് രക്ഷിക്കപ്പെടുന്നില്ല, എന്തുകൊണ്ട് അവർക്ക് വിശ്വാസം സ്വീകരിക്കാൻ കഴിയുന്നില്ല, എന്നുള്ള ചോദ്യത്തിന്റെ ഉത്തരമാണ് പൗലോസ് 11-ാം അധ്യായത്തിലും സംസാരിക്കുന്നത്. ഈ പ്രശ്നത്തെ കുറച്ചുകൂടി പ്രായോഗികമായ ഒരു രീതിയിൽ പൗലോസ് നോക്കിക്കാണുന്നതാണ് ആദ്യ വാക്യങ്ങളിൽ കാണുന്നത്. പൗലോസ് വാദിക്കുന്നത്: ഞാൻ ഏകനായിപ്പോയി, എനിക്ക് ആരുമില്ല എന്ന് ഏലിയാവ് വിലപിച്ചപ്പോൾ, ആരും അറിയാതെ ബാലിനു മുട്ടുമടക്കാത്ത 7000 പേരെ ഞാൻ ശേഷിപ്പിച്ചിരിക്കുന്നു എന്ന് കർത്താവ് പറഞ്ഞതുപോലെ, പരസ്യമായി വിശ്വാസം സ്വീകരിക്കപ്പെടുന്നില്ല. അതുകൊണ്ട് യഹൂദന്മാർ മുഴുവനും തള്ളിക്കളഞ്ഞു എന്ന് അർത്ഥമില്ല. എങ്കിലും, യഹൂദന്മാരിൽ അനേകർ ആരും അറിയാതെ വിശ്വാസം സ്വീകരിച്ചിട്ടുണ്ടായിരുന്നു. യഹൂദരുടെ ഇടയിൽ നിന്ന് വിശ്വാസം സ്വീകരിച്ചവരായ അനേകം ആളുകൾ പൗലോസിനെ പോലെയും, മറ്റ് അപ്പോസ്തലന്മാരെ പോലെയും ഉണ്ടായിരുന്നു. അനേകം ഇസ്രായേൽ മക്കൾ യേശുക്രിസ്തുവിനെ സ്വീകരിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഒരു ജാതി എന്ന നിലയിൽ ഇസ്രായേൽ പൊതുവേ ക്രിസ്തുവിനെ തള്ളിക്കളയുകയാണ് ചെയ്തത്.

ദൈവത്തിന്റെ കൃപയാലുള്ള തെരഞ്ഞെടുപ്പ്പ്രകാരം ഏലിയാവിന്റെ കാലത്തെപ്പോലെ അനേകായിരങ്ങൾ ഇന്നും കൃപയാൽ ക്രിസ്തുവിനെ സ്വീകരിച്ചവരായി ഉണ്ട് എന്ന് പൗലോസ് പറയുന്നു. പൗലോസ് എടുത്തുപറയുന്നത്; കൃപ എന്നാൽ പ്രവർത്തിയല്ല. അതുകൊണ്ടുതന്നെ കൃപ, കൃപ മാത്രമാണ്. ദൈവത്തിന്റ കൃപയാലുള്ള തെരഞ്ഞെടുപ്പിനെക്കുറിച്ച് നമുക്ക് വലിയ ഗ്രാഹ്യമില്ല. മനുഷ്യരുടെ ബുദ്ധിയെ കവിയുന്ന ദൈവത്തിന്റെ വിവേകത്തെ മനുഷ്യർക്ക് അളക്കുവാൻ കഴിയുകയില്ല. മനുഷ്യരുടെ നീതിബോധവും അങ്ങനെ തന്നെയാണ്. ദൈവത്തിന്റെ നീതി എന്താണെന്ന് ബുദ്ധികൊണ്ട് മനസ്സിലാക്കാൻ ഒരു മനുഷ്യനും കഴിയില്ല. ഏഴാം വാക്യത്തിൽ പൗലോസ് ഇസ്രായേൽ മക്കളെക്കുറിച്ചുള്ള യഥാർത്ഥ അവസ്ഥ വിവരിക്കുന്നു.

ആകയാൽ എന്ത്? ഇസ്രായേൽ താൻ തിരഞ്ഞത് പ്രാപിച്ചില്ല, തെരഞ്ഞെടുക്കപ്പെട്ടവർ അത് പ്രാപിച്ചു. ശേഷമുള്ളവരോ കഠിനപ്പെട്ടിരിക്കുന്നു. അതായത് ഇസ്രായേൽ എന്ന ജനം എന്താണോ തിരഞ്ഞുകൊണ്ടിരുന്നത് അത് പ്രാപിച്ചില്ല.

എന്നുകരുതി മുഴുവൻ ഇസ്രായേലും നശിച്ചുപോയില്ല. തിരഞ്ഞെടുക്കപ്പെട്ട മക്കൾ അതു പ്രാപിച്ചു. അവിടെ സംഭവിച്ചിരിക്കുന്ന ഒരു ദുരന്തം എന്ന് പറയുന്നത് തെരഞ്ഞെടുക്കപ്പെട്ടവർ അത് പ്രാപിച്ചപ്പോൾ ബാക്കിയുള്ള ആളുകൾ കഠിനപ്പെട്ടു എന്നുള്ളതാണ്. ഇത് വളരെ സ്വാഭാവികമാണ്. ഏത് സമൂഹത്തിലും യേശുക്രിസ്തുവിന്റെ ശക്തമായ ഇടപെടൽ ഇങ്ങനെയുള്ള മാറ്റങ്ങളെ ഉണ്ടാക്കാം. പാരമ്പര്യങ്ങളെ ചിലർ നിഷേധിക്കുമ്പോഴും സത്യത്തിനു ചെവി കൊടുക്കുമ്പോഴും സത്യം അനുസരിക്കാൻ തീരുമാനിക്കുമ്പോഴും ബാക്കിയുള്ളവർ എതിരാവുകയും മുറുമുറുക്കുകയും ചെയ്യുന്നു. അവർ അവരുടെ ഉപദേശങ്ങളിൽ കൂടുതൽ കഠിനപ്പെടുന്നു. അവർ പാരമ്പര്യങ്ങളെ സംരക്ഷിക്കാൻ വേണ്ടി സത്യത്തോട് മറുത്തു നിൽക്കുന്നു. നമ്മുടെ ചുറ്റുമുള്ള സമൂഹങ്ങളിലും അങ്ങനെ തന്നെയാണ്. മറ്റ് ക്രൈസ്തവിഭാഗങ്ങളിൽ നിന്ന് അനേകം ആളുകൾ സത്യവിശ്വാസം സ്വീകരിച്ച് പാരമ്പര്യങ്ങളെ ലംഘിച്ചിട്ടുണ്ട്. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് മാത്രമാണ് അങ്ങനെ ചെയ്യുവാൻ സാധിക്കുന്നത്. അപ്പോൾ ബാക്കിയുള്ളവർ കഠിനപ്പെടുന്നു. ഇനി ആരും സത്യം തിരിച്ചറിയാതിരിക്കാനും ആരും വെളിയിൽ പോകാതിരിക്കാനും അവർ നിയന്ത്രണങ്ങൾ കൊണ്ട് വേലി കെട്ടുന്നു. പുതിയ നിയന്ത്രണങ്ങളോടെ കഠിനമായി, കർക്കശമായി ഇടപെടുന്നു. യേശുക്രിസ്തുവിന്റെ ഇടപെടൽ മൂലം ജനം മനസാന്തരപ്പെടുമ്പോൾ ഏതൊരു സമൂഹവും എതിർക്കുകയും തടസ്സപ്പെടുത്തുകയും ചെയ്യുന്നു. കാരണവും യുക്തിയുമില്ലാതെ അനേകശത്രുക്കൾ സുവിശേഷത്തിന് ഉണ്ടായിക്കൊണ്ടിരിക്കും. സുവിശേഷത്തെ സംബന്ധിച്ച് ഇത് വലിയ ഒരു

ശേഷം പേജ് 15 ▶



ജോർജ് മാത്യു, പുതുപ്പള്ളി

# ആത്മീയന് ഭൂഷണമാകാത്ത അത്യാഗ്രഹം

നമ്മുടെ ശരീരത്തിനോ മനസിനോ ആത്മാവിനോ ആവശ്യമെന്നു വിചാരിക്കുന്ന എന്തെങ്കിലും കണ്ടാലുടനെ നമ്മുടെ ഹൃദയം പറയുകയായി എനിക്കു തരിക, എനിക്കു തരിക' എന്ന്. ഒരു ചെറിയ കുട്ടി പോലും അങ്ങനെയാണു പറയുക. ഹവ്വാ, വിലക്കപ്പെട്ട കനിയുടെ നേരെ കൈനീട്ടിയതു പോലെ നാമും ചെയ്യുന്നു. ധാരാളം ലഭിക്കണമെന്നോ ഇന്നുള്ളതിലധികമായി ലഭിക്കണമെന്നോ ആകാം നമ്മുടെ ആഗ്രഹം. ഏറ്റവും ഉത്തമമായതു ലഭിക്കണമെന്നും ആഗ്രഹിച്ചേക്കാം. ഏറ്റവും മികച്ചതിൽ കുറഞ്ഞതൊന്നും കൊണ്ട് തൃപ്തിപ്പെടാത്ത മന:സ്ഥിതി. വയറിനെക്കാൾ വലിയ കണ്ണുകളുള്ള ചില മനുഷ്യരുണ്ട്. ഭക്ഷിക്കാൻ കഴിയുന്നതിൽ കൂടുതൽ അവർ പാത്രത്തിൽ കൂട്ടിവയ്ക്കും. ഉയർന്ന സ്ഥാനമാനങ്ങൾക്കായി ശ്രമിക്കും. തങ്ങളുടെ ആഗ്രഹനിവർത്തിക്കായി മാന്യത ഉപേക്ഷിക്കുവാനും സദാചാരനിയമങ്ങൾ ലംഘിക്കാനും അവർ തയാറാകും.

സുഖസൗകര്യങ്ങൾക്കും സുഖനിദ്രയ്ക്കും വേണ്ടി കൊതിക്കുന്നവരാണ് നാം. കൂടുതൽ ഉറങ്ങുവാനായി, പ്രാർത്ഥനയ്ക്കുള്ള സമയംപോലും നാം ബലി കഴിക്കും. വില കൂടിയ വസ്ത്രം, വീട്, വാഹനം, കൂടുതൽ പണം, അധികസുഖസൗകര്യം ഇവയൊക്കെ മനുഷ്യനാഗ്രഹിക്കുന്നു. കാണപ്പെടുന്ന വസ്തുക്കൾ മാത്രമല്ല നാം ആഗ്രഹിക്കുക. മറ്റുള്ളവരുടെ ശ്രദ്ധ, സ്നേഹം, ബഹുമാനം എന്നിങ്ങനെയുള്ള വൈകാരിക വിഷയങ്ങളും നമ്മിലാഗ്രഹം ഉളവാക്കുന്നു.

അത്യാഗ്രഹം അപകടകരമായ പാപമാണ്. മനുഷ്യന്റെ വീഴ്ചയുടെ ഉത്ഭവംതന്നെ അതിലായിരുന്നു. പറുദീസ നഷ്ടപ്പെടുവാനും ഏശാവിനെപ്പോലെ ജ്യേഷ്ഠാവകാശം അലക്ഷ്യമാക്കുവാനും അത്യാഗ്രഹം ഇടയാക്കും. അത്യാഗ്രഹമാകുന്ന പാപത്തിൽ വിചാരശൂന്യരായി തുടരുന്നതും, ഭക്ഷണം, ഉറക്കം, പണം, വസ്തുവകകൾ, പദവികൾ എന്നിവ അധികമധികം ആഗ്രഹിക്കുന്നതും ബുദ്ധിശൂന്യമാണ്. വിശുദ്ധ വചനം പറയുന്നു: ധനികരാകാനാഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല ദ്രോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു' (1 തിമോഥെയോസ് 6:9). അത്യാഗ്രഹമെന്ന പാപം മറ്റുള്ളവർക്കെതിരെ പാപം ചെയ്യാൻ ഇടയാക്കുന്നു. ദൈവവുമായുള്ള നമ്മുടെ ബന്ധവും ശിഥിലമാക്കുന്നു.

ദൈവഹിതത്തിനു വിഭിന്നമായി മറ്റെന്തെങ്കിലും ലഭിക്കുവാൻ നാം അമിതമായി വാഞ്ചിക്കുന്നുവെങ്കിലതു നമ്മെ സംബന്ധിച്ചിടത്തോളം ഒരു വിഗ്രഹമാണ്. നമ്മുടെ വിഗ്രഹങ്ങളുമായി തന്റെ സ്നേഹം പങ്കിടുന്നതിനു ദൈവം ആഗ്രഹിക്കുന്നില്ല. അതിനെ ആത്മികവ്യഭിചാരമെന്നു തിരുവെഴുത്ത് വിശേഷിപ്പിക്കുന്നു. അവയെ നാം മുറുകെ പിടിക്കുന്നുവെങ്കിൽ ദൈവസ്നേഹം നമുക്കു നഷ്ടപ്പെടുകയായിരിക്കും ഫലം. ദൈവത്തിലുള്ള സന്തോഷം നമ്മിൽ നിന്നു നഷ്ടമാകും. അത്യാഗ്രഹത്തിൽ നിന്നു നമ്മെ സ്വതന്ത്രരാക്കുവാൻ യേശു ആഗ്രഹിക്കുന്നു. കളയുക അഥവാ നഷ്ടപ്പെടുത്തുക എന്നതാണ് അവിടുന്നു കാണിച്ചുതന്ന മാർഗം. എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലതിനെ കണ്ടെത്തും എന്ന് യേശു പറഞ്ഞു

(മത്തായി 16:25). ആഗ്രഹങ്ങൾക്കെതിരെയുള്ള നമ്മുടെ പോരാട്ടത്തിൽ നഷ്ടപ്പെടുത്തുക എന്ന മുദ്രാവാക്യം വളരെ പ്രധാനപ്പെട്ട ഒരു ആയുധമാണ്.

അത്യാഗ്രഹത്തെ പരാജയപ്പെടുത്തുവാനായി ശരീരത്തിനും മനസിനും ഇഷ്ടപ്പെട്ട കാര്യങ്ങൾ നഷ്ടപ്പെടുത്തുവാൻ നാം തയാറാകണം. നാം ഏറ്റവുമധികം ഇഷ്ടപ്പെടുന്ന കാര്യങ്ങളാണ് ഒന്നാമതായി വിട്ടുകളയേണ്ടത്. നാം അവയെ ദൈവത്തിനു സമർപ്പിക്കുകയും അവയെപ്പറ്റി വീണ്ടും ചിന്തിക്കാതിരിക്കുകയും വേണം. അവയ്ക്കുവേണ്ടി ആവശ്യപ്പെടുകയോ, ലഭിച്ചാൽത്തന്നെ അവ ഉപയോഗിക്കുകയോ ചെയ്യരുത്. അവ ത്യജിക്കുന്നതുമൂലം നമ്മുടെ അത്യാഗ്രഹം പോഷണമില്ലാതെ നശിച്ചുപോകും. നാം ഭക്ഷണകാര്യത്തിലാസക്തിയുള്ളവരാണെങ്കിൽ ആ വിഷയത്തിൽ സംയമനം പാലിക്കുവാനും ഭക്ഷണസമയത്തു പ്രാർത്ഥിക്കുവാനും അഭ്യസിക്കണം. നീ ഭോജനപ്രിയനാകുന്നു എങ്കിൽ തൊണ്ടയ്ക്ക് ഒരു കത്തി വച്ചു കൊള്ളുക (സദൃശ്യം 23:2). രസനേന്ദ്രിയങ്ങളെ ശത്രുക്കളായി ഗണിക്കുകയും രുചികരമായ വസ്തുക്കളതിനു നൽകാതിരിക്കുകയും വേണം. സാധു കൊച്ചുകുഞ്ഞ് ഉപദേശി ഭക്ഷണകാര്യത്തിൽ ഈ വർജ്ജനം സ്വീകരിച്ച ഭക്തനാണ്. എന്തു കഴിക്കുന്നുവെന്നുള്ളത് ഒരു അപ്രധാന കാര്യമായിത്തീരുന്നതുവരെ ഇതു തുടരണം. അപ്പോളേതു ഭക്ഷണവും സന്തോഷമായി ഉപയോഗിക്കുന്നതിനും വളരെ കുറച്ചു ഭക്ഷണംകൊണ്ടു തൃപ്തിപ്പെടുന്നതിനും നമുക്കു സാധിക്കുന്നു.

നമ്മുടെ ആഗ്രഹം ഉറക്കത്തോടാണെന്നു വിചാരിക്കുക. അപ്പോഴും നമുക്ക് ഇതുപോലെ തന്നെ ചെയ്യുവാൻ സാധിക്കും. ഉറങ്ങുവാൻ കിടക്കുന്നതിനു മുമ്പ് ശരിയായ സമയത്ത് ഉണരുന്നതിനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം. അതിരാവിലെ പ്രാർത്ഥനയ്ക്കായും കർത്താവിനോടുള്ള സംസർഗ്ഗത്തിനായും സമയം ലഭിക്കത്തക്കവിധം കാര്യങ്ങൾ ക്രമീകരിക്കുക. നമ്മുടെ ഉറക്കത്തിന്റെയും ആഹാരത്തിന്റെയും കർത്താവായിരിക്കുവാൻ യേശുവിനോടു യാചിക്കുക. നമ്മുടെ നാവും, കണ്ണും, ശരീരവും, നീതിക്കും ദൈവനാമമഹത്വത്തിനും വേണ്ടി പ്രവർത്തനനിരതമാകട്ടെ. നമ്മെ ഏതു അടിമത്വത്തിലും അമർത്തിക്കളയുന്ന അനിയന്ത്രിതങ്ങളായ അവയവങ്ങളാകാൻ അവയെ അനുവദിക്കാതിരിക്കാം.


അലംഭാവത്തോടു കൂടിയ ദൈവഭക്തി വലുതായ ആദായമാകുന്നു എന്നാണ് വിശുദ്ധ പൗലൊസ് എഴുതുന്നത് (1 തിമോഥെയോസ് 6: 6). കൂടുതൽ വിശ്രമസമയം, ഉയർന്ന ശമ്പളം, മെച്ചപ്പെട്ട പാർപ്പിട സൗകര്യങ്ങൾ, ഭംഗിയുള്ള വസ്ത്രം എന്നിവയ്ക്കുവേണ്ടി ആഗ്രഹിക്കാതെ നമുക്കുള്ളതുകൊണ്ട് സംതൃപ്തരാകുക എന്നാണ് ഇതിന്റെ അർത്ഥം. നശിച്ചുപോകുന്ന വസ്തുക്കൾ നേടാനായി നാം അദ്ധ്വാനിക്കരുത്. ആ അധ്വാനവും നശിച്ചു പോകുന്ന നേട്ടങ്ങളും പാപവും ദുരിതവും വരുത്തിവയ്ക്കുന്നു. അലംഭാവത്തിന്റെ (സംതൃപ്തി) മാർഗം നാം തെരഞ്ഞെടുക്കണം. അത് ത്യാഗത്തിന്റെ മാർഗമാണ്. അതായിരുന്നു യേശുവിന്റെ മാർഗം.

**അത്യാഗ്രഹത്തെ പരാജയപ്പെടുത്തുവാനായി ശരീരത്തിനും മനസിനും ഇഷ്ടപ്പെട്ട കാര്യങ്ങൾ നഷ്ടപ്പെടുത്തുവാൻ നാം തയാറാകണം.**

സ്വർഗത്തിലും ഭൂമിയിലുമുള്ള സകലത്തിന്റെയും ഉടമയായ യേശുകർത്താവ്, പിതാവിനോടൊപ്പം തനിക്ക് ഉണ്ടായിരുന്ന മഹിമയെല്ലാം വെടിഞ്ഞു, ദരിദ്രനെപ്പോലെ ഈ ലോകത്തിൽ ജീവിച്ചു. നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നനായിരുന്നിട്ടും തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകേണ്ടതിനു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ (2 കൊരിന്ത്യർ 8:9). യേശുവിനോടു ചേർന്നു സംതൃപ്തരായിരിക്കുവാനവിടുന്ന് നമ്മോടും ആഹ്വാനം ചെയ്യുന്നു.

രണ്ട് യജമാനന്മാരെ ഒരേ സമയം സേവിക്കുവാനാർക്കും കഴിയുകയില്ല. ഈ ലോകത്തിലെ ധനത്തിനുവേണ്ടിയും അതേസമയം നിത്യമായ ധനത്തിനു വേണ്ടിയും അദ്ധ്വാനിക്കുവാൻ ഒരു ആത്മീയനു കഴിയുകയില്ല. ഈ ലോകത്തിന്റെ നേട്ടങ്ങൾ അന്വേഷിക്കുന്നവൻ നിത്യമായ സ്വർഗീയ സമ്പത്ത് നഷ്ടമാക്കുന്നു. എന്നാൽ ദൈവരാജ്യം അന്വേഷിക്കുന്നവന് ഉയരത്തിൽ നിത്യമഹത്വവും അതോടൊപ്പം ഈ ലോകസംബന്ധമായ എല്ലാ അനുഗ്രഹങ്ങളും ദൈവം നൽകും (മത്തായി 6: 33). ആയതിനായി നാം ഒരു തീരുമാനത്തിലെത്തേണ്ടതാണ്.

നമുക്കായി ത്യാഗത്തിന്റെയും നഷ്ടപ്പെടുത്തലിന്റേതുമായ മാർഗം സ്വീകരിച്ച യേശുകർത്താവ് ഒരു പുതിയ ചിന്താസരണി നമുക്കു മുമ്പാകെ തുറന്നിരിക്കുന്നു. വിശ്വാസത്തിന്റെ വിജയപതാക കയ്യിലേന്തി എല്ലാ അത്യാഗ്രഹത്തിൽ നിന്നും യേശുവിന്റെ രക്തത്താൽ നമുക്കു മോചനം പ്രാപിക്കാം. ദിനംപ്രതി യേശുവിങ്കലേക്കു നോക്കി പ്രചോദനം ഉൾക്കൊണ്ട് നമ്മുടെ ആസക്തികളോരോന്നായി ഉപേക്ഷിക്കാം. അതോടെ നമ്മുടെ സമസ്ത ആഗ്രഹങ്ങളും യേശുവിൽ സംതൃപ്തമാകും. ●



ബില്ലിഗ്രഹാം

# പാപക്ഷമ പ്രാപിക്കുവാൻ തയ്യാറാണോ?

**അ**വർ വീട്ടിൽ നിന്ന് 1,500 മൈൽ അകലെയായിരുന്നു. ആ നാട്ടിൽ ആർക്കും അവരെ അറിയില്ലായിരുന്നു, ആരും അവരെ ശ്രദ്ധിക്കുവാനും ഇല്ലായിരുന്നു. എന്നാൽ ദൈവം വീക്ഷിക്കുന്നുണ്ടെന്ന് അവർക്കറിയാമായിരുന്നു. യുവാക്കളെന്ന നിലയിൽ അവർ അവരെത്തന്നെ ദൈവത്തിനു സമർപ്പിച്ചിരുന്നു. ഈ യുവാക്കളുടെ പേര് : ശദ്രക്ക്, മേശക്ക്, അബേദ്നെഗോ. ബാബിലോണിലെ രാജാവായ നെബൂഖദ്നേസർ ജറുസലേം കീഴടക്കി യഹൂദന്മാരെ ബന്ദികളാക്കിയിരുന്നു. ശദ്രക്ക്, മേശക്ക്, അബേദ്നെഗോ. എന്നീ പുരുഷന്മാർ ഉറച്ച ആത്മീയ അച്ചടക്കം പാലിച്ചു ജീവിക്കുന്നവരായിരുന്നു. രാജാവ് ഭക്ഷണം കഴിക്കുന്നതിനു മുമ്പ് ആ ഭക്ഷണം വിഗ്രഹങ്ങൾക്ക് സമർപ്പിച്ചതിനാൽ, വിഗ്രഹാർപ്പിതമായ ഭക്ഷണം കഴിക്കുവാനും രാജാവിന്റെ മേശയിലെ വീഞ്ഞ് കുടിക്കാനും അവർ വിസമ്മതിച്ചു. അത് ദൈവത്തിന്റെ നിയമത്തിന് എതിരാണെന്ന് യുവാക്കൾക്ക് അറിയാമായിരുന്നു.

നെബൂഖദ്നേസർ ശക്തനും അഹന്തയുള്ളവനും ആയിത്തീർന്നു. തനിക്കായി ഒരു പ്രതിമ നിർമ്മിക്കാൻ അദ്ദേഹം തീരുമാനിച്ചു, പ്രതിമ 90 അടി ഉയരമുള്ളതും സ്വർണ്ണനിർമ്മിതവും... തുടർന്ന് അദ്ദേഹം പല രാജ്യങ്ങളിൽ നിന്നും വിവിധ മതസ്ഥരായ തന്റെ പ്രജകളെല്ലാം 'ദുരാ' സമതലത്തിലേക്ക് വന്നു ചേരുവാൻ കൽപ്പിച്ചു. അവിടെ വച്ച് ജനങ്ങളോട് ഇങ്ങനെ കൽപ്പിച്ചു: നിങ്ങൾ, ഓടക്കുഴൽ, കിന്നരം, തുടങ്ങിയ വാദ്യോപകരണങ്ങളുടെ ശബ്ദം കേൾക്കുമ്പോൾ എല്ലാത്തരം സംഗീതത്തോടും കാഹളത്തോടും കൂടി നെബൂഖദ്നേസർ രാജാവ് സ്ഥാപിച്ച സ്വർണ്ണബിംബത്തെ വീണാരാധിക്കണം. ആരാധിക്കാത്തവനെ അപ്പോൾത്തന്നെ എരിയുന്ന തീച്ചൂളയിലേക്ക് വലിച്ചെറിയും (ദാനിയേൽ 3:5, 6).

യഥാർത്ഥത്തിൽ ക്രിസ്തുവിനെ അനുഗമിക്കുകയാണെങ്കിൽ ഇത് പോലുള്ള പ്രലോഭനം നിങ്ങൾക്കും സംഭവിക്കും. നിങ്ങൾ പരീക്ഷിക്കപ്പെടും, നിങ്ങളുടെ വിശ്വാസം പിടിച്ചു കുലുക്കപ്പെടും. ഈ പരീക്ഷണങ്ങൾ വരുമ്പോൾ, നിത്യതയുടെ വെളിച്ചത്തിൽ തീരുമാനങ്ങളെടുത്തു പ്രവർത്തിക്കുക. എന്തൊരു വർണ്ണാഭമായ ദൃശ്യമായിരുന്നു അത്. കൊടിയേറ്റും വാദ്യമേളങ്ങളും കണ്ണിനിമ്പകരമായ എല്ലാം അവിടെ ഉണ്ടായിരുന്നു. പെട്ടെന്ന് ഘോഷകൻ വിളിച്ചു പറഞ്ഞപ്പോൾ കാഹളങ്ങളും മുഴങ്ങി, 'ജനതകളേ, ഭാഷക്കാരെ...കാഹളം, കുഴൽ, തംബുരു, വീണ, നാഗസ്വരം മുതലായ സകല ... നിങ്ങൾ വീണ് സ്വർണ്ണ ബിംബത്തെ ആരാധിക്കണം' (ദാനിയേൽ 3: 4,5).

വ്യാജ മതങ്ങൾ ഇങ്ങനെയാണ്. അത് എപ്പോഴും ബലം പ്രയോഗിച്ചാണ് നിയമങ്ങൾ അനുസരിപ്പിക്കുന്നത്. 'സാത്താൻ ഈ ലോകത്തിന്റെ ദൈവം' എന്ന് ബൈബിൾ പഠിപ്പിക്കുന്നു (2 കൊരിന്ത്യർ 4:4). അവൻ സ്വർലോകത്തിലെ ദുഷ്ടത്മസേനയുടെ പ്രഭു ആണ് (എഫേസ്യർ 2:2). അവൻ ഈ ലോകത്തിന്റെ അധിപനാണ് (യോഹന്നാൻ 12:31).

നെബൂഖദ്നേസർ ജനങ്ങളോട് പ്രതിമയെ ആരാധിക്കാൻ കൽപ്പിച്ചു. മത്തായി 4 ൽ ക്രിസ്തുവിനോടും പിശാചിനെ വണങ്ങി ആരാധിക്കാനാവശ്യപ്പെട്ടതായി നാം വായിക്കുന്നു. യേശു തർക്കിച്ചില്ല. അവിടുന്ന് പറഞ്ഞു, നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം, അവനെ മാത്രമേ സേവിക്കാവൂ എന്നെഴുതിയിരിക്കുന്നു (മത്തായി 4:10). യേശു ദൈവവചനം ഉപയോഗിച്ചു സാത്താനെ തോൽപ്പിച്ചു കൊണ്ട് പരീക്ഷയിൽ വിജയിയായി.

അതിനാണ് തിരുവെഴുത്തുഭാഗങ്ങൾ മന:പാഠമാക്കുന്നത്. യേശു തിരുവെഴുത്തുകളെ ഒരു ആയുധമായി ഉപയോഗിച്ചു. ആർക്കും രണ്ടു യജമാനന്മാരെ സേവിക്കാനാവില്ല; ഒന്നുകിൽ അവനൊരുവനെ വെറുക്കുകയും മറ്റവനെ സ്നേഹിക്കുകയും ചെയ്യും, അല്ലെങ്കിൽ അവനൊരുവനോടു വിശ്വസ്തനായിരിക്കുകയും മറ്റവനെ നിന്ദിക്കുകയും ചെയ്യും. നിങ്ങൾക്ക് ദൈവത്തെയും മാമോനെയും സേവിക്കാനാവില്ല (മത്തായി 6:24). ഓരോരുത്തരും തിന്മയും തെറ്റായതുമായ കാര്യങ്ങളുടെ മുന്നിൽ തലകുനിക്കുകയോ, അല്ലെങ്കിൽ ജീവനുള്ള സത്യ ദൈവത്തിന്റെ മുമ്പാകെ തലകുനിക്കുകയോ ചെയ്യുന്നത് തിരഞ്ഞെടുക്കണം.

അഹങ്കാരത്തിന്റെയും മോഹത്തിന്റെയും പണത്തിന്റെയും മറ്റ് പലതിന്റെയും മുമ്പിൽ തലകുനിക്കാൻ സാത്താൻ ആളുകളെ പ്രലോഭിപ്പിക്കുന്നു. വിജയം ആണ് മറ്റൊരു കാര്യം. സൂര്യനെക്കാൾ തിളങ്ങുന്ന, തന്റെ വിജയത്തിനും, മാനുഷിക മഹത്വത്തിനും വേണ്ടി സ്ഥാപിച്ച പ്രതിച്ഛായയാണ്: 'ഞാൻ സ്ഥാപിച്ച സ്വർണ്ണ ബിംബം എന്ന നെബൂഖദ്നേസറിന്റെ പ്രസ്താവന (ദാനിയേൽ 3:14). അവൻ ദൈവത്തിന് ഒരു മഹത്വവും നൽകിയില്ല. അവൻ പറഞ്ഞു, ഞാൻ അത് പണിതു. നമ്മിൽ ചിലരും അങ്ങനെ പറയുന്നു: ഞാൻ എന്താണ് ചെയ്തതെന്ന് നോക്കൂ... ഞാൻ ഈ ബിസിനസ്സ് നടത്തുന്നു... ഞാൻ എന്റെ കഴിവ് കൊണ്ട് ചെയ്തതാണ്... ഞാൻ ഈ കൃഷിയിടം നട്ടുണ്ടാക്കി... ഞാൻ ഇത് ചെയ്തു... ഞാൻ അത് ചെയ്തു.

നെബൂഖദ്നേസറിന് ഈ ചെറുപ്പക്കാരുടെ ശരീരത്തെ നശിപ്പിക്കാൻ കഴിയും, പക്ഷേ ആത്മാവിനെ നശിപ്പിക്കാൻ കഴിയില്ല. യേശു ഇങ്ങനെ മുന്നറിയിപ്പ് നൽകി; ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടരുത്, അവർക്കു ആത്മാവിനെ കൊല്ലാൻ കഴിയില്ല. എന്നാൽ ആത്മാവിനെയും ശരീരത്തെയും നരകത്തിൽ നശിപ്പിക്കാൻ കഴിവുള്ള

**അവർക്ക് കുറച്ച് എതിരാളികൾ ഉണ്ടായിരുന്നു. വേണമെങ്കിൽ അവരുടെ മുന്നിൽ തലകുനിച്ച് കുഴപ്പങ്ങൾ ഒഴിവാക്കാമായിരുന്നു. അവർ വിശ്വസിച്ചിരുന്ന എല്ലാ കാര്യങ്ങളിലും വിട്ടുവീഴ്ച ചെയ്യാമായിരുന്നു. യുക്തിസഹമായി പറയാമായിരുന്നു.**

വനെ ഭയപ്പെടുക (മത്തായി 10:28). നമുക്ക് ഒരു ശരീരമുണ്ട്, ഉള്ളിൽ ജീവിക്കുന്ന ഒരു ആത്മാവുമുണ്ട്. അത് നമ്മുടെ ജീവന്റെ ഭാഗമാണ്. എന്നേക്കും ജീവിക്കുന്നത് ആത്മാവാണ്. ഈ ലോകത്തിന്റെ പ്രതിച്ഛായകൾക്ക് മുന്നിൽ വണങ്ങുകയും, ജീവനുള്ള സത്യദൈവത്തെ നിരസിക്കുകയും ചെയ്യുന്നതിൽ നാം ഉറച്ചുനിൽക്കുകയാണെങ്കിൽ, പിശാചിന്റെ പിന്നാലെ നരകത്തിലേക്ക് പോകും. ദൈവത്തിന്റെ കൽപ്പനകൾ അനുസരിക്കാതിരിക്കുന്നത്, ആത്മീയവും ശാശ്വതവുമായ മരണമാണ് നമ്മിലുളവാക്കുന്നത്. ഈ മൂന്ന് എബ്രായ പുരുഷന്മാർ കുമ്പിട്ടില്ല. അവർ ധൈര്യത്തോടെ രാജകൽപ്പനയ്ക്കെതിരെ നിന്നു. അവരുടെ ആത്മീയ ധീരതയ്ക്കു ചക്രവർത്തി ദൃക്സാക്ഷിയായി.

നാം ദൈവരാജ്യത്തിൽ പ്രവേശിക്കണമെങ്കിൽ ദൈവപുത്രനെ ഹൃദയത്തിൽ കർത്താവും രക്ഷകനുമായി സ്വീകരിക്കണമെന്നും നമ്മെ ഭരിക്കാൻ ദൈവത്തെ അനുവദിക്കണമെന്നും വചനം പറയുന്നു. അവർക്ക് കുറച്ച് എതിരാളികൾ ഉണ്ടായിരുന്നു. വേണമെങ്കിൽ അവരുടെ മുന്നിൽ തലകുനിച്ച് കുഴപ്പങ്ങൾ ഒഴിവാക്കാമായിരുന്നു. അവർ വിശ്വസിച്ചിരുന്ന എല്ലാ കാര്യങ്ങളിലും വിട്ടുവീഴ്ച ചെയ്യാമായിരുന്നു. യുക്തിസഹമായി പറയാമായിരുന്നു. ഉവ്വ്, രാജാവിനെ അനുസരിക്കുക എന്നത് ഞങ്ങളുടെ കടമയാണ്. എന്നാൽ അവർക്ക് രാജകൽപ്പനയേക്കാൾ രാജാധിരാജാവായ മഹാദൈവത്തിന്റെ നിയമം ഉണ്ടായിരുന്നു. ജീവിക്കുന്ന ദൈവമുണ്ടായിരുന്നു. വേണമെങ്കിൽ അവർക്ക് ഇങ്ങനെ ചിന്തിക്കാമായിരുന്നു: ഇത് അല്പനേരത്തെ കാര്യം മാത്രമാണ്. ബാഹ്യമായി നാം പ്രതിമയെ വണങ്ങിയാലും ഉള്ളിൽ നാം വിശ്വസ്തരാണെന്ന് ദൈവത്തിനറിയാം. അല്ലെങ്കിൽ ആരുമറിയാതെ വീടിനുള്ളിൽത്തന്നെ കഴിഞ്ഞിരുന്നെങ്കിൽ അത് ഭീരു

ത്വമാകുമായിരുന്നു. പകരം ആയിരക്കണക്കിന് ആളുകളോട് സാക്ഷീകരിക്കാൻ അവർക്ക് അവസരം ലഭിച്ചു. അവർ ആ അവസരം പ്രയോജനപ്പെടുത്തി. വിഗ്രഹത്തെ കുമ്പിടാൻ വിസമ്മതിച്ചു.

നിങ്ങൾ ആരെ സേവിക്കണമെന്ന് ഇന്ന് നിങ്ങൾ തന്നെ തിരഞ്ഞെടുത്തു കൊള്ളുക (യോശുവ 24:15) നീ ആരെ സേവിക്കും? ജീവനുള്ള സത്യദൈവത്തെയോ... ? അതോ സാത്താനെയോ...? നിങ്ങളുടെ മാർഗ്ഗത്തിനു തടസമായി സാത്താൻ കൊണ്ടുവരുന്ന കാര്യങ്ങൾ, അവൻ നിങ്ങളുടെ മുമ്പിൽ സ്ഥാപിക്കുന്ന വിഗ്രഹങ്ങളെ നിങ്ങൾ സേവിക്കുമോ...? അവർ ശാന്തരായും ആത്മാഭിമാനത്തോടെയും സന്തോഷത്തോടെയും അഗ്നിച്ചൂളയിലേക്ക് പോയി. ദൈവം അവരോടൊപ്പം ഉണ്ടായിരുന്നു. അവർ തലയുയർത്തി അഗ്നിച്ചൂളയിൽ നിന്നും പുറത്തിറങ്ങി. തലയിലെ ഒരു രോമത്തിനു പോലും കേടു വന്നിരുന്നില്ല. വസ്ത്രങ്ങളിൽ പുകയുടെ ഗന്ധം പോലും ഉണ്ടായിരുന്നില്ല. രാജാവും അവരുടെ മുമ്പിൽ സാഷ്ടാംഗം വീണു പറഞ്ഞു: ഇതുപോലെ മറ്റൊരു ദൈവവുമില്ല (ദാനിയേൽ 3:29).

യേശുക്രിസ്തു കുരിശിന്റെ അടുത്തേക്ക് പോകുന്നതിന്റെ തലേരാത്രി മുട്ടുകുത്തി പ്രാർത്ഥിച്ചു. അടുത്ത ദിവസം നമുക്കുവേണ്ടി കുരിശിന്റെ

**അവർ ശാന്തരായും സന്തോഷത്തോടെയും അഗ്നിച്ചൂളയിലേക്ക് പോയി. ദൈവം അവരോടൊപ്പം ഉണ്ടായിരുന്നു. അവർ തലയുയർത്തി അഗ്നിച്ചൂളയിൽ നിന്നും പുറത്തിറങ്ങി.**

അടുത്തേക്ക് പോയി, അങ്ങനെ നമുക്ക് നിത്യജീവൻ ലഭിച്ചു. യേശു മരിച്ചു, ഉയിർത്തെഴുന്നേറ്റു. നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടാൻ, ദൈവത്തെ കാണാൻ തയ്യാറാണോ? നിങ്ങളുടെ ഹൃദയത്തിലോ മനസ്സിലോ എന്തെങ്കിലും സംശയമുണ്ടെങ്കിൽ അത് പരിഹരിക്കുന്നതാണ് നല്ലത്. നിങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ച്, കർത്താവേ, എനിക്ക് അങ്ങയെ വേണം എന്ന് പറയുക. ഇപ്പോൾ വിശ്വാസത്താൽ യേശുവിനെ സ്വീകരിക്കുക. രക്ഷകനായി മാത്രമല്ല, കർത്താവെന്ന നിലയിലും... അതായത് വ്യക്തിജീവിതം, ശരീരം, മനസ്സ്, സമസ്തവും ജീവകാലം മുഴുവനും യേശുക്രിസ്തുവിന് പൂർണ്ണമായും കീഴടങ്ങുന്നു എന്നാണ് യേശുവിനു സമർപ്പിക്കുന്നു എന്നതിന്റെ സാരം... ●

## ▶ 10 ദൈവത്തിന്റെ വിശ്വസ്തത

എതിർ ശക്തിയാണ്. പീഡനങ്ങൾ നടക്കുന്നത് ഈ കഠിനപ്പെട്ട മനുഷ്യരിൽ നിന്നാണ്. അവർ അധികാരം ഉള്ളവരാണ് എങ്കിൽ പീഡനം ശക്തമാകുന്നു.

എന്തുകൊണ്ടാണ് ഇസ്രായേൽ വിശ്വസിക്കാതെ പോയത് എന്നുള്ള ചോദ്യത്തിന് പൗലോസ് നൽകുന്ന ഉത്തരം: ദൈവം അവർക്ക് ഗാഢനിദ്ര വരുത്തിയിരിക്കുന്നു എന്നാണ്. ഗാഢനിദ്രയിലുള്ള ഒരാൾക്ക് കാണാത്ത കണ്ണുകളും കേൾക്കാത്ത ചെവികളുമാണ് ഉള്ളത്. നിദ്രയിലുള്ളവർക്ക് എന്ത് പറഞ്ഞാലും മനസ്സിലാവുകയില്ല. പൗലോസ് തുടർന്ന് സംസാരിക്കുന്നത് ഇസ്രായേൽ മക്കൾ ഇടറി, എങ്കിലും അവർ വീണു പോവുകയോ നശിച്ചു പോവുകയോ ഇല്ല. കാരണം ദൈവം അവർക്ക് ഒരു രക്ഷാപദ്ധതി ഒരുക്കിയിട്ടുണ്ട്.


ഇസ്രായേൽ ഒന്നാകെ ദൈവത്തെ സ്വീകരിക്കുന്ന ഒരു നാൾ വരും എന്ന് പൗലോസ് വിശ്വസിക്കുന്നു. ഒരു യഹൂദൻ എന്ന രീതിയിൽ പൗലോസ് പറയുന്നു: ജാതികളിൽ അനേകർ അബ്രഹാമിന്റെ മടിയിൽ ഇരിക്കുന്നത് കാണുമ്പോൾ യഹൂദാജനത്തിന് തീർച്ചയായും അസൂയ തോന്നും. അവർ ക്രിസ്തുവിന്റെ അടുക്കലേക്ക് ഓടി വരും എന്ന് പൗലോസ് വിചാരിക്കുന്നു. ഇസ്രായേൽ ജനം ഒന്ന് ഇടറിയത് ജാതികൾക്ക് ഇടം ലഭിക്കേണ്ടതിന് ആയിരുന്നുഎന്ന് ഈ വാക്യങ്ങൾ സം സാരിക്കുന്നു.

ഇസ്രായേലിന്റെ ലംഘനം ലോകത്തിനു മുഴുവൻ അനുഗ്രഹമായി ഭവിച്ചു. അവർക്കുണ്ടായ നഷ്ടം ജാതികൾക്ക് ദൈവീകസമ്പത്ത് ഉണ്ടാകുന്നതിന് കാരണമായിത്തീർന്നു.

അങ്ങനെയെങ്കിൽ ഇസ്രായേൽ മക്കൾ യഥാസ്ഥാനപ്പെടുന്ന ആ ദിവസം ലോകത്തിനു മുഴുവൻ അനുഗ്രഹമായും വീണ്ടെടുപ്പിന്റെ അടയാളമായും മാറും എന്നു പൗലോസ് പറയുന്നു. ഇസ്രായേൽ മക്കളും ഒരു ദിവസം ഈ രക്ഷയിൽ പങ്കാളിയായി ദൈവമക്കൾക്കുള്ള സന്തോഷം തിരിച്ചറിയുവാൻ ഇടയായി ത്തീരട്ടെ എന്ന് നമുക്കും പ്രാർത്ഥിക്കാം ●



അനു ഗ്രേസ് ചാക്കോ



# ആദർശമാതൃക

അനുകരിക്കുവാൻ യോഗ്യമായ ഉത്തമ മാതൃകകൾ ഇല്ല എന്നുള്ളതാണ് ലോകം നേരിടുന്ന വലിയ പ്രതിസന്ധി. വീടുകളിലും വിദ്യാലയങ്ങളിലും ജോലി സ്ഥലങ്ങളിലും എന്തിനേറെ ആത്മിക മേഖലയിൽപ്പോലും അനുകരിക്കുവാൻ ഉദാത്തമായ മാതൃകകളില്ല എന്നത് വേദനാജനകമാണ്. ഒരു കുഞ്ഞ് പിറന്നു വീഴുന്ന സമയം മുതൽ ശാരീരിക മാനസിക ആത്മീക തലങ്ങളിലെ ആരോഗ്യകരമായ വളർച്ചയ്ക്ക് നല്ല മാതൃകാജീവിതം കണ്ടു വളരേണ്ടത് അനിവാര്യമാണ്. കുട്ടിയുമായിട്ടിടപഴകുന്ന മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും സുഹൃത്‌വലയത്തിലുള്ളവരുടെയും വാക്കുകളും പ്രവർത്തികളും നിരീക്ഷിച്ചു കൊണ്ടാണ് കുട്ടി വളർന്നുവരുന്നത്. ഈ ഘടകങ്ങളെല്ലാം കുട്ടിയുടെ സ്വഭാവ രൂപീകരണത്തെ സ്വാധീനിക്കും. അതുകൊണ്ടുതന്നെ ചെറുപ്രായം മുതൽ കുട്ടികളുടെ മുമ്പിൽ അവരുമായി ഏറ്റവും കൂടുതൽ ഇടപഴകുന്നവരെന്ന നിലയിൽ മാതാപിതാക്കൾ മാതൃകയോടെ ജീവിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മകന്റെ സ്കൂളിൽനിന്ന് ഹെഡ്മാസ്റ്റർ ഫോൺ ചെയ്തതനുസരിച്ചാണ് തിരക്കുകളുടെ നടുവിലും പിതാവായ രാജു ഹെഡ്മാസ്റ്ററുടെ അടുക്കൽ എത്തിച്ചേർന്നത്. എന്തിനായിരിക്കും തന്നെ വിളിപ്പിച്ചത് എന്നുള്ള അല്പം ആശങ്കയോടും പരിഭ്രമത്തോടും കൂടിയായിരുന്നു താൻ സ്കൂളിലേക്ക് വന്നത്. വന്നപ്പോൾതന്നെ കരഞ്ഞുകൊണ്ട് വരാന്തയിൽ നിൽക്കുന്ന തന്റെ മകനെയാണ് കണ്ടത്. മകനോട് ചോദിച്ചപ്പോൾ കൂട്ടുകാർ തമ്മിൽ വഴക്കുണ്ടായി എന്നും, അതിന്റെ പേരിലാണ് തന്നെ പുറത്ത് നിർത്തിയിരിക്കുന്നത് എന്നുമാണ് മറുപടി ലഭിച്ചത്. ഹെഡ്മാസ്റ്ററുടെ മുറിയിലേക്ക് കയറിയ രാജുവിന്, തന്റെ മകനെക്കുറിച്ച് കേൾക്കേണ്ടി വന്ന വാക്കുകൾ അത്ര നല്ലതായിരുന്നില്ല. മാത്രമല്ല മനസ്സിനെ വളരെ വേദനിപ്പിക്കുന്നതും ആയിരുന്നു. നാലാം ക്ലാസ്സിൽ പഠിക്കുന്ന മകൻ ആരും പറയുവാനറയ്ക്കുന്ന ചീത്തവാക്കുകളാണ് വഴക്കുണ്ടാക്കിയപ്പോൾ സംസാരിച്ചതെന്ന് ഹെഡ്മാസ്റ്റർ പറഞ്ഞു. ചീത്തവാക്കുകൾ എന്താണെന്ന് കൂടി ഹെഡ്മാസ്റ്റർ പറഞ്ഞപ്പോഴാണ്, വീട്ടിൽ താനും ഭാര്യയും തമ്മിൽ വഴക്കുണ്ടാകുമ്പോൾ ഉപയോഗിച്ചിരുന്ന അതേ വാക്കുകളാണല്ലോ എന്നോർത്ത് അല്പസമയത്തേക്ക് സ്തബ്ധനായിപ്പോയത്. തന്റെ മാതൃകയില്ലാത്ത സംസാരവും പെരുമാറ്റവും ആണല്ലോ മകനെ ഈ ഗതിയിലെത്തിച്ചത് എന്നോർത്ത് ആഴമായ വേദനയും ദു:ഖവും ഉണ്ടാവുകയും, തൽഫലമായി മാതൃകയോടെ ജീവിക്കേണ്ടതിന്റെ ഉൾക്കാഴ്ച ലഭിക്കുകയും ചെയ്തു.

കുട്ടികളുടെ തെറ്റായ പെരുമാറ്റങ്ങളും ശീലങ്ങളും കണ്ട് അസ്വസ്ഥരാകുന്ന മാതാപിതാക്കൾ തങ്ങളുടെ ജീവിതത്തിൽ നിന്നും പകർത്തിയെടുത്തവയാണ് അവയെന്ന് ഒരിക്കലും സമ്മതിക്കാറില്ല. പകരം കുട്ടികളെ കുറ്റപ്പെടുത്തുകയാണ് ചെയ്യുന്നത്. ഒരു കുട്ടി ജനിക്കുമ്പോൾ അതിന്റെ മനസ്സ് ഒരു ബ്ലാങ്ക്പേപ്പർ പോലെയാണ്. ജനനത്തിനു ശേഷം കുട്ടി കണ്ടതും കേട്ടതും അറിഞ്ഞതും മനസ്സിലേക്ക് പകർത്തുകയാണ്. അത് നല്ല കാര്യങ്ങളാണെങ്കിലും മോശം കാര്യങ്ങളാണെങ്കിലും. മാതാപിതാക്കളിൽ നിന്നും മറ്റുള്ളവരിൽ നിന്നും കണ്ടും കേട്ടും അറിയുന്ന കാര്യങ്ങളിൽക്കൂടിയാണ് ഒരു കുട്ടിയുടെ സ്വഭാവരൂപീകരണം നടക്കുന്നത്.

നിങ്ങളുടെ റോൾ മോഡൽ ആരാണെന്ന് കുട്ടികളോട് ചോദിച്ചാൽ താരപരിവേഷത്തിൽ തിളങ്ങി

നിൽക്കുന്ന ആരെക്കുറിച്ച് എങ്കിലും ആകാം അവർ സംസാരിക്കുക. യഥാർത്ഥത്തിൽ കുട്ടികളുടെ മാതൃക അവരുടെ മാതാപിതാക്കൾ തന്നെ ആയിരിക്കണം. അനുകരിക്കുവാൻ നല്ല മാതൃകകൾ ഒന്നും അവരിലില്ലാത്തതുകൊണ്ടാണ് കുട്ടികൾ പലപ്പോഴും യാതൊരു ധാർമിക ജീവിത നിലവാരവും ഇല്ലാത്ത അനേകരെ മാതൃകയാക്കുവാൻ ശ്രമിക്കുന്നത്. കാരണം കുട്ടികളുടെ പ്രായം പലതിനെയും അനുകരിക്കുവാൻ വെമ്പൽ കൊള്ളുന്ന പ്രായമാണ്. ഇന്നത്തെ കുട്ടികളുടെ വസ്ത്രധാരണവും കേശാലങ്കാരവും ഉപയോഗിക്കുന്ന വാഹനങ്ങളും എല്ലാം ഇതിന്റെ തെളിവുകളാണ്. മാതൃകാ ജീവിതം ഇല്ലാത്ത മാതാപിതാക്കൾക്ക്, മക്കൾ എന്നെപ്പോലെ ആയിരിക്കണം എന്നു പറയുവാൻ കഴിയാതെ പോവുകയാണ്.

കുട്ടികളെ ശരിയും തെറ്റുമായ മനോഭാവത്തിലേക്കു നയിക്കുന്നതിൽ രക്ഷകർത്താക്കളുടെ സ്വാധീനവും പങ്കും വലുതാണ്. മറ്റുള്ളവർക്ക് പങ്കുവയ്ക്കുന്നതിലും, കരുതുന്നതിലും ഇന്നത്തെ തലമുറ വിമുഖരാണ്. ചെറുപ്രായത്തിൽ തന്നെ സ്വഭവനത്തിൽ നിന്ന്, ഇല്ലാത്തവർക്ക് പങ്കുവെക്കുന്നതും, ബന്ധുവീടുകൾ സന്ദർശിക്കുന്നതും, സന്തോഷവും സങ്കടവും പങ്കിടുന്നതും, വിശന്നു വലഞ്ഞുവന്ന ആളുകൾക്കു നല്ല മനസ്സോടെ കൊടുക്കുന്നതും കണ്ടിട്ടില്ലാത്ത കുട്ടികൾ സ്വാർത്ഥരായിപ്പോയാൽ അവരെ എങ്ങനെ കുറ്റപ്പെടുത്തും? കുട്ടികൾ സമസൃഷ്ടങ്ങളോടുള്ള സ്നേഹത്തിൽ വളരണമെങ്കിൽ മാതൃകയായി മാതാപിതാക്കൾ ജീവിക്കണം. സ്കൂൾ വിട്ട് വീട്ടിൽ വരുന്ന കുട്ടികൾ വിശേഷം പങ്കുവെക്കുന്ന കൂട്ടത്തിൽ തന്റെ ആഹാരത്തിൽ നിന്ന് ഒരു പങ്കെടുത്ത് വിശന്നിരിക്കുന്ന കുട്ടിക്ക് കൊടുത്തു എന്നു പറയുമ്പോൾ, മറ്റൊരു കുട്ടി തന്ന കറികൾ കൂട്ടി ചോറുണ്ടു എന്ന് പറയുമ്പോൾ, അങ്ങനെ എന്തിന് ചെയ്തു എന്നു ശകാരിക്കുന്ന മാതാപിതാക്കളും വിരളമല്ല. പങ്കുവെക്കലിന്റെ മഹത്വം എങ്ങനെ കുട്ടികളറിയും? വേറെ ആർക്കും ഒന്നും കൊടുക്കരുത് എന്ന് പഠിപ്പിച്ച മാതൃകയില്ലാത്ത മാതാപിതാക്കൾ തന്നെയാണ് ഇതിനുത്തരവാദി. ഇങ്ങനെ വളർന്നുവരുന്ന കുട്ടികൾ നാളെ സ്വാർത്ഥതയുടെ ആൾരൂപങ്ങളായും, മാതാപിതാക്കളെ അന്വേഷിക്കാത്തവരായും കടപ്പാടില്ലാത്തവരായും തീരുന്നു. പല മാതാപിതാക്കളും, തങ്ങളെ മക്കൾ അന്വേഷിക്കുന്നില്ല, ശ്രദ്ധിക്കുന്നില്ല എന്നു പരാതി പറയുന്ന സാഹചര്യമാണ്. ഒരു ചെടി വളരുവാൻ അതിന്റെ ചുവട്ടിൽ വെള്ളവും വളവും സമയത്തിന് നൽകുന്നതുപോലെ ധാർമിക മൂല്യങ്ങൾ കുഞ്ഞുങ്ങളിലേക്ക് നൽകുന്നില്ലെങ്കിൽ നാം ഇനിയും ദു:ഖിക്കേണ്ടി വരും.

മക്കൾ കള്ളം പറയുവാൻ പാടില്ല എന്നുള്ള നിർബന്ധം മാതാപിതാക്കൾക്കുണ്ട്. എന്നാൽ തങ്ങൾ കള്ളം പറയുന്നില്ല എന്ന പ്രാഗല്ഭ്യം അവർക്കില്ലതാനും. കൂട്ടുകാരന്റെ പെൻസിൽ മോഷ്ടിച്ചുകൊണ്ട് മകൻ വീട്ടിൽ വന്നപ്പോൾ, ശിക്ഷണത്തിന്റെ ഭാഗമായി കുട്ടിയെ മുട്ടിന്മേൽ നിർത്തി മേലാൽ മോഷ്ടിക്കില്ലെന്ന് പേപ്പറിൽ പലപ്രാവശ്യം എഴുതിച്ചു. ഈ ശിക്ഷണ നടപടികൾ നടപ്പാക്കവെയാണ് നാട്ടിലെ ഏതോ സംഘടനക്കാർ പിരിവിന് വേണ്ടി വീട്ടിലെത്തിയത്. അപ്പോൾ പിതാവ് അമ്മയോട് വിളിച്ചു പറയുകയാണ്: ഞാനിവിടില്ല എന്ന് അവരോട് പറഞ്ഞേക്കുക. പിരിവുകാർക്ക് പണം കൊടുക്കുന്നതിൽ നിന്ന് രക്ഷപ്പെടുവാൻ പിതാവ് കള്ളം പറയുന്നു. ഇത് കേട്ട് മുട്ടിന്മേലായിരുന്ന മകൻ വിളിച്ചു പറഞ്ഞു: അച്ഛനും വന്നു മുട്ടുകുത്തണം, കള്ളം പറയില്ല എന്ന് പേപ്പറിൽ എഴുതണം. ഇവിടെ ആരാണ് ജയിച്ചത്? എന്തു സന്ദേശമാണ് മകന് ലഭിച്ചത്? മകന്റെ മുമ്പിൽവെച്ച് കള്ളം പറഞ്ഞ പിതാവിന്റെ ജീവിതം കണ്ട മകന് താൻ ചെയ്തത് തെറ്റാണെന്ന് തിരിച്ചറിയുവാനുള്ള സാധ്യതയുണ്ടോ?

മാതാപിതാക്കളുടെ മാതൃകയില്ലാത്ത ശിക്ഷണങ്ങൾക്ക് മക്കളിൽ രൂപാന്തരം വരുത്തുവാൻ സാധിക്കുകയില്ല. എങ്ങനെ നല്ല മാതൃകകളായി ജീവിക്കുവാൻ സാധിക്കും എന്ന കാര്യത്തെക്കുറിച്ച് ചിന്തിക്കാം. കുടുംബത്തിൽ താൻ ഒരന്യനാണെന്നുള്ള ചിന്ത കുട്ടികൾക്ക് ഉണ്ടാകാതെ എല്ലാ കാര്യത്തിലും അവരെ ചേർത്ത് നിർത്തുക. അവർ കുട്ടികളാണെങ്കിലും അവരെ വ്യക്തികളായി കണ്ടുകൊണ്ട് ബഹുമാനിക്കുക. അവരുടെ വ്യക്തിത്വത്തെ, അഭിപ്രായത്തെ, ആശയങ്ങളെ മാനിക്കുക. മാതാപിതാക്കളുടെ ഇഷ്ടങ്ങൾ നിർബന്ധിച്ച് കുട്ടികളുടെ മേൽ അടിച്ചേൽപ്പിക്കുവാൻ പാടില്ല. അവരുടെ അഭിപ്രായങ്ങൾക്കും ആശയങ്ങൾക്കും ഒരുപാട് പോരായ്മകൾ ഉണ്ടെങ്കിൽ പോലും അവരുടെ വാക്കുകൾ കേൾക്കുവാനും ശ്രദ്ധിക്കുവാനും തയ്യാറാകണം. തന്റെ വാക്കുകൾ ശ്രദ്ധിക്കുവാൻ മനസ്സ് വെക്കുന്ന മാതാപിതാക്കളെ കുട്ടികളും ഹൃദയത്തോട് ചേർത്തുവയ്ക്കും എന്നതാണ് സത്യം.

കുട്ടികൾ എങ്ങനെ ആയിത്തീരണമെന്ന് മാതാപിതാക്കൾ ആഗ്രഹിക്കുന്നുവോ അത് അവർക്ക്

മുമ്പിൽ കാണിച്ചു കൊടുക്കുക. വീട്ടിലെ ചെറിയ കാര്യങ്ങൾ ചെയ്യുവാൻ പോലും കുട്ടികൾ തയ്യാറാകുന്നില്ല എന്ന പരാതി പലയിടങ്ങളിലും ഉണ്ട്. വീടിനകത്ത് അധ്വാനത്താൽ വീർപ്പുമുട്ടുന്ന മാതാവിനെ സഹായിക്കുന്ന പിതാവിനെ കണ്ടു വളരുന്ന കുട്ടികളാണെങ്കിൽ, തീർച്ചയായും പറ്റുന്ന കാര്യങ്ങൾ ചെയ്യുവാൻ അവരും മനസ്സും ഉത്സാഹവും ഉള്ളവരായിരിക്കും. പോലീസിനെപ്പോലെ കുറ്റം കണ്ടുപിടിക്കുകയും, ജഡ്ജിയെപ്പോലെ വിധിക്കുകയും ചെയ്യുന്ന പിതാവിനെയോ മാതാവിനെയോ കണ്ടുവളരുന്ന കുട്ടികൾ, മറ്റുള്ളവരെ മാതൃകയാക്കിയാൽ അവരെ കുറ്റപ്പെടുത്തിയത് കൊണ്ട് എന്ത് പ്രയോജനം?

കാരണം കൂടാതെയോ തെറ്റിദ്ധാരണകൾ കൊണ്ടോ കുട്ടികളെ വേദനിപ്പിക്കുന്ന നടപടികൾ ചിലപ്പോൾ മാതാപിതാക്കളുടെ ഭാഗത്തുനിന്ന് ഉണ്ടാകാറുണ്ട്. കുട്ടികൾ തെറ്റ് ചെയ്താൽ തങ്ങളോട് അവർ ക്ഷമ ചോദിക്കണമെന്ന് പല മാതാപിതാക്കൾക്കും ആഗ്രഹവും നിർബന്ധവും ഉണ്ട്. എന്നാൽ മക്കളോട് തെറ്റ് ചെയ്തു പോയാൽ അവരോട് ക്ഷമ പറയുവാൻ ദുരഭിമാനം പലപ്പോഴും പലരെയും അനുവദിക്കാറില്ല. ഇക്കാര്യത്തിലും മാതാപിതാക്കൾ മാതൃകയായിരിക്കണം.

കുടുംബജീവിതത്തിൽ അഭിപ്രായവ്യത്യാസങ്ങളും തർക്കങ്ങളും പലപ്പോഴും ഉണ്ടായേക്കാം. എന്നാൽ സൂര്യനസ്തമിക്കുന്നതിന് മുമ്പ് ഒരുമിച്ചിരുന്നുള്ള പ്രാർത്ഥനയിൽ പരസ്പരം ക്ഷമ ചോദിക്കുന്നത് കണ്ട് വളരുന്ന കുട്ടികൾ, ക്ഷമിക്കേണ്ടതിന്റെ ആവശ്യകതയും രീതികളും കണ്ടുപഠിച്ചാൽ, അവരും കുടുംബജീവിതം നയിക്കുമ്പോൾ ഇക്കാര്യത്തിൽ മാതാപിതാക്കളുടെ അനുഭവങ്ങൾ തീർച്ചയായും മാതൃകയാക്കും.

ഇങ്ങനെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും മാതൃകാജീവിതം നയിച്ചുകൊണ്ട്, കുടുംബത്തിലും സഭയിലും സമൂഹത്തിലും റോൾമോഡലുകളായി ജീവിക്കുവാനും അനേകർക്ക് അനുഗ്രഹമായിത്തീരുവാനും നമ്മെ സമർപ്പിക്കാം. •

# മന:സാക്ഷിയുടെ കോടതിയിൽ നിന്നുമുള്ള വിടുതൽ

മനുഷ്യരെ സൃഷ്ടിച്ച നാളിൽ അവർക്ക് വസ്ത്രത്തിന്റെ ആവശ്യം തോന്നുകയോ അത് ഇല്ലാതിരുന്നതിനാൽ ലജ്ജ തോന്നുകയോ ചെയ്തിരുന്നില്ല. മിഠായിയോ കൂട്ടുകാരുടെ കൊച്ചു കളിപ്പാട്ടങ്ങളോ സൂത്രത്തിൽ വശത്താക്കി നടന്നു നീങ്ങുന്ന ഒരു കുട്ടി, കയ്യിലുള്ളത് മറച്ചു പിടിക്കാൻ തത്രപ്പെടുന്നതും, മുഖത്ത് പരിഭ്രാന്തി പരക്കുന്നതും കാണാറില്ലേ? അതായത് സ്രഷ്ടാവിന്റെ കാലൊച്ച കേട്ട ആദിമാതാപിതാക്കൾ ചെയ്തതിന്റെ ആവർത്തനം. കുറ്റബോധവും മന:സാക്ഷിയുടെ ആക്ഷേപവും ഒരുവനിൽ തന്നെ കുടികൊള്ളുന്ന കോടതികളാണ്. അനാവശ്യമായി കൈവശം വെച്ചിരിക്കുന്നത് വിട്ടുകളയുകാണ് ഈ കോടതികളിൽ നിന്നും രക്ഷപ്പെടാൻ പ്രധാനമായും ചെയ്യേണ്ടത്.

ലോകത്തിലെ കോടതികളിൽ നിന്നും വൈദഗ്ദ്യത്തോടെ രക്ഷപ്പെട്ടാലും ഈ കോടതികളുടെ ശിക്ഷ അനുഭവിച്ചുകൊണ്ടേയിരിക്കണം. മനുഷ്യന്റെ മുമ്പിൽ വീട്ടുവാനുള്ള കടങ്ങൾ വീട്ടണം. പണത്തിന്റെ കാര്യത്തിലെ കടങ്ങൾ മാത്രമല്ല, വാക്കുകൾ, പ്രവൃത്തികൾ, നിലപാടുകൾ ഉത്തരവാദിത്വങ്ങൾ എല്ലാം ഇതിൽപ്പെടും. ചെയ്ത പ്രവൃത്തിയും പറഞ്ഞ വാക്കുകളും കൈക്കൊണ്ട നിലപാടുകളും മാത്രമല്ല, പറയേണ്ടത് പറയാതെയും, ചെയ്യേണ്ടത് ചെയ്യാതെയും, എടുക്കേണ്ട നിലപാടുകൾ എടുക്കാതെയും, ചുമതലകൾ നിറവേറ്റാതെയും, കുറ്റക്കാരനാകാം. ഇത്തരം കടങ്ങൾ വീട്ടാനുള്ളിടത്തു വീട്ടാതെ ദൈവസന്നിധിയിൽ എത്ര നിലവിളിച്ചാലും കടം വീട്ടി കിട്ടിയ തൃപ്തി ഉള്ളിലുണ്ടാവുകയില്ല.

ദൈവത്തിനു മാത്രം ക്ഷമിക്കാൻ കഴിയുന്ന ചില കടങ്ങൾ ഉണ്ടാകും. ഇവയ്ക്ക് ക്ഷമനേടിയാലും ചിലർക്ക് ഉള്ളിൽ ആ ബോധ്യം ലഭിക്കാതെ പിന്നെയും ക്ഷമക്കായി പ്രാർത്ഥിച്ചും ഹൃദയഭാരത്തോടെയും തുടരുന്നതും കാണാറുണ്ട്. ആ കടങ്ങളെ നിരുപാധികം, പൂർണ്ണമായി വീട്ടുന്ന ദൈവീക കോടതിയുടെ വ്യവസ്ഥകൾ അറിയാത്തതാണ് ഇതിന് പ്രധാന കാരണം. അതിനു വചനം പഠിക്കണം. •



രാജു അത്താണിക്കൽ

# ജാതീയ സ്വഭാവങ്ങൾ...

*പത്രോസ് ശ്ലീഹായുടെ ലേഖനത്തിൽ ഇപ്രകാരം വായിക്കുന്നു: കഴിഞ്ഞകാലങ്ങളിൽ, യെഹൂദേതരർ ഇഷ്ടപ്പെട്ടതും അവർ അനുവർത്തിച്ചുവന്നതുമായ, കുത്തഴിഞ്ഞ ജീവിതരീതി, ദുർമോഹം, മദ്യപാനം, മദിരോത്സവം, കൂത്താട്ടം, നിഷിദ്ധമായ വിഗ്രഹാരാധന തുടങ്ങിയവയിൽ നിങ്ങൾ ജീവിച്ചിരുന്നു. അവരുടെ അപരിഷ്കൃതവും നാശകരവുമായ ചര്യകളിൽ നിങ്ങൾ അവരോടൊപ്പം പങ്കു ചേരാത്തതിൽ അവർ അത്ഭുതപ്പെടുകയും നിങ്ങളെ ദുഷിക്കുകയും ചെയ്യുന്നു. എന്നാൽ ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും ന്യായം വിധിക്കാൻ തയ്യാറായിരിക്കുന്ന ദൈവത്തിനുമുമ്പാകെ അവർ കണക്കു ബോധിപ്പിക്കേണ്ടിവരും. അതുകൊണ്ടാണ് ഇപ്പോൾ മൃതാവസ്ഥയിലിരിക്കുന്നവരോടും സുവിശേഷം പ്രസംഗിച്ചത്. അവർ സകലമനുഷ്യരെയുംപോലെ മരണത്തിന് വിധിക്കപ്പെടുന്നവരെങ്കിലും ആത്മാവിൽ ദൈവഹിതപ്രകാരം ജീവിക്കുന്നു. എന്നാൽ, സകലത്തിന്റെയും അന്ത്യം ആസന്നമായിരിക്കുന്നു. അതുകൊണ്ടു നിങ്ങൾ പ്രാർഥനയിൽ സമചിത്തതയും ജാഗ്രതയും പുലർത്തുക. (1 പത്രോസ് 4: 3-7).*

പുരാതനകാലം മുതൽ മേൽവിവരിച്ച ജാതീയ പാപങ്ങൾ എല്ലാം തന്നെ മാനവരാശിയുടെ മേൽ വാണിരുന്നു. ഇസ്രായേൽമക്കൾക്ക് പാലും തേനും ഒഴുകുന്ന കനാൻദേശം അവകാശമായി കൊടുക്കുമ്പോൾ, യഹോവയായ ദൈവം അവരോട് സൂചിപ്പിച്ചിരുന്നത്: നിങ്ങൾ ജാതികളെ നിങ്ങളുടെ ഇടയിൽനിന്ന് നീക്കിക്കളഞ്ഞില്ലെങ്കിൽ അവർ നിങ്ങളുടെ വിലാപ്പുറത്തെ മുള്ളായും, അവരുടെ ദൈവം നിങ്ങൾക്ക് കെണിയായും തീരും (ന്യായാധിപന്മാർ 2: 3). എന്നാൽ അവർ ജാതികളുമായി ഇടകലർന്ന് ദൈവത്തോട് പാപം ചെയ്തു. പുതിയനിയമത്തിലേക്ക് വരുമ്പോൾ ജാതികളെക്കുറിച്ച് ഇത്തരം പരാമർശം ഇല്ലെങ്കിലും ജാതീയസ്വഭാവങ്ങൾക്ക് അടിമപ്പെടരുതെന്ന് വ്യക്തമായി യേശു പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തു.

നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത് ( മത്തായി 6: 7). മൂലഭാഷയിൽ ജല്പനം എന്ന വാക്കിന് ചിലച്ചുകൊണ്ടിരിക്കുക, ആവർത്തിക്കുക, അർത്ഥമില്ലാത്ത വാക്കുകൾ പറയുക എന്നൊക്കെയാണ്. മനുഷ്യവർഗ്ഗത്തെ ശ്രദ്ധിച്ചാൽ നിരീശ്വരവാദികളൊഴികെ മറ്റെല്ലാ വിഭാഗങ്ങളും ചെയ്തു പോരുന്ന ഒരു കർമ്മമാണ് പ്രാർത്ഥന! ചിലർ സത്യദൈവത്തോടും, ചിലർ ദൈവസൃഷ്ടിയായ സൂര്യൻ, ചന്ദ്രൻ, വായു, അഗ്നി, കാറ്റ്, ഇടിമിന്നൽ എന്നിങ്ങനെയുള്ള പ്രപഞ്ചശക്തികളോടും, മറ്റു ചിലർ മുൻകാലങ്ങളിൽ അമാനുഷിക പരിവേഷത്തിൽ ജീവിച്ചിരുന്ന വ്യക്തികളോടും പ്രാർത്ഥന കഴിച്ച് പോന്നു. വിശുദ്ധ തിരുവെഴുത്തിൽ പല രീതിയിലുള്ള പ്രാർത്ഥനകൾ ഉണ്ടെങ്കിലും പ്രാർത്ഥനയെ പ്രധാനമായും രണ്ടായി തിരിക്കാം. **1.** പാരമ്പര്യമായി കൈമാറിവരുന്ന ആചാരപരമായ പ്രാർത്ഥനകൾ. **2.** അതിഭാഷണത്താലുള്ള പ്രാർത്ഥനകൾ. ഇവയെക്കുറിച്ച് എല്ലാം നമ്മുടെ കർത്താവ് തിരുവചനത്തിൽ നിശിതമായി വിമർശിച്ചിട്ടുണ്ട്. നമ്മുടെ ആവശ്യങ്ങൾ നാം അറിയുന്നതിന് മുമ്പ് തന്നെ യേശു അറിയുന്നു. അതിനാൽ സാഹിത്യമോ വ്യാകരണമോ ഒന്നും പ്രാർഥനയിലാവശ്യമാണെന്ന് തോന്നുന്നില്ല. ഹൃദയം പകർന്ന് ഒരു ഏറ്റുപറച്ചിൽ! യേശു പറഞ്ഞു; നീയോ പ്രാർ

ത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിലടച്ച് രഹസ്യത്തിലുള്ള നിന്റെ പിതാവിനോട് പ്രാർത്ഥിക്ക! ആളുകൾ കൂടി വരുമ്പോഴുള്ള പ്രാർത്ഥനയും ഉണ്ട്. അതെല്ലാം ജല്പനങ്ങളോ ആകർഷകങ്ങളോ ആകുന്നത് ജാതികളിൽ കാണാറുണ്ട്.

വീണ്ടും തിരുവെഴുത്തിലേയ്ക്ക് വരുമ്പോൾ, എന്തു തിന്നും, എന്ത് കുടിക്കും, എന്ത് ഉടുക്കും എന്ന് ചിന്തിക്കുന്നത് ജാതീയസ്വഭാവമാണെന്ന് കർത്താവ് ഓർപ്പിക്കുന്നു( മത്തായി 6 :31 ). വെള്ളത്തിൽ വളരുന്ന താമരയ്ക്കും, താഴ്‌വരയിൽ വളരുന്ന ലില്ലിപ്പൂക്കൾക്കും ഇത്രയേറെ ഭംഗിയും സൗന്ദര്യവും നൽകിയ ദൈവം, സ്വന്ത ജീവരക്തം കൊടുത്തു വിലയ്ക്ക് വാങ്ങിയ തന്റെ മക്കൾക്ക് വേണ്ടി കരുതാതിരിക്കുമൊ? ശലോമോൻ പോലും തന്റെ സർവ്വ മഹത്വത്തിലും ഈ സാധാരണ സസ്യങ്ങളോളം ചമഞ്ഞിരുന്നില്ല എന്നു മനസ്സിലാക്കണം. സ്രഷ്ടാവായ ദൈവത്തെയും മുഴുലോകത്തേക്കാളും വിലയുള്ള ആത്മാവിനെയും മറന്നു കൊണ്ട് ഈ ലോകനന്മകളുടെ പുറകെ മാത്രം ഓടിപ്പോകുന്നവരെയും നമ്മുടെ ചുറ്റിലും കാണാം. ഒരുവൻ ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടനത്രെ (1 കൊരിന്ത്യർ 15: 19). ധനവാനായ ഒരു മനുഷ്യന്റെ അവസ്ഥയെക്കുറിച്ച് യേശു സൂചിപ്പിക്കുന്നുണ്ട് (ലൂക്കോസ് 12: 16 - 20 ). അവൻ ഭാവിയിലേക്ക് വേണ്ടതെല്ലാം കരുതുന്ന തിരക്കിലായിരുന്നു. തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നതായിരുന്നു അവന്റെ മുദ്രാവാക്യം. കർത്താവ് അവനോട് ചോദിക്കുന്നത്: മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നിൽ നിന്ന് എടുത്താൽ നീ സമ്പാദിച്ചത് ആർക്കാകും? ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു തന്നെ നിക്ഷേപിക്കുന്നവന്റെ ഗതി ഇങ്ങനെയാവും. ആകയാൽ ജാതികളെപ്പോലെ ലോകമോഹങ്ങൾക്കടിമപ്പെട്ടു അകത്തെ മനുഷ്യനെ നശിപ്പിച്ചു കളയുവാൻ ഇടവരരുതേ...!

ഒരിക്കൽ യേശുതമ്പുരാൻ തന്റെ ശിഷ്യന്മാരെ അടുക്കെ വിളിച്ച് ഇപ്രകാരം പറഞ്ഞു: ജാതികളിൽ അധിപതികളായവർ അവരിൽ കർതൃത്വം നടത്തുന്നു. അവരിൽ മഹത്തുക്കളായവർ അവരുടെ മേൽ അധികാരം നടത്തുന്നു( മർക്കോസ് 10: 42, 43). നിങ്ങളുടെ ഇടയിൽ അങ്ങനെ അരുത്. ജാതികളിൽ ബലവാന്മാർ അവരുടെ ഇടയിലുള്ള ബലഹീനരെ ഭരിക്കുവാനാഗ്രഹിക്കുന്നു. സവർണ്ണരായവർ അല്ലാത്തവരുടെ മേൽ ആധിപത്യം ആഗ്രഹിക്കുന്നു. രാജാവും പ്രജകളും എന്ന രീതിയിലുള്ള ജാതീയ ആശയങ്ങളാണ് അതെല്ലാം. നിങ്ങളുടെ ഇടയിൽ അങ്ങനെയരുത് എന്ന് മുൻകൂട്ടി സൂചിപ്പിച്ചിരിക്കുന്നു. ആത്മീയ ഗോളത്തിലും ഈ ജാതിയ സ്വഭാവം പടർന്നു പിടിക്കാൻ സാധ്യതയുണ്ട്. ശിഷ്യന്മാരുടെ കാലുകൾ കഴുകിയ കർത്താവിന്റെ മാതൃക നാം പിന്തുടരേണ്ടതാണ്. വലിയവനാകുവാൻ ഇച്ഛിക്കുന്നവരെല്ലാം മറ്റുള്ളവരുടെ ദാസനായിരിക്കട്ടെ. അതല്ല, മറ്റൊരുവന്റെ മേൽ വാഴുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അത് നമ്മെ ക്രിസ്തുവിന്റെ ദിവ്യസ്വഭാവം പ്രാപിക്കുന്നതിനു തടസ്സപ്പെടുത്തുന്ന ജാതിയസ്വഭാവമാണ്.

**ജീവരക്തം കൊടുത്തു വിലയ്ക്ക് വാങ്ങിയ തന്റെ മക്കൾക്കു വേണ്ടി ദൈവം കരുതാതിരിക്കുമൊ?**

വീണ്ടും തിരുവചനത്തിലേക്ക് വരുമ്പോൾ ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധി അനുസരിച്ച് നടക്കുന്നതുപോലെ നിങ്ങൾ നടക്കരുത് (എഫെസ്യർ 4:17). നികൃഷ്ടബുദ്ധി, അന്ധബുദ്ധി, വ്യർത്ഥബുദ്ധി എന്നീ വാക്കുകളാണ് തിരുവെഴുത്തിൽ ഇതിനായി ഉപയോഗിച്ചിട്ടുള്ളത്. ദൈവം നൽകിയ ബുദ്ധിശക്തി ഉപയോഗിച്ച് ദൈവത്തിന്റെ മഹത്വം തേടുന്നതിന് പകരം, ഭൗതികനന്മകൾ തേടി അലയുന്ന ജാതീയസ്വഭാവമാണ് വ്യർത്ഥബുദ്ധി.

ദൈവത്തെ അറിഞ്ഞിട്ടും ദൈവത്തെ ദൈവം എന്നോർത്ത് മഹത്വീകരിക്കുകയോ, നന്ദി കാണിക്കുകയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു. അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി ( റോമർ 1 :22). അജ്ഞാനവും, ഹൃദയകാഠിന്യവും നിമിത്തം അവർ അന്ധബുദ്ധികളായി നിത്യജീവനിൽ നിന്നും അകന്നുപോകുന്നു (എഫെസ്യർ 4 :18 ). ആത്മീയമണ്ഡലത്തിൽ പലരും വ്യർത്ഥബുദ്ധിക്ക് അടിമപ്പെട്ട് കാലടികൾ കുഴഞ്ഞവരായി കാലത്തിന്റെ ഗതി അനുസരിച്ച് പോയിക്കൊണ്ടിരിക്കുന്നു. ആയതിനാൽ ദൈവം നമുക്ക് നൽകിയ ബുദ്ധിയും പ്രാപ്തിയും, ആയുസ്സും ആരോഗ്യവും ദൈവത്തിന് പ്രസാദകരമായ നിലയിൽ വിനിയോഗിച്ച് പാറമേൽ വീട് പണിത ബുദ്ധിയുള്ള മനുഷ്യനോട് തുല്യരാകുവാൻ സർവ്വകൃപാലുവായ ദൈവം നമ്മെ സഹായിക്കട്ടെ. •



**അനി ചാക്കോ**

# മരണത്തിനും തടയാനാവാത്ത അമൂല്യനിധി!

**ഒ**രു ദിവസം രാവിലെ, ഒരു ധനികൻ തന്റെ ബാൽക്കണിയിൽ ഇളംവെയിലാസ്വദിച്ച് ചുറ്റുപാടുകൾ നിരീക്ഷിച്ചു കൊണ്ടിരിക്കുമ്പോൾ ചെറിയ ഒരു ഉറുമ്പ് തന്റെ ശ്രദ്ധയിൽപ്പെട്ടു. ഉറുമ്പിന്റെ പലമടങ്ങ് വലിപ്പമുള്ള ഒരു ഇലയും വഹിച്ചുകൊണ്ട് ബാൽക്കണിയിലൂടെ നീങ്ങിക്കൊണ്ടിരുന്നു. ആ മനുഷ്യൻ ഒരു മണിക്കൂറിലധികം അത് വീക്ഷിച്ചു. ഉറുമ്പ് അതിന്റെ പ്രയാണത്തിനിടയിൽ നിരവധി തടസ്സങ്ങൾ നേരിടുന്നതായി അദ്ദേഹം കണ്ട ു. അപ്പോഴൊക്കെ അൽപ്പം ആലോചിച്ചിട്ട് പോകേണ്ട വഴിക്കു ചില മാറ്റങ്ങൾ വരുത്തി ലക്ഷ്യസ്ഥാനത്തേയ്ക്ക് പ്രയാണം തുടർന്ന് കൊണ്ടിരുന്നു. മുന്നേറുമ്പോൾ ഒരിടത്ത് ആ ചെറുജീവി തന്റെ പാതയിൽ തടസ്സമായി ഒരു വിടവ് കണ്ടു. അത് അൽപനേരം ആലോചിച്ചതിനു ശേഷം, ഇല വിടവിനു മുകളിൽ വെച്ചു, ഇലയുടെ മുകളിലൂടെ നടന്നു, മറുവശത്ത് എത്തി. വീണ്ടും ഇലയും വഹിച്ചു കൊണ്ട് ലക്ഷ്യത്തിലേക്കുള്ള തന്റെ യാത്ര തുടർന്നു.

ഉറുമ്പിന്റെ ഈ മിടുക്ക് ആ മനുഷ്യനെ അത്ഭുതപ്പെടുത്തി! വളരെ ചെറുതെങ്കിലും ഉറുമ്പിന് നിരാശയോ മടുപ്പോ അനുഭവപ്പെടാതെ അത് യാത്ര തുടർന്നത് ആ മനുഷ്യനെ അത്ഭുതപരതന്ത്രനാക്കി. സ്രഷ്ടാവിന്റെ ഈ സൂക്ഷ്മവും പരമവും ആയ ജ്ഞാനം സൃഷ്ടിയുടെ അത്ഭുതത്തെക്കുറിച്ച് ചിന്തിക്കാൻ തന്നെ നിർബന്ധിക്കുകയും ചെയ്തു. ചിന്താശേഷിയുള്ള മനുഷ്യനു മാത്രമല്ലാതെ മറ്റു യാതൊരു ജീവജന്തുക്കളും ആത്മഹത്യ ചെയ്തതായി കേട്ടിട്ടുണ്ടോ? ദൈവികജ്ഞാനത്തിന്റെ ശ്രേഷ്ഠത എത്ര അഗോചരം! വിശകലനം ചെയ്യാനും ചിന്തിക്കാനും യുക്തിസഹമായി പര്യവേക്ഷണം ചെയ്യാനും നീക്കുപോക്കു കണ്ടെത്തി മറികടക്കാനും ചെറുതെങ്കിലും ഉറുമ്പിന് മസ്തിഷ്കമുണ്ട് എന്നത് സ്രഷ്ടാവിന്റെ മഹത്വത്തെ വെളിപ്പെടുത്തുന്നു. അൽപ്പസമയത്തിന് ശേഷം ആ ചെറിയ ജീവി അതിന്റെ ലക്ഷ്യസ്ഥാനത്ത് എത്തിയതായി താൻ കണ്ടു. അത് തറയിലെ ഒരു ചെറിയ ദ്വാരം ആയിരുന്നു. തന്റെ വാസസ്ഥലത്തിന്റെ പ്രവേശന കവാടമായിരുന്നു.

ഈ സമയത്താണ് ഉറുമ്പിന്റെ പരിമിതി വെളിപ്പെട്ടത്. ലക്ഷ്യസ്ഥാനം വരെ വളരെ ശ്രദ്ധാപൂർവം കൊണ്ടുവന്ന ഇലയെ, ഉറുമ്പിന് എങ്ങനെ ആ ചെറിയ ദ്വാരത്തിലേക്ക് കൊണ്ടുപോകാൻ കഴിയും? അതിന് കഴിഞ്ഞില്ല! ആ കൊച്ചു ജീവി, തന്റെ കഴിവുകൾ വിനിയോഗിക്കുകയും കഠിനാധ്വാനം ചെയ്യുകയും ചെയ്തു, വഴിയിലെ എല്ലാ പ്രതിസന്ധികളെയും തരണം ചെയ്ത് ഇത്രത്തോളം

**മരണാനന്തരം ആരെങ്കിലും എന്തെങ്കിലും കൂടെക്കൊണ്ടുപോയതായി ആർക്കെങ്കിലും അറിവുണ്ടോ? തിരുവെഴുത്തു വ്യക്തമായി പറയുന്നു ഇഹലോകത്തിലേയ്ക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ല, ഇവിടെ നിന്നും ഒന്നും കൊണ്ടുപോകുവാനും സാധ്യമല്ല.**

കൊണ്ടുവന്ന ആ ഇല ഉപേക്ഷിച്ച് വെറുംകൈയോടെ തന്റെ കൂട്ടിലേക്ക് പോയി.

ഉറുമ്പ് അതിന്റെ വെല്ലുവിളി നിറഞ്ഞ യാത്ര ആരംഭിക്കുന്നതിന് മുമ്പ് അവസാനത്തെക്കുറിച്ച് ചിന്തിച്ചിരുന്നില്ല. അവസാനം ആ ഇല അതിന് ഒരു ഭാരം മാത്രമായി ശേഷിച്ചു എന്നയാൾ നിരീക്ഷിച്ചു. ആ മനുഷ്യൻ അന്ന് ഒരു വലിയ പാഠം പഠിച്ചു. തങ്ങളുടെ ജീവിതത്തെപ്പറ്റിയുമുള്ള പാഠം. അവനവന്റെ കുടുംബത്തെക്കുറിച്ച് ഓരോരുത്തരും വേവലാതിപ്പെടുന്നു, ജോലിയെക്കുറിച്ച്, കൂടുതൽ പണം എങ്ങനെ സമ്പാദിക്കണം എന്നതിനെക്കുറിച്ച്, എവിടെ താമസിക്കണം, ഏതുതരം വാഹനം വാങ്ങണം, എന്ത് വസ്ത്രം ധരിക്കണം, സംവിധാനങ്ങളെങ്ങനെ നവീകരിക്കണം എന്നിങ്ങനെ മനുഷ്യന്റെ വേവലാതികൾ അനവധിയാണ്. നമ്മുടെ ലക്ഷ്യസ്ഥാനത്ത് എത്തുമ്പോൾ ഒരു പുരുഷായുസിലെ നേട്ടങ്ങളെല്ലാം ആ ഉറുമ്പിനെപ്പോലെ ഇവിടെ ഈ ഭൂമിയിൽത്തന്നെ ഉപേക്ഷിക്കേണ്ടി വരുന്നു.

മരണാനന്തരം ആരെങ്കിലും എന്തെങ്കിലും കൂടെക്കൊണ്ടുപോയതായി ആർക്കെങ്കിലും അറിവുണ്ടോ? തിരുവെഴുത്തു വ്യക്തമായിപ്പറയുന്നു ഇഹലോകത്തിലേയ്ക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ല, ഇവിടെ നിന്നും ഒന്നും കൊണ്ടുപോകുവാനും സാധ്യവുമല്ല. ഇത് പലപ്പോഴും പലരും തങ്ങളുടെ ജീവിതയാത്രയിൽ തിരിച്ചറിയുന്നില്ല, വളരെ കരുതലോടെയും നഷ്ടപ്പെടുമോ എന്ന ഭയത്തോടെയും ചുമക്കുന്ന ഭാരങ്ങൾ മാത്രമാണിതെന്ന് തിരിച്ചറിയുമ്പോഴേക്കും സമയം വൈകിയിരിക്കും.

എന്നാൽ ഈ ആയുസ്സിൽ നാം നേടുന്ന ചില കാര്യങ്ങൾ മരണാനന്തരജീവിതത്തിലേക്കു കൂടെക്കൊണ്ടുപോകുവാൻ സാധിക്കും എന്നത് നമ്മെ ഏറെ സന്തോഷിപ്പിക്കേണ്ടതാണ്. മുഴു മാനവ സമൂഹത്തിനും, വിശ്വസിച്ചംഗീകരിച്ചു ക്രിസ്തുവിനെ തെരഞ്ഞെടുക്കുന്ന പക്ഷം, പാപക്ഷമ നൽകി നിത്യരക്ഷ തരുവാനാണ് യേശുക്രിസ്തു മനുഷ്യജന്മമെടുത്തത്. അവിടുന്ന് നമ്മുടെ പകരക്കാരനായി കാൽവറിക്രൂശിൽ പരമയാഗമായി അർപ്പിക്കപ്പെട്ടു. മരിച്ചടക്കപ്പെട്ടു, മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു. തുടർന്ന് സ്വർഗ്ഗാരോഹണം ചെയ്തു പിതാവാം ദൈവത്തിന്റെ തിരുസന്നിധിയിൽ മനുഷ്യന് വേണ്ടി പക്ഷവാദം ചെയ്യുന്നു. യേശുക്രിസ്തുവിൽ വിശ്വസിച്ചു കർത്താവിനായി ജീവിക്കുമെന്ന് തീരുമാനമെടുക്കുന്ന പക്ഷം, യേശുവിലൂടെ സൗജന്യമായി ലഭിക്കുന്ന പാപക്ഷമയും നിത്യരക്ഷയും മരണത്തിനപ്പുറത്തേയ്ക്ക്കൊണ്ട് പോകുവാൻ കഴിയുന്ന ഒരുനാളും നഷ്ടപ്പെടാത്ത അമൂല്യനിധികളാണ്. ●

# നമ്മെ ദൈവകരങ്ങളിൽ ഏൽപ്പിക്കുമ്പോൾ

**ജീ**വിതം ദൈവം നമുക്ക് നൽകിയ ദാനമാണ്. അതു ദൈവത്തിനു സമർപ്പിച്ച് ദൈവഹിതപ്രകാരം ജീവിക്കുന്നതാണ് ദൈവത്തിനു പ്രസാദം. കർത്താവിന്റെ വേലയ്ക്കായി പ്രയോജനപ്പെടത്തക്കവണ്ണമുള്ള വൈവിധ്യമാർന്ന താലന്തുകൾ എല്ലാ ദൈവമക്കൾക്കും ദൈവം നൽകിയിട്ടുണ്ട്. അവ കർത്താവിനു വേണ്ടവിധത്തിൽ പ്രയോജനപ്പെടണമെങ്കിൽ നമ്മുടെ സമർപ്പണവും, താലന്തുകൾ വികസിപ്പിച്ചെടുക്കാനുള്ള താല്പര്യവും, പരിശീലനവും അനിവാര്യമാണ്. അസാമാന്യ പ്രതിഭ ആയിരുന്ന തന്റെ ശിഷ്യനോട്, അവന്റെ സാമർഥ്യത്തെ വികസിപ്പിക്കുന്നതിന് ഗൗരവപൂർവ്വം ശ്രമിക്കണമെന്ന്, അവന്റെ ഗുരു എപ്പോഴും പ്രരിപ്പിച്ചുകൊണ്ടിരുന്നു. താലന്തുകൾ ലഭ്യമാണ് എന്നതുകൊണ്ട് മാത്രം കാര്യമില്ല. പ്രത്യുത അർപ്പണബോധത്തോടെ അവയെ കൈകാര്യം ചെയ്ത് ഉപയോഗിച്ചെങ്കിൽ മാത്രമേ അവ വികസിച്ച്, അനേകർക്ക് സഹായവും അനുഗ്രഹവും ആയി പരിണമിക്കയുള്ളു. സൗരഭ്യം പരത്തുന്ന ക്രിസ്തുവിന്റെ ദിവ്യസ്വഭാവങ്ങൾ പ്രാപിച്ച്, മറ്റുള്ളവർക്ക് പകർന്നുകൊടുത്ത്, ക്രിസ്തുവിന്റെ വെളിച്ചം പാപാന്ധകാരത്തിൽ ജീവിക്കുന്ന നമ്മുടെ സമസൃഷ്ടങ്ങൾക്കു ലഭ്യമാക്കുവാൻ ഒരു മാതൃകാജീവിതം നയിക്കുവാൻ നമ്മെ സമർപ്പിക്കാം.





എൽസി ജോയ്

# തലയും ശരീരവും

ഭാര്യാഭർത്താക്കന്മാർ ഒരുമനസ്സോടെ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് ദൈവഹിതം. അത് മനസ്സിലാക്കുവാൻ ദൈവവചനത്തിലുപയോഗിച്ചിരിക്കുന്ന രൂപകമാണ് തലയും ശരീരവും എന്നത്. ഭർത്താവ് ഭാര്യയ്ക്ക് തലയാകുന്നു എന്ന് വിശുദ്ധവചനം പറയുന്നു (എഫേസ്യർ 5: 23). ഈ പ്രയോഗത്തിന്റെ ശരിയായ അർത്ഥം ഗ്രഹിക്കാതെ ചിലരെങ്കിലും അതിനെ തെറ്റിദ്ധരിച്ചിട്ടുണ്ട് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

പുരുഷമേധാവിത്വം സമർത്ഥിക്കുവാൻ ചിലർ ഈ പ്രയോഗത്തെ വ്യാഖ്യാനിക്കുവാൻ ശ്രമിക്കാറുണ്ട്. ഭാര്യമാർ കീഴടങ്ങിയിരിക്കണം എന്നതിന് അമിതപ്രാധാന്യം കൊടുത്ത് അടിച്ചമർത്തുന്ന മനോഭാവം പലരിലും കണ്ടുവരുന്നു. കീഴടങ്ങണം എന്നുവച്ചാൽ വിധേയപ്പെടണം എന്നു മാത്രമാണാർത്ഥം. വിശുദ്ധവിവാഹത്താൽ ഒരു പുരുഷനെയും സ്ത്രീയെയും യോജിപ്പിക്കുന്ന ദൈവിക പദ്ധതിയിലവർ മേലാൽ രണ്ടല്ല ഒരു ദേഹം അത്രെ..... എന്ന ദൈവികതീർപ്പാണ് നാം കാണുന്നത്( മത്തായി 19: 46). തലയും ശരീരവും യോജിച്ച് ഒന്നായിരിക്കുന്നതുപോലെ അവരൊന്നാണ്. അതിനാൽ അവർ വേർപിരിയാൻ പാടില്ല. പരസ്പരം അംഗീകരിച്ചും സ്നേഹിച്ചും ബഹുമാനിച്ചും ഒരുമയോടെ ജീവിച്ച് പ്രവർത്തിക്കുവാനവർ ദൈവത്താൽ നിയോഗം പ്രാപിച്ചവരാണ്. അതാണ് കുടുംബജീവിതത്തിന്റെ ഐശ്വര്യം.

തലയെ കൂടാതെ ശരീരത്തിനും, ശരീരത്തെകൂടാതെ തലയ്ക്കും നിലനിൽപ്പില്ല. അവയെ വേർപെടുത്തിയാൽ മരണമാണ് സംഭവിക്കുക. ഈ യാഥാർത്ഥ്യം വിവാഹജീവിതത്തിൽ മനസ്സിലാക്കുന്നവരൊരിക്കലും പരസ്പരം മത്സരിച്ചും കുറ്റം ആരോപിച്ചും ഭിന്നത ഉണ്ടാക്കിയും തങ്ങളുടെ ജീവിതത്തെ തകർച്ചയ്ക്കു ഏൽപ്പിച്ചുകൊടുക്കുകയില്ല. തലയ്ക്ക് കീഴിലാണ് ശരീരത്തിന്റെ സ്ഥാനം. അതാണ് അതിന്റെ ശരിയായ സ്ഥാനം. അപ്പോഴാണതിന് ജീവനുണ്ടാകുന്നതും പ്രവർത്തനസജ്ജവും മനോഹരവും ആയിരിക്കുന്നതും. വിവാഹജീവിതത്തിലും ദൈവം, ഭാര്യാഭർത്താക്കന്മാർക്ക് ശരിയായ സ്ഥാനമാണ് നൽകിയിരിക്കുന്നത്. ഭർത്താവിനെ തലയാക്കി കുടുംബത്തിന്റെ സംരക്ഷണ ചുമതല ഏൽപ്പിച്ചിരിക്കുകയാണ്. തലയ്ക്ക് ശരീരത്തെ കൂടാതെ പ്രവർത്തിക്കുവാൻ സാധ്യമല്ല എന്നതുപോലെ, തക്കതുണയായി ദൈവം നൽകിയിരിക്കുന്ന ഭാര്യയെ കൂടെ നിർത്തിക്കൊണ്ട് മാത്രമേ ഭർത്താവിന് കുടുംബത്തെ സംരക്ഷിക്കുവാൻ കഴിയൂ. ഭർത്താവിന്റെ നേതൃത്വത്തിലാണ് ഭാര്യയ്ക്ക് സുരക്ഷിതത്വം അനുഭവിക്കുവാനും ഭയരഹിതമായി പ്രവർത്തിക്കുവാനും കഴിയുന്നത്.

കുടുംബജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മേഖല, ഭൗതിക ആവശ്യങ്ങൾ നിവർത്തിക്കപ്പെടുന്നതോ ഭൗതികനേട്ടങ്ങൾ കൈവരിക്കുന്നതോ അല്ല. ഭാര്യയും ഭർത്താവും ജോലി ചെയ്യുന്ന സംസ്കാരം വളർന്നതോടുകൂടി ഭൗതികത്തിൽ ഒരാൾക്ക് മറ്റൊരാളെ ആശ്രയിക്കേണ്ട ആവശ്യം ഇല്ലാതായിരിക്കുന്നു. അതുകൊണ്ട് ഒരുതരം സ്വതന്ത്ര മനോഭാവം പലരിലും വളർന്നിട്ടുണ്ട്. ഇത് കുടുംബജീവിതത്തിൽ അസ്വസ്ഥതയ്ക്കും ഭിന്നതക്കും തുടർന്ന് വിവാഹമോചനത്തിനും വഴി ഒരുക്കുന്നത് നാം കണ്ടുവരുന്നു. അപകടകരമായ ഈ പ്രവണതയ്ക്ക് എതിരെ ജാഗ്രത ആവശ്യം.

കുടുംബജീവിതത്തിന്റെ അതിപ്രധാന മേഖല എന്ന് പറയുന്നത് ഒന്നാമത് Companionship

(സഖിത്വം, കൂട്ടുകെട്ട്, മൈത്രി) ആണ്. പങ്കിടുവാനും കൈത്താങ്ങൽ ലഭിക്കുവാനും ഒരാൾക്ക് മറ്റൊരാൾ. ഭാര്യാഭർത്താക്കന്മാർ ഉറ്റ സുഹൃത്തുക്കളായിരിക്കണം. അതാണ് കുടുംബജീവിതത്തിന്റെ ആനന്ദം. ജീവിതത്തിരക്കുകൾ ഇതിന് ആഘാതം ഏൽപ്പിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ തിരക്കുകൾ വർദ്ധിക്കുമ്പോഴും ഉറ്റ ചങ്ങാത്തം കാത്തുസൂക്ഷിക്കുവാൻ അന്യോന്യം കരുതേണ്ടതാണ്.

നാം ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധികളായി ജീവിക്കേണ്ടവരാണ്. ദൈവനാമം നമ്മുടെ ജീവിതത്തിലൂടെ ഉയർത്തപ്പെടുന്നില്ലങ്കിൽ ഈ ജീവിതം അർത്ഥമില്ലാത്തതാവും. അതുകൊണ്ട് ഒരുമനസ്സോടെയുള്ള പ്രാർത്ഥനയും പ്രവർത്തനവും ഓരോ കുടുംബത്തിലൂടെയും ദൈവനാമം മഹത്വപ്പെടുന്നതിന് കാരണമാകും.

രണ്ടാമതായി, കുടുംബജീവിതത്തിലെ അതിപ്രധാന മേഖല എന്നത് കുട്ടികളുടെ പരിചരണമാണ് (Parenting). ഭാര്യാഭർത്താക്കന്മാർ ഒരുമനസ്സോടെ ചെയ്യേണ്ട ദൗത്യം. വംശവർദ്ധനവ് എന്നത് വിവാഹത്തിലടങ്ങിയിരിക്കുന്ന ദൈവിക പദ്ധതിയാണ്. കുട്ടികളെ ജനിപ്പിക്കുക എന്നത് മാത്രമല്ല, അവരെ കർത്താവിന്റെ പഥ്യവചനത്തിലും ബാലശിക്ഷയിലും വളർത്തി കർത്താവിന്റെ മഹത്വത്തിനായി ജീവിക്കുന്നവരാക്കുക എന്ന ദൗത്യമാണ് കർത്താവ് ഭരമേൽപ്പിച്ചിരിക്കുന്നത്. ഇതു ദൈവത്തിൽ പൂർണമായി ആശ്രയിച്ചും കൃപയും ജ്ഞാനവും പ്രാപിച്ചും ഉത്തരവാദിത്വത്തോടെ ചെയ്യേണ്ട ദൗത്യമാണ്. തിരക്കുകൾക്കിടയിൽ കുട്ടികളുടെ പരിചരണം അവഗണിക്കപ്പെടുവാൻ പാടില്ല. അവരോടൊത്തു സമയം ചിലവഴിക്കുകയും അവരുടെ വളർച്ചയ്ക്ക്നുസരിച്ച് ബുദ്ധിയുപദേശങ്ങൾ സമയാസമയങ്ങളിൽ കൊടുക്കുകയും ചെയ്യേണ്ടതുണ്ട്. മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധം എപ്പോഴും ദൃഢതയുള്ളതാണെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. മാതാപിതാക്കളോട് ഹൃദയം തുറന്ന് സംസാരിക്കുവാനുള്ള സ്വാതന്ത്ര്യം അവർക്ക് അനുഭവപ്പെടണം. കുഞ്ഞുങ്ങളുടെ പരിചരണത്തിൽ മാതാപിതാക്കളുടെ ഐക്യത സുപ്രധാന ഘടകമാണ്. ഐക്യതയുള്ള കുടുംബത്തിൽ സ്നേഹവും സന്തോഷവും സമാധാനവും നിലനിൽക്കും. സ്വഭാവശുദ്ധിയിലും ദൈവഭയത്തിലും വളരുവാനുള്ള ശുദ്ധവായുവാണിത്. ഒരുമിച്ചുള്ള പ്രാർത്ഥനയും വചനധ്യാനവും അവർക്ക് ആത്മീയ മാനസിക പരിപോഷണം നൽകും.

**കർത്താവിനുവേണ്ടി പ്രയോജനപ്പെടുന്നവർ എന്നു ചിന്തിക്കുന്നവരുടെയും കുടുംബജീവിതം തകരുന്നത് നമ്മെ ആശങ്കപ്പെടുത്തേണ്ടതാണ്. ഭർത്താവോ ഭാര്യയോ തങ്ങളുടെ ബന്ധം ആരോഗ്യകരമല്ലാത്തതിനാൽ മറ്റൊരു ഇണയെ അന്വേഷിച്ച് ദുർന്നടപ്പിന് വഴിപ്പെടുന്നു.**

ലൈംഗിക സംതൃപ്തിയെ കുടുംബജീവിതത്തിലെ മറ്റൊരു പ്രധാന മേഖലയായി കാണണം. ദുർന്നടപ്പിനുള്ള പരിഹാരമായി പൗലോസ് അപ്പോസ്തലൻ നിർദ്ദേശിക്കുന്നത്; ആരോഗ്യമുള്ള ദാമ്പത്യജീവിതമാണ്. എങ്കിലും ദുർന്നടപ്പ് നിമിത്തം ഓരോരുത്തന് സ്വന്തഭാര്യയും ഓരോരുത്തിക്കു സ്വന്തഭർത്താവും ഉണ്ടായിരിക്കട്ടെ. ഭർത്താവ് ഭാര്യക്കും, ഭാര്യ ഭർത്താവിനും കടപ്പെട്ടിരിക്കുന്നത് ചെയ്യട്ടെ. ഭാര്യയുടെ ശരീരത്തിന്മേൽ അവൾക്കല്ല ഭർത്താവിനത്രെ അധികാരം. അങ്ങനെ ഭർത്താവിന്റെ ശരീരത്തിന്മേൽ അവനല്ല ഭാര്യക്കത്രെ അധികാരം. പ്രാർത്ഥനയ്ക്ക് അവസരം ഉണ്ടാകുവാൻ ഒരു സമയത്തേക്ക് പരസ്പര സമ്മതത്തോടെ അല്ലാതെ തമ്മിൽ വേർപെട്ടിരിക്കരുത്. നിങ്ങളുടെ അജിതേന്ദ്രിയത്വം നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിക്കേണ്ടതിന് വീണ്ടും ചേർന്നിരിപ്പിൻ ( 1 കൊരിന്ത്യർ 7 : 2 - 5). ഇന്ന് ലൈംഗിക അരാജകത്വം വർദ്ധിച്ചുവരികയാണ്. ഭയപ്പെടുത്തുന്ന കാര്യങ്ങളാണ് നമുക്ക് ചുറ്റും സംഭവിക്കുന്നത്. കുടുംബങ്ങൾ ആത്മികമായി ആരോഗ്യമുള്ളവരായിത്തീരേണ്ടിയിരിക്കുന്നു.

കർത്താവിനുവേണ്ടി പ്രയോജനപ്പെടുന്നവർ എന്നു ചിന്തിക്കുന്നവരുടെയും കുടുംബജീവിതം തകരുന്നത് നമ്മെ ആശങ്കപ്പെടുത്തേണ്ടതാണ്. ഭർത്താവോ ഭാര്യയോ തങ്ങളുടെ ബന്ധം ആരോഗ്യകരമല്ലാത്തതിനാൽ മറ്റൊരു ഇണയെ അന്വേഷിച്ച് ദുർന്നടപ്പിന് വഴിപ്പെടുന്നു. വിവാഹമോചനം നേടിയവരും, ആത്മീയശുശ്രൂഷാനേതൃത്വങ്ങളിൽ ശോഭിക്കുവാൻ ശ്രമിക്കുന്നു. വിവാഹത്തിന്റെ മാന്യത സൂക്ഷിക്കുവാൻ പരാജയപ്പെട്ടവർ ഈ ദുഷിച്ച പ്രവണത ലോകത്തിൽ നിന്നും ക്രിസ്തീയ ഗോളത്തിലേക്ക് കടന്നുകയറുവാൻ അനുവദിക്കുകയും ചെയ്യുന്നു. ഇത് വളരെ വേദനാജനകമാണ്.

തലയും ശരീരവും എന്ന നിലയിൽ സഹവർത്തിച്ച് പ്രവർത്തിക്കേണ്ട ഭാര്യാഭർത്താക്കന്മാർ, തങ്ങളുടെ ബന്ധത്തിന്റെ പരിപാവനത സൂക്ഷിക്കുവാനും ഉത്തരവാദിത്വങ്ങളും കടമകളും തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാനും ബോധവാന്മാരാകണം. ദൈവം അതിന് നമ്മെ സഹായിക്കട്ടെ. ●

# ഹെർമൻ ഗുണ്ടർട്ട് മഹാനായ മലയാളി

ബെഞ്ചമിൻ വർഗീസ്



**1839**-ൽ തലശേരിയിൽ എത്തിയതിനു ശേഷം, തൊട്ടടുത്തമാസം തന്നെ ഗുണ്ടർട്ട് ഒരു പാഠശാല ആരംഭിക്കുകയുണ്ടായി. തുടർന്നിങ്ങോട്ട് മലബാറിനെ സമ്പുഷ്ടമാക്കിയ നിരവധി വിദ്യാലയങ്ങൾ അദ്ദേഹത്തിന്റെ നേതൃത്വത്തിലോ ഉത്സാഹത്തിലോ ആരംഭിക്കുകയുണ്ടായി. അക്കാലം വരെ പരമ്പരാഗത വിദ്യാഭ്യാസ സമ്പ്രദായങ്ങൾ മാത്രമായിരുന്നല്ലോ ഉണ്ടായിരുന്നത്. അതാകട്ടെ, ഒരു കൂട്ടം വരേണ്യവർഗത്തിനു മാത്രമേ പ്രാപ്യമായിരുന്നുള്ളൂതാനും.

ഗുണ്ടർട്ട് തന്റെ സ്കൂളുകളിൽ ജാതിമതവർണ വ്യത്യാസമെന്യേ കുട്ടികളെ പരിശീലിപ്പിച്ചു. ഈ സ്കൂളുകളിൽ പഠിപ്പിക്കുവാൻ വേണ്ടിയുള്ള പുസ്തകങ്ങൾ ചിട്ടപ്പെടുത്തുകയെന്ന ഭാരിച്ച ഉത്തരവാദിത്തവും ഗുണ്ടർട്ട് ഏറ്റെടുത്തു. അതിന്റെ ഫലമായി 1845 ൽ തലശേരിയിൽ, 'കല്ലച്ചിൽ' മുദ്രണം ചെയ്ത 'പാഠാരംഭം'

നവീന സമ്പ്രദായത്തിലുള്ള ആദ്യ മലയാള പാഠപ്പുസ്തകമായിരിക്കണം. മലബാറിലെ ആദ്യ അച്ചുകൂടം ആയിരുന്നു അത്. തുടർന്ന് മലയാളത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ പാഠാവലിയെന്ന് വിശേഷിപ്പിക്കപ്പെട്ടിരിക്കുന്ന 'പാഠമാല' മദ്രാസ് സർക്കാരിനായി അദ്ദേഹം തയാർ ചെയ്തു. കേവലം കവിതകൾക്ക് പുറമേ വൈദ്യം, ഗണിതം, വ്യവഹാരം, ഗുണപാഠം എന്നിവയൊക്കെ ഉൾപ്പെടുത്തിയ ഒരു സമഗ്ര പാഠപദ്ധതിയാണ് ഗുണ്ടർട്ട് ചിട്ടപ്പെടുത്തിയത്.

ഇക്കാലയളവിൽത്തന്നെ അദ്ദേഹം കേരളത്തിന്റെ ചരിത്രത്തെക്കുറിച്ചുള്ള അന്വേഷണവും ആരംഭിച്ചിരുന്നു. കിട്ടാവുന്നിടത്തു നിന്നൊക്കെ താളിയോലകളും മറ്റ് രേഖകളും തരപ്പെടുത്തി അവയിലെ വിവരങ്ങളെ ക്രോഡീകരിച്ച ശേഷം അദ്ദേഹം 'കേരളോല്പത്തി' 'കേരളപ്പഴമ' എന്നിങ്ങനെ രണ്ട് ചരിത്രപുസ്തകങ്ങളും രചിച്ച് പ്രസിദ്ധീകരിച്ചു. 'കേരളപ്പഴമ'യാണ് ഗുണ്ടർട്ടിന്റെ ഏറ്റവും പ്രശസ്തമായ ചരിത്രഗ്രന്ഥം. 1845 - 46 കാലഘട്ടത്തിൽ ജർമനിയിലേയ്ക്ക് മടങ്ങിപ്പോയ ഗുണ്ടർട്ട് അവിടെ ലഭ്യമായിരുന്ന പോർച്ചുഗീസ്, ഡച്ച് പ്രസിദ്ധീകരണങ്ങളിൽ നിന്നും കേരളത്തെക്കുറിച്ചുള്ള വിവരങ്ങളെ ആധാരമാക്കിയാണ് 'കേരളപ്പഴമ' രചിച്ചത്. പോർച്ചുഗീസുകാർ കേരളത്തിൽ വന്ന 1498 മുതൽ 1631 വരെയുള്ള കാലഘട്ടത്തിലെ കേരളചരിത്രം ആണ് ഈ പുസ്തകത്തിലെ പ്രതിപാദ്യവിഷയം.

ഗുണ്ടർട്ട്, ഭാഷയിൽ ആർജിച്ചെടുത്ത പ്രാവീണ്യത്തിന്റെ നേർസാക്ഷിയാണ് അദ്ദേഹത്തിന്റെ വ്യാകരണവും നിഘണ്ടുക്കളും. മലയാളഭാഷയെ ആധികാരികമായി അവലോകനം ചെയ്യുവാൻ അദ്ദേഹത്തിനായി. സാധാരണക്കാരിൽ സാധാരണക്കാർ സംസാരിക്കുന്ന ഭാഷമുതൽ, കൊട്ടാരങ്ങളിലെ പണ്ഡിതശ്രേഷ്ഠന്മാരുടെ ഭാഷവരെ അദ്ദേഹം സമാഹരിച്ചു വെച്ചതിൽ നിന്നുമാണ് ഈ ഗ്രന്ഥങ്ങളുടെ രചന സാധ്യമായത്. പ്രഗൽഭരായ കവിയൂർ ഗുരുക്കന്മാരുടെ സഹായവും അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. മറ്റു ചില ഗ്രന്ഥങ്ങൾക്കൊപ്പം ഗുണ്ടർട്ടിന്റെ  വ്യാകരണവും, 'കേരളപാണിനീയ'ത്തിന്റെ രചനയിൽ തനിക്ക് അത്യന്തം ഉപകരിച്ചതായി ഏ. ആർ. രാജരാജവർമ്മ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മലയാളത്തിലെ ആദ്യ വാർത്താപത്രികയായ 'രാജ്യസമാചാര'ത്തിന് 1847 ൽ ഗുണ്ടർട്ട് തുടക്കം കുറിച്ചു. എട്ടു പേജുകളുള്ള ഈ പത്രം മാസത്തിലൊരു ലക്കം വീതമാണ് പ്രസിദ്ധീകരിച്ചിരുന്നത്. 1847 ൽ തന്നെ 'പശ്ചിമോദയം' എന്ന മലയാളത്തിലെ ആദ്യ ശാസ്ത്രമാസികയുടെയും പ്രസിദ്ധീകരണം അദ്ദേഹം ആരംഭിച്ചു. കേരളപ്പഴമ ആദ്യ ഖണ്ഡശ പ്രസിദ്ധീകരിച്ചത് പശ്ചിമോദയത്തിലായിരുന്നു.

ഇവയ്ക്ക് പുറമേ സുവിശേഷ പ്രചരണത്തിനും സഭയുടെ ശിക്ഷണത്തിനുമായി നിരവധി ഗ്രന്ഥങ്ങളദ്ദേഹം പുറത്തിറക്കി. വായനക്കാരിൽ താത്പര്യമുളവാക്കുന്ന തരത്തിലുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാനദ്ദേഹം പ്രത്യേകം ശ്രദ്ധ ചെലുത്തി. മലയാളത്തിലെ പഴഞ്ചൊല്ലുകളുടെ ശേഖരം പ്രസിദ്ധീകരിച്ചപ്പോൾ അതിന്റെ അവസാനം അദ്ദേഹം ഇങ്ങനെ എഴുതി. പഴഞ്ചൊൽ ഉപകരിക്കുന്നെങ്കിലും അതിന്റെ ഫലം താത്കാലികം. നിത്യഫലം ജനിപ്പിക്കുന്നത് ദൈവത്തിന്റെ വചനം തന്നെ. സൽഗതി ആഗ്രഹിക്കുന്നവൻ അതിനെ പാരായണം ചെയ്തുകൊൾവിൻ. ജാതിവ്യവസ്ഥയ്ക്കെതിരെ രചിച്ച 'വജ്രസൂചി'യെന്ന ബുദ്ധമതഗ്രന്ഥവും അദ്ദേഹം മലയാളത്തിൽ പരിഭാഷ ചെയ്ത്, അതിൽ ക്രൈസ്തവവീക്ഷണത്തിലുള്ള ഒരു അനുബന്ധവും ചേർത്തു പ്രസിദ്ധീകരിച്ചു.

മലയാളഭാഷയെ ധന്യമാക്കിയ ഇത്തരത്തിലുള്ള മറ്റ് അനേകഗ്രന്ഥങ്ങളും ആ പണ്ഡിതശ്രേഷ്ഠൻ രചിക്കുകയും പ്രസിദ്ധീകരിക്കുകയുമുണ്ടായി. ആ ഉദ്യമങ്ങളുടെ ഉൽകൃഷ്ടത തിരിച്ചറിഞ്ഞ മലയാളസമൂഹം അദ്ദേഹത്തെ 'ഭാഷയുടെ പോറ്റച്ഛൻ' എന്ന സ്ഥാനം കൊടുത്ത് ബഹുമാനിച്ചു പോരുന്നു. ഭാഷബുദ്ധിയിൽ ഹെർമൻ ഗുണ്ടർട്ടിനെപ്പോലെ സമർഥനായ മറ്റൊരാളെ ചൂണ്ടിക്കാണിക്കാൻ മലയാളത്തിലില്ല. എഴുത്തച്ഛനും മറ്റ് മികച്ച കവികളുമൊക്കെ നമുക്കുണ്ടെങ്കിലും അവരെല്ലാം സ്വഭാഷയിൽ നൈപുണ്യം കാണിച്ചവരാണ്. ഗുണ്ടർട്ടാകട്ടെ തന്റെ ആർജിതഭാഷയിലാണ് ഈ മാസ്മരികത കാട്ടിയത്. എത്ര വിദേശഭാഷാഭിജ്ഞൻ (ഭാഷാപണ്ഡിതൻ )ആകിലും  മർത്യനു തൻഭാഷയൊന്നുകൊണ്ടേ ശക്തിയുണ്ടായ് വരൂ, ശക്തിമത്തായ ഹൃദയവികാരത്തെ  വെളിപ്പെടുത്തുവാൻ എന്നത് ഗുണ്ടർട്ടിന്റെ കാര്യത്തിലെങ്കിലും ശരിയല്ല എന്ന് സമ്മതിക്കേണ്ടിവരും. കേവലം 23 വർഷം മാത്രമാണ് കേരളത്തിൽ താമസിച്ചിരുന്നതെങ്കിലും, ഗുണ്ടർട്ടിന് പൂർത്തിയാക്കാനായ കാര്യങ്ങൾ പല പുരുഷായുസുകൊണ്ട് പോലും ചെയ്തെടുക്കാനാവാത്തത്ര സുദീർഘമാണ്.  വേങ്ങയിൽ കുഞ്ഞിരാമൻ നായർ ഗുണ്ടർട്ടിനെ 'മഹാനായ മലയാളി'എന്നാണ്  വിശേഷിപ്പിച്ചത്. വേറൊരു മിഷണറിക്കും നേടിയെടുക്കാനാവാത്തവിധം മലയാള സാഹിത്യമണ്ഡലത്തിൽ ചിരപ്രതിഷ്ഠ നേടാനദ്ദേഹത്തിനായി. 'എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയായവനാകുന്നു' എന്നത് പൗലൊസിനൊപ്പം ഗുണ്ടർട്ടിന്റേയും സാക്ഷ്യമാണ്.

**സാധാരണക്കാരിൽ സാധാരണക്കാർ സംസാരിക്കുന്ന ഭാഷമുതൽ, കൊട്ടാരങ്ങളിലെ പണ്ഡിതശ്രേഷ്ഠന്മാരുടെ ഭാഷവരെ അദ്ദേഹം സമാഹരിച്ചുവെച്ചതിൽ നിന്നുമാണ് ഈ ഗ്രന്ഥങ്ങളുടെ രചന സാധ്യമായത്. പ്രഗൽഭരായ കവിയൂർ ഗുരുക്കന്മാരുടെ സഹായവും അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി.**

ജീവിതത്തിലൊരിക്കലും കണ്ടിട്ടോ, കേട്ടിട്ടോ ഇല്ലാത്ത സമാഗമന കൂടാരത്തിലെ സങ്കീർണ്ണങ്ങളായ ഉപകരണങ്ങൾ ദൈവത്തിന്റെ പ്ലാൻ പ്രകാരം തന്നെ ചെയ്തു എന്ന സാക്ഷ്യം ദൈവത്തിൽ നിന്നും  പ്രാപിക്കുവാൻ ഒഹൊലീയാബിനെയും ബെസലേലിനെയും ദൈവം ജ്ഞാനാത്മാവിനാൽ നിറച്ചു.  അതുപോലെ മലയാളഭാഷയുടെ അച്ചുകൂടം മുതൽ സങ്കീർണ്ണങ്ങളായ പുസ്തകങ്ങൾ വരെ, വിവിധ വിഷയങ്ങളിൽ രൂപപ്പെടുത്തി പ്രസിദ്ധീകരിക്കുവാൻ ദൈവം ഗുണ്ടർട്ടിനെയും ജ്ഞാനാത്മാവിനാൽ നിറച്ച്  ഈ വൻ കാര്യങ്ങൾ ചെയ്യുവാൻ പ്രാപ്തനാക്കി. ●



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# കരുണാർദ്രനായ സർവ്വശക്തൻ

എന്നാൽ യേശു തന്റെ ശിഷ്യന്മാരെ അടുക്കെ വിളിച്ചു: ഈ പുരുഷാരം ഇപ്പോൾ മൂന്നു നാളായി എന്നോടുകൂടെ പാർക്കുന്നു; അവർക്കു ഭക്ഷിപ്പാൻ ഒന്നും ഇല്ലായ്കകൊണ്ട് അവരെക്കുറിച്ച് എനിക്കു മനസ്സലിവു തോന്നുന്നു; അവരെ പട്ടിണിയായി വിട്ടയപ്പാൻ മനസ്സുമില്ല; അവർ വഴിയിൽവച്ചു തളർന്നുപോയേക്കും എന്നു പറഞ്ഞു. ശിഷ്യന്മാർ അവനോട്: ഇത്ര വലിയ പുരുഷാരത്തിനു തൃപ്തി വരുത്തുവാൻ മതിയായ അപ്പം ഈ കാട്ടിൽ നമുക്ക് എവിടെനിന്ന് എന്നു പറഞ്ഞു. നിങ്ങളുടെ പക്കൽ എത്ര അപ്പം ഉണ്ട് എന്നു യേശു ചോദിച്ചു; ഏഴ്; കുറെ ചെറുമീനും ഉണ്ട് എന്ന് അവർ പറഞ്ഞു. അവൻ പുരുഷാരത്തോടു നിലത്ത് ഇരിപ്പാൻ കല്പിച്ചു. ആ ഏഴ് അപ്പവും മീനും എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാരുടെ പക്കലും ശിഷ്യന്മാർ പുരുഷാരത്തിനും കൊടുത്തു. എല്ലാവരും തിന്നു തൃപ്തരായി; ശേഷിച്ച കഷണം അവർ ഏഴു വട്ടി നിറച്ചെടുത്തു. തിന്നവരോ സ്ത്രീകളെയും പൈതങ്ങളെയും കൂടാതെ നാലായിരം പുരുഷന്മാർ ആയിരുന്നു. പിന്നെ അവൻ പുരുഷാരത്തെ പറഞ്ഞയച്ചിട്ടു പടകിൽ കയറി മഗദാദേശത്ത് എത്തി ( മത്തായി 15: 32 - 39).

ഗലീലാതടാകത്തിന് അരികെയുള്ള ഒരു കുന്നിന്റെ മുകളിൽ കയറിയിരുന്ന യേശുവിന്റെ അടുക്കലേക്ക് ജനങ്ങൾ പ്രവഹിക്കുവാൻ തുടങ്ങി. യേശു ചെയ്യുന്ന വീര്യപ്രവർത്തികളിലാകൃഷ്ടരായാണ് ജനങ്ങളെത്തുന്നത്. കർത്താവ് വീര്യപ്രവർത്തികളെക്കുറിച്ച് പരസ്യം നൽകുകയോ അത് പ്രചരിപ്പിക്കുവാൻ ജനങ്ങളോട് ആവശ്യപ്പെടുകയോ ചെയ്തില്ല. പ്രത്യുത, സൗഖ്യമാക്കിയതിനുശേഷം ആരോടും പറയരുതെന്നാണ് അവിടുന്ന് കൽപ്പിച്ചത്. കാരണം കർത്താവ് വന്നത് രോഗികളെ സൗഖ്യമാക്കുവാനായിരുന്നില്ലല്ലോ. മറിച്ച് പാപികളെ രക്ഷിക്കുവാനും നിത്യജീവൻ നൽകുവാനുമായിരുന്നു. അതാണ് യേശുവിനെക്കുറിച്ച് ജനങ്ങൾ മനസ്സിലാക്കേണ്ട യാഥാർത്ഥ്യം. ആ സത്യമാണ് എവിടെയും ഘോഷിക്കേണ്ടത്.

യേശുക്രിസ്തുവിന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകലജാതികളിലും പ്രസംഗിക്കണം എന്നായിരുന്നു ദൈവത്തിന്റെ മാറാത്ത പദ്ധതി (ലൂക്കോസ് 24: 46,47). അതുകൊണ്ട് ഉയിർത്തെഴുന്നേറ്റ കർത്താവ്; ലോകത്തിലൊക്കെയും പോയി സകല സൃഷ്ടി

**യേശു ചെയ്യുന്ന വീര്യപ്രവർത്തികളിലാകൃഷ്ടരായാണ് ജനങ്ങളെത്തുന്നത്. കർത്താവ് വീര്യപ്രവർത്തികളെക്കുറിച്ച് പരസ്യം നൽകുകയോ അത് പ്രചരിപ്പിക്കുവാൻ ജനങ്ങളോട് ആവശ്യപ്പെടുകയോ ചെയ്തില്ല. പ്രത്യുത, സൗഖ്യമാക്കിയതിനുശേഷം ആരോടും പറയരുതെന്നാണ് അവിടുന്ന് കൽപ്പിച്ചത്.**

കളോടും സുവിശേഷം പ്രസംഗിക്കുവാൻ കൽപ്പിച്ചിരിക്കുന്നു (മർക്കോസ് 16: 15). സുവിശേഷം പ്രസംഗിക്കുന്ന സ്ഥലങ്ങളിൽ ദൈവത്തിന്റെ ഇഷ്ടപ്രകാരം രോഗികൾ സൗഖ്യമാവുകയും, തന്റെ അധികാരത്തിലൂടെ വീര്യപ്രവർത്തികൾ നടത്തുകയും ചെയ്തിരുന്നു. എന്നാൽ പ്രസംഗവിഷയം രോഗസൗഖ്യവും അത്ഭുതങ്ങളുമായി പരിണമിക്കരുത്. യേശുക്രിസ്തുവിലൂടെ മാനസാന്തരവും പാപമോചനവും (സുവിശേഷം) ആണ് പ്രസംഗിക്കേണ്ടത്.

യേശുവിന്റെ അടുക്കൽ കൊണ്ടുവന്ന രോഗികളിൽ മുടന്തരും, കുരുടരും, ഊമരും, കൂനരും ഉൾപ്പെടുന്നു. കർത്താവ് എല്ലാവരെയും സൗഖ്യമാക്കി. 100% ആളുകളും സൗഖ്യമായി. സർവ്വശക്തനായ സ്രഷ്ടാവാം ദൈവം തന്നെയാണല്ലോ യേശു! അവിടുത്തേക്ക് ഒരു കാര്യവും അസാധ്യമല്ല! സ്രഷ്ടാവ് കൽപ്പിക്കുമ്പോൾ കുറവുകൾ മാറി പൂർണ്ണത ഉണ്ടാകുന്നു. യേശു സർവ്വശക്തനായ ദൈവം ആണെന്ന പരമാർത്ഥമാണ് അവിടുന്ന് ചെയ്ത വീര്യപ്രവർത്തികളിലൂടെ വെളിപ്പെട്ടത്. എന്നാൽ സൗഖ്യം അനുഭവിച്ചവരിൽ അധികപങ്ക് മനുഷ്യർക്കും ആ വെളിപ്പാട് ലഭിച്ചില്ല. കാരണം അവരെല്ലാം ദാതാവായ ദൈവത്തെ അല്ല അന്വേഷിച്ചത് പ്രത്യുത ദാനങ്ങളെയാണ്. സൗഖ്യം ലഭിച്ചപ്പോൾ, അഥവാ അത്ഭുതങ്ങൾ കണ്ടപ്പോൾ അവർ തൃപ്തരായി.

യേശുവിന്റെ നാമത്തിൽ രോഗികൾക്കായി പ്രാർത്ഥിക്കുവാൻ തന്റെ മക്കൾക്ക് അവിടുന്ന് അധികാരം നൽകിയിട്ടുണ്ട്. എന്നാൽ എല്ലാ രോഗികളും സൗഖ്യമാകുന്നതായി നാം കാണുന്നില്ല. ദൈവം ഇച്ഛിക്കുന്നവരെ അവിടുന്ന് സൗഖ്യമാക്കുന്നു. നമ്മുടെ ചുമതല പ്രാർത്ഥിക്കുക എന്നത് മാത്രമാണ്. അതായത് ആത്മാർത്ഥമായി പ്രാർത്ഥിക്കുക. സുഖപ്പെടുത്തുന്നത് ദൈവത്തിന്റെ ഇഷ്ടം! സൗഖ്യമായതിന്റെ മഹത്വം നമുക്കവകാശപ്പെടുവാൻ കഴിയുകയില്ല. സൗഖ്യമാക്കുന്ന ദൈവത്തിനു മാത്രമാണ് മുഴുമഹത്വവും. അതുകൊണ്ട് കർത്താവിന്റെ അപ്പോസ്തലന്മാരാരും എല്ലാ രോഗികളെയും ഞങ്ങളുടെ അടുക്കൽ കൊണ്ടുവരിക, ഞങ്ങൾ അവരെ സൗഖ്യമാക്കാം എന്നവകാശപ്പെട്ടിട്ടില്ല. യേശു സർവ്വശക്തനായിരുന്നിട്ടു പോലും അങ്ങനെ പ്രഖ്യാപിച്ചില്ല, അപ്പോസ്തലന്മാരും ചെയ്തിട്ടില്ല. അതുകൊണ്ട് രോഗശാന്തിവരപ്രാപ്തരെന്ന് പറഞ്ഞ് ഹീറോ ആകുവാൻ ശ്രമിക്കുന്നത് ആർക്കും ഉചിതമല്ല. സൗജന്യമായി ലഭിക്കുന്നത് സൗജന്യമായി കൊടുക്കുന്ന, ജനങ്ങളെ ശുശ്രൂഷിക്കുന്ന ദാസന്മാരായിട്ടാണ് നാം പ്രവർത്തിക്കേണ്ടത്. ദൈവം ചെയ്യുന്നതിന്റെ മഹത്വം ദൈവത്തിനർപ്പിക്കുവാൻ നാം ശ്രദ്ധയുള്ളവരായിരിക്കണം.

മൂന്നുദിവസം തുടർച്ചയായി ജനങ്ങൾ യേശുവിന്റെ ഉപദേശങ്ങൾ ശ്രദ്ധിച്ചു. അവർ കൊണ്ടുവന്നിരുന്ന ഭക്ഷണം എല്ലാം തീർന്നു. നന്നായി വിശപ്പ് അനുഭവപ്പെടുന്ന അവർ മടങ്ങിപ്പോകുമ്പോൾ വഴിയിൽ വച്ച് തളർന്നുപോകും എന്ന് യേശു അറിഞ്ഞു. അതുകൊണ്ട് അവർക്ക് ഭക്ഷണം കൊടുക്കാതെ മടക്കി അയയ്ക്കുവാൻ യേശു ആഗ്രഹിച്ചില്ല. എനിക്ക് ഈ പുരുഷാരത്തോടു മനസ്സലിവ് തോന്നുന്നു എന്നാണ് കർത്താവ് പറഞ്ഞത്. നമ്മുടെകർത്താവിന്റെ സ്വഭാവ വൈശിഷ്ട്യമാണ് ഇത് വെളിപ്പെടുത്തുന്നത്. തന്റെ അടുക്കൽ വരുന്നവനെ കർത്താവ് നന്നായി അറിയുന്നു, കരുതുന്നു. ആരും തങ്ങളുടെ ആവശ്യങ്ങൾ പറഞ്ഞില്ല എങ്കിലും കർത്താവ് അവ അറിയുന്നു, നിവർത്തിക്കുന്നു. കർത്താവ് നമുക്കായി കരുതുന്നതുകൊണ്ടാണ് നാം 'ആകുലപ്പെടരുത്' എന്ന് അവിടുന്ന് നമ്മോട് നിഷ്ക്കർഷിച്ചിരിക്കുന്നത്.

'ഇന്നുള്ളതും നാളെ അടുപ്പിലിടുന്നതുമായ വയലിലെ പുല്ലിനെ, ദൈവം ഇങ്ങനെ ചമയിക്കുന്നു എങ്കിൽ അൽപ്പവിശ്വാസികളെ നിങ്ങളെ എത്ര അധികം. ആകയാൽ നാം എന്ത് തിന്നും, എന്ത് കുടിക്കും, എന്ത് ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുത്. ഈ വക ഒക്കെയും ജാതികളന്വേഷിക്കുന്നു. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യമെന്ന് അറിയുന്നുവല്ലോ. മുമ്പേ, അവിടുത്തെ രാജ്യവും നീതിയും അന്വേഷിപ്പീൻ, അതോടുകൂടി ഇതൊക്കെയും നിങ്ങൾക്ക് കിട്ടും' ( മത്തായി 6: 30 - 33). കർത്താവ് നൽകിയ ഈ വചനത്തിന്റെ നിവർത്തി തന്നെയല്ലേ തന്റെ പ്രവർത്തിയാൽ നമുക്ക് കാണിച്ചു തന്നിരിക്കുന്നത്? തന്റെ മക്കൾക്കായി കരുതുന്ന നല്ലവനായ കർത്താവ്!

ഒന്നും ലഭ്യമല്ലാത്ത വിജനമായ ഒരു സ്ഥലത്താണ് കർത്താവ് അത്ഭുതം പ്രവർത്തിച്ചത്. അത് നമുക്കൊരു പാഠമാണ്. സാധ്യതകളില്ലാത്ത ഇടത്ത് സാധ്യത തുറക്കുന്നവനാണ് കർത്താവ്. സാഹചര്യങ്ങൾക്കതീതമായി പ്രവർത്തിക്കുന്ന ദൈവം! അസാധ്യങ്ങൾ നമ്മെ തുറിച്ചു നോക്കി ഭീതിപ്പെടുത്തുമ്പോൾ നാം ഭയപ്പെടരുത്. നമ്മോടു കൂടെയുള്ള കർത്താവിന് അസാധ്യമായതൊന്നും ഇല്ലല്ലോ. നാം വഴിയിൽ തളർന്നു പോകുവാൻ കർത്താവ് ഒരു നാളും സമ്മതിക്കുകയില്ല.

**അവിടുന്ന് നമുക്ക് മതിയായവൻ എന്ന് ജീവിതത്തിന്റെ എല്ലാ മേഖല കളിലും, നാം രുചിച്ചറിയും. ഒന്നു മില്ലായ്മയിലും ജയോത്സവമായി നടത്തുവാൻ ദൈവം ശക്തൻ.**

ശിഷ്യന്മാരുടെ പക്കൽ 7 അപ്പവും കുറെ ചെറു മീനും മാത്രമേ ഉണ്ടായിരുന്നുള്ളൂ. 4000 പുരുഷന്മാർക്കും അവരോടൊപ്പം ഉള്ള സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും വിളമ്പിക്കൊടുക്കുവാൻ ഇതെന്തുള്ളൂ? നിസ്സഹായത, തങ്ങളുടെ ഒന്നുമില്ലായ്മ, ഇവയൊക്കെയാണ് അവർക്ക് ഇപ്പോൾ ബോധ്യമാകുന്ന യാഥാർഥ്യങ്ങൾ. പക്ഷേ കർത്താവിന് പ്രവർത്തിക്കുവാനിതൊന്നും തടസ്സങ്ങളല്ലല്ലോ? ഒന്നുമില്ലായ്മയിൽ നിന്ന് ദൃശ്യവും അദൃശ്യവുമായ അഖിലാണ്ഡത്തെ ഉളവാക്കിയവനാണ് നമ്മുടെ പിതാവായ ദൈവം എന്ന ബോധ്യം നമുക്കുണ്ടായിരിക്കണം. നാം നമ്മുടെ നിസ്സഹായതയിലും പരിമിതിയിലും നിന്നുകൊണ്ട് കാര്യങ്ങൾ കാണുകയും ഉത്തരം കണ്ടെത്താതെ വിഷമിക്കുകയും ചെയ്യും. എന്നാൽ കർത്താവ് സർവ്വശക്തൻ, സർവ്വജ്ഞാനി, എന്ത് ചെയ്യണം എന്ന് കർത്താവിനറിയാം. മിണ്ടാതിരുന്ന് അവിടുന്ന് ദൈവം എന്നറിയേണ്ട സമയമാണിത്.

കർത്താവ് അപ്പവും മീനും അനുഗ്രഹിച്ച് നൽകിയപ്പോൾ സമൃദ്ധി ഉണ്ടായി. ഇല്ലായ്മയിൽ നിന്നും സമൃദ്ധിയിലേക്കുള്ള മാറ്റം. എല്ലാവരും ഭക്ഷിച്ച് തൃപ്തരായി, ശേഷിച്ച കഷണങ്ങൾ ഏഴു കൊട്ട നിറച്ചെടുത്തു. ഇതാണ് ദൈവം പ്രവർത്തിക്കുന്ന രീതി. കർത്താവിനെ നാം വിശ്വസിച്ച്, അനുഗമിച്ചാൽ അവിടുന്ന് നമുക്ക് മതിയായവനെന്ന് ജീവിതത്തിന്റെ എല്ലാ മേഖലകളിലും നാം രുചിച്ചറിയും. ഒന്നുമില്ലായ്മയിലും ജയോത്സവമായി നടത്തുവാൻ ദൈവം ശക്തൻ. സ്വർഗീയ കലവറ തീർന്നുപോകാത്തതാണ്. ഏത് അത്യാവശ്യത്തിലും അവിടുത്തെ അത്ഭുതങ്ങൾ നമ്മെ കാത്തിരിപ്പുണ്ട്. മനസ്സലിയുന്ന സർവ്വശക്തനായ, ആർദ്രവാനായ നമ്മുടെ കർത്താവ് എന്നും നമ്മോട് കൂടെ ഉണ്ട്. ●



സ്നേഹിക്കാത്തവരെപ്പോലും നീ വിട്ടുപിരിഞ്ഞു: ഇതു അല്പം അതിരു കടന്ന സ്നേഹം! വിട്ടു പിരിഞ്ഞാലും പോരാ, യാഗമാക്കിയേ പറ്റൂ...

ദൈവം വളരെ 'സീരിയസ്'ആണെന്നു അബ്രഹാമിനു മനസിലായി. "നീ സ്നേഹിക്കുന്ന..." അതാണു പ്രശ്നം; അതാണു യഥാർഥ ചോദ്യം...ആരെയാണു നീ സ്നേഹിക്കുന്നത്? എന്നെയോ? അതോ യിസ്ഹാക്കിനെയോ? "രണ്ടുപേരെയും" എന്നു ഉത്തരം പറയാൻ പറ്റില്ല. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്. ആത്യന്തിക സ്നേഹം ഒരാളോടുമാത്രം...യിസ്ഹാക്കിനെ നിനക്കു തന്നതു ഞാനാണ്. ഇപ്പോൾ ഞാനോ, യിസ്ഹാക്കോ നിനക്കു വലുത്? ദാനമോ ദാതാവോ നിനക്കു വലിയത്?

ഒരു നിമിഷം! അബ്രഹാം പറഞ്ഞു: കർത്താവേ, എനിക്കു നീ തന്നെ വലിയത്. യിസ്ഹാക്ക് നിന്റെ ദാനം! യിസ്ഹാക്ക് നിന്റെ വക.... ഉടമസ്ഥൻ ഞാനല്ല... നീയാണ്! ഉടമസ്ഥൻ അവന്റെ വക തിരിച്ചു ചോദിക്കുമ്പോൾ മറുത്തുപറയാൻ ഞാനാര്? ഞാനും നിന്റെ വക... തീരുമാനം നിന്റേത്... യാഗമാക്കണോ യിസ്ഹാക്കിനെ? വേദനയുണ്ട്?...എന്നാലും... നീയാണു പരമാധികാരി( You are sovereign).

"അബ്രഹാം ദൈവത്തെ വിശ്വസിച്ചു, അതു അവനു നീതിയായി കണക്കിട്ടു" (റോമർ 4:3). എന്തായിരുന്നു അബ്രഹാമിന്റെ വിശ്വാസം? ദൈവത്തിന്റെ വാഗ്ദാനങ്ങളിലുള്ള വിശ്വാസമോ? വാഗ്ദാനങ്ങളിൽ അവൻ വിശ്വസിച്ചു... എന്നാൽ, അതിലുപരി ദൈവത്തിന്റെ പരമാധികാരത്തിൽ അവൻ വിശ്വസിച്ചു...എന്റെ ദൈവത്തിനു എന്നോട് എന്തുവേണമെങ്കിലും ആവശ്യപ്പെടാം. അവനെന്നെ എന്തുവേണമെങ്കിലും ചെയ്യാം. അവന് എന്നിൽനിന്നു എന്തുവേണമെങ്കിലും എടുക്കാം– സ്വന്തം മകനെപ്പോലും! സ്വന്തം മകൻ നഷ്ടപ്പെട്ടാലും ദൈവത്തിനു തന്നോടുള്ള സ്നേഹം നഷ്ടപ്പെട്ടു കൂടന്നു അബ്രഹാം നിശ്ചയിച്ചു. ദൈവത്തിന്റെ സ്നേഹപ്പരീക്ഷയിൽ അബ്രഹാം വിജയിക്കുകയായിരുന്നു. കർത്താവിനെ അനുഗമിക്കുമ്പോൾ എല്ലാവരേക്കാളും ഉപരിയായി കർത്താവിനെ മാത്രമേ സ്നേഹിക്കാൻ കഴിയൂ എന്നു നാം അറിയണം. നമുക്ക് ദൈവത്തോടുള്ള സ്നേഹത്തിന്റെ പങ്കുപറ്റാൻ നമുക്കും ദൈവത്തിനുമിടയിൽ കടന്നുകൂടാൻ ശ്രമിക്കുന്ന ആരെയും എന്തിനെയും ഉപേക്ഷിക്കാൻ അതായതു യാഗമാക്കാൻ നാം തയ്യാറായിരിക്കണം. ●

# ഒരു ഭാഷാസ്നേഹിയുടെ വിയോഗം

മലയാള മനോരമ 2022 ഒക്ടോബർ 20 നു പ്രസിദ്ധീകരിച്ച പത്രത്തിന്റെ ഒന്നാം പേജിൽ തന്നെ, മലയാള ഭാഷാപണ്ഡിതനും മലയാളഭാഷാ ചരിത്രകാരനും, അദ്ധ്യാപകനും, ഗവേഷകനും, ഗ്രന്ഥകാരനുമായിരുന്ന ഡോക്ടർ സ്കറിയ സക്കറിയയുടെ വിയോഗവാർത്ത പ്രസിദ്ധീകരിച്ചിരുന്നു. മലയാള ഭാഷയെ സ്നേഹിക്കുന്ന ഡോക്ടർ സ്കറിയ സക്കറിയയെ പോലെയുള്ള ധാരാളം ഭാഷാസ്നേഹികളുടെ സേവനം വിസ്മരിക്കുവാൻ കഴിയാത്തതാണ്. അദ്ദേഹമാണ് ജർമനിയിലെ ട്യൂബിംഗൻ സർവ്വകലാശാലയിൽ നിന്ന് ഹെർമൻ ഗുണ്ടർട്ട് എഴുതിയ രേഖാശേഖരങ്ങൾ കണ്ടെത്തി പ്രസിദ്ധീകരിച്ചത്. 'മലയാളവഴികൾ' എന്ന പേരിലാണ് അത് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഡോ. സ്കറിയാ സക്കറിയയെ കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം നൽകി ആദരിച്ചിട്ടുണ്ട്. മലയാള സർവകലാശാലയും എം. ജി. സർവകലാശാലയും അദ്ദേഹത്തിന്റെ സേവനങ്ങളുടെ അംഗീകാരമായി ഡി. ലിറ്റ് നൽകിയും ആദരിച്ചിട്ടുണ്ട്.

1984 ൽ ലോകമലയാളി സമ്മേളനത്തിൽ പങ്കെടുക്കാനായി ജർമനിയിലെ ബർലിനിലേയ്ക്കുള്ള യാത്രയിലാണ് അദ്ദേഹം തികച്ചും ആകസ്മികമായി ട്യൂബിംഗൻ സർവകലാശാലയിലെ ഗ്രന്ഥശാലയിൽ സൂക്ഷിച്ചിരുന്ന ഗുണ്ടർട്ടിന്റെ രേഖാശേഖരം കണ്ടെത്തിയത്. മലയാളഭാഷാ പണ്ഡിതനായിരുന്ന ഹെർമൻഗുണ്ടർട്ട് തിരികെ ജർമ്മനിയിലേക്ക് പോയപ്പോൾ കൂടെക്കരുതിയ ഗ്രന്ഥശേഖരത്തിന്റെ ഒരു ഭാഗം അദ്ദേഹം ട്യൂബിംഗനിൽ ഏൽപ്പിച്ചിരുന്നതാണ്. ഈ കണ്ടെത്തലിലൂടെ മുമ്പെങ്ങും ആരും അറിയാതിരുന്ന നിരവധി ഗ്രന്ഥങ്ങൾ പുറംലോകത്തെത്തി. തുടർന്ന് ട്യൂബിംഗൻ സർവകലാശാല ഒരു മലയാളവിഭാഗം ആരംഭിക്കുകയും അതിന്റെ പ്രഥമ അദ്ധ്യക്ഷനായി ഡോ. സ്കറിയാ സക്കറിയയെ നിയമിക്കുകയുമുണ്ടായി. ജർമനിയിലായിരുന്നപ്പോൾ ഗുണ്ടർട്ടിന്റെ കുടുംബാംഗമായ ആൽബ്രഷ്ട് ഫ്രൻസിനൊപ്പം ചേർന്ന് ഗ്രന്ഥശേഖരം വിശകലനം ചെയ്യുകയും, അവയെ ആധാരമാക്കി നിരവധി ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. ഗുണ്ടർട്ട് ശേഖരത്തിലെ മലയാളഗ്രന്ഥങ്ങൾ ഡിജിറ്റൈസ് ചെയ്ത് ഇപ്പോൾ ലഭ്യമാണ്.

മാതൃഭാഷയിലുള്ള ജ്ഞാനം, ശരിയായതും വേഗത്തിലുമുള്ള ചിന്തയ്ക്ക് സഹായകമാകുന്നു. മറിച്ച് മാതൃഭാഷാപഠനം തൃപ്തികരമാകാതെ വന്നാൽ അത് ചിന്താവൈകല്യത്തിനു വരെ കാരണം ആകാം. ഇത് തന്നെ ആണ് മാതൃഭാഷാപഠനത്തിന്റെ ഏറ്റവും പ്രസക്തിയും. സാധാരണക്കാരെ നേർവീഥിയിലൂടെ നയിക്കുവാൻ മാതൃഭാഷയെപ്പോലെ സഹായകമാകുന്ന മറ്റൊന്നും ഇല്ല. മറ്റുള്ളവരെ ആശ്വസിപ്പിക്കുവാനും ധൈര്യപ്പെടുത്താനും തിരുത്തുവാനും ചിന്തിപ്പിക്കാനും ഏറ്റവും യോജിച്ച ഭാഷയും അത് തന്നെ. ഏത് ദേശത്ത് ആണെങ്കിലും മാതൃഭാഷയുടെ വൈകാരിക ശക്തി മറ്റേതൊരു ഭാഷയ്ക്കും ഉണ്ടാകുകയില്ല. നമ്മുടെ മാതൃഭാഷയ്ക്കു വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല. ഈ നിലപാടുകൾ മാറ്റേണ്ടത് അത്യാവശ്യമാണ്. മാതൃഭാഷയിൽ പുറത്തിറങ്ങുന്ന ദിനപ്പത്രങ്ങളും ലോകപരമായ അറിവുകൾ പ്രദാനം ചെയ്യുന്ന പുസ്തകങ്ങളും ശരിയായ ആത്മീയതയിലേക്ക് നയിക്കുവാൻ പ്രസിദ്ധീകരിക്കുന്ന ക്രൈസ്തവ മാസികകളും വായിക്കുന്നവരുടെ എണ്ണം കുറയുന്നു. എങ്കിലും മലയാള ഭാഷയെ പരിപോഷിപ്പിക്കാനുള്ള ശ്രമങ്ങൾ ഇന്നും നടന്നു കൊണ്ടിരിക്കുന്നു.

ദൈവവചനം മാതൃഭാഷയിൽ നമുക്ക് ലഭ്യമാകേണ്ടതിനു ദൈവം തിരഞ്ഞെടുത്തു ജ്ഞാനാത്മാവിനാൽ നിറച്ച ഡോക്ടർ ഹെർമൻ ഗുണ്ടർട്ടിനെക്കുറിച്ചു നേർവീഥിയുടെ 2022 ഫെബ്രുവരി ലക്കം മുതൽ തുടർച്ചയായി പ്രസിദ്ധീകരിച്ചു വരുന്നു. മലബാറിലുള്ളവർ ഇന്നും തികഞ്ഞ ബഹുമാനാദരവുകളോടെ ഓർമ്മയിൽ സൂക്ഷിക്കുന്ന ഒരു മഹത് പ്രതിഭയാണ് ഇദ്ദേഹം.

# ദൈവവചനവും പരിശുദ്ധാത്മാവും

പ്രശസ്ത ആംഗലേയ സാഹിത്യകാരനായ സർ വാൾട്ടർ സ്കോട്ട്, ഫോർഡിലുള്ള തന്റെ മനോഹരമായ ഭവനത്തിൽ മരണാസന്നനായി കിടക്കുന്ന സമയം, തന്നെ ശുശ്രൂഷിക്കുന്ന മരുമകൻ ലോക്കാർട്ടിനോട്, സ്കോട്ട് ഇങ്ങനെ പറഞ്ഞു:"Plesae bring me the book" ഇത് കേട്ട് ആയിരക്കണക്കിന് പുസ്തകങ്ങളുള്ള അദ്ദേഹത്തിന്റെ ലൈബ്രറിയിൽ നിന്ന് ഏത് പുസ്തകം എടുത്തു കൊടുക്കണമെന്നറിയാതെ ലോക്കാർട്ട് ചോദിച്ചു. ഏത് പുസ്തകം? മറുപടി പെട്ടന്നായിരുന്നു. "My son, this is the only one book, Bring the Bible'.

ദൈവശ്വാസീയം ആയ വിശുദ്ധ ബൈബിളിനെ മനസ്സിൽ കൊണ്ടുനടക്കുന്ന പ്രശസ്ത സാഹിത്യകാരന്മാർ, പ്രമുഖ ശാസ്ത്രജ്ഞന്മാർ, രാഷ്ട്രീയനേതാക്കൾ തുടങ്ങിയവരുടെ ഒരു നീണ്ടനിര ഇന്നും ലോകത്തുണ്ട്. ദൈവവചനം സ്വന്തം ഭാഷയിൽ ലഭിക്കാത്ത ഗോത്രഭാഷക്കാരും ജനവിഭാഗങ്ങളും ഭൂമുഖത്തുണ്ടെന്നുള്ള കാര്യവും ഇവിടെ ഓർക്കാതെ വയ്യ. ഒപ്പം ബൈബിളിന്റെ പല വേർഷനുകളും പല വലിപ്പത്തിലും രൂപത്തിലുമുള്ള ഡസൻകണക്കിന് ബൈബിളുകൾ സ്വന്തമായുള്ള വീടുകളും ലോകത്ത് സുലഭമാണ്! എന്നാൽ, ദൈവവചനം ദിനംതോറും കണ്ടെത്തി ഭക്ഷിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു എന്നത് ദു:ഖസത്യമാണ്. ചിലർക്ക്, ബൈബിൾ പ്രസംഗസഹായിയും വിജ്ഞാനോപാധിയും മാത്രമാണ്. മറിച്ച് പ്രാർത്ഥനയോടും ധ്യാനത്തോടും നിരന്തരം വായിക്കുകയും പഠിക്കുകയും ചെയ്യുന്ന ശീലമാണ് ബൈബിൾസ്നേഹികൾക്ക് വേണ്ടത്. ബൈബിളിന്റെ യഥാർത്ഥ എഴുത്തുകാരൻ പരിശുദ്ധാത്മാവാകുമ്പോൾ പരിശുദ്ധാത്മാവിന്റെ സഹായം തേടിയുള്ള മനനമാണ് നമ്മിൽ നിന്നും വരേണ്ടത്. ഒരു വ്യക്തി ദൈവവചനം പങ്കുവയ്ക്കുമ്പോൾ പരിശുദ്ധാത്മാവ് ശ്രോതാവിന്റെ ഉള്ളിൽ ക്രിയ ചെയ്യുന്നതു വഴിയാണ് പാപബോധവും മാനസാന്തരവും സംഭവിക്കുന്നത്. അപ്രകാരം നടക്കുന്ന പാപിയുടെ മാനസാന്തരത്തിലാണ് സ്വർഗം സന്തോഷിക്കുക! അതുപോലെ വിശുദ്ധന്മാരുടെ ആത്മീകമന്ദതയിൽ നിന്ന് അവരെ ഉണർത്തി യഥാസ്ഥാനപ്പെടുത്തുന്നതും പരിശുദ്ധാത്മാവാം ദൈവമാണ്. പരിശുദ്ധാത്മാവിനെ ബൈപ്പാസ് ചെയ്യുന്ന ബൈബിൾക്ലാസുകളും പ്രസംഗങ്ങളും, സംവാദങ്ങളും പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുകയേയുള്ളൂ. അപ്പോസ്തലനായ പൗലോസ് പരിശുദ്ധാത്മാവിനാൽ കർത്താവിൽ നിന്ന് പ്രാപിച്ച വചനങ്ങളാണ് സഭയ്ക്ക് എഴുതിയതും ഉപദേശിച്ചതും. ഇന്ന് ചില പ്രസംഗകരുടെയും അപ്പോളജിസ്റ്റികളുടെയും 'ഫാനുകളായി' കിൻഡർഗാർട്ടൻ വിദ്യാർഥികളെ പോലെ പട്ടണം തോറും സഞ്ചരിച്ച് പ്രസംഗം കേട്ടുനടക്കുന്ന വചനസ്നേഹികളെ കാണാം! അവരിൽ പലർക്കും വചനചിന്തകളുടെ അനുസരണത്തേക്കാളുപരി വാഗ്വിലാസത്തോടും സരസമായ ശൈലിയിലും ഉള്ള പ്രസംഗകരുടെ 'പെർഫോമൻസി'നോടാണ് ആഭിമുഖ്യം. പലപ്പോഴും വചനത്തിന്റെ ആൾരൂപമായ ക്രിസ്തു, സഭയ്ക്ക് വെളിയിലാണ്. പഴയനിയമസഭയോടുള്ള തീഷ്ണമായ ദൈവശബ്ദം പുതിയനിയമസഭയ്ക്കും ആപ്ലിക്കബിളാണ്. അത് ഇങ്ങനെ: 'സ്വപ്നം കണ്ട പ്രവാചകൻ സ്വപ്നം വിവരിക്കട്ടെ, എന്റെ വചനം ലഭിച്ചിരിക്കുന്നവൻ എന്റെ വചനം വിശ്വസ്തതയോടെ പ്രസ്താവിക്കട്ടെ; വൈക്കോലും ഗോതമ്പും തമ്മിലൊക്കുമോ എന്നു യഹോവയുടെ അരുളപ്പാട്. എന്റെ വചനം തീ പോലെയും പാറയെ തകർക്കുന്ന ചുറ്റിക പോലെയും അല്ലോ എന്ന് യഹോവയുടെ അരുളപ്പാട് (യിരമ്യാവ് 23:28, 29). അതേ, ജീവാഹാരമായ വചനം പരിശുദ്ധാത്മാവിന്റെ സഹായത്തോടെ ദിനംതോറും ധ്യാനിച്ച് നമുക്ക് വളരാം, സന്തുഷ്ടരാകാം.

–എംസി


*Bank Account Details:*

Righteous Path Publication Trust
A/c No. 031505300011215
IFS Code: SIBL 0000315

KANJIKUZHY - KOTTAYAM

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

വാർഷിക വരിസംഖ്യ 250 രൂപ

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*

RNI No. KERMAL/2012/46138
Date of Publishing 10.11.2022

NERVEEDHI - NOVEMBER 2022
Annual Subscription ₹ 250.00
(Per copy ₹ 25.00)


# ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ




എല്ലാ വിലകളും പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678


Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.